പ്രാദേശിക ഭരണനിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം- 28

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312,
(ഡെപ്യൂട്ടി ഡയറക്ടർ) 2207003
ഇ-മെയിൽ : **info@kila.ac.in**
വെബ് സൈറ്റ് : **www.kila.ac.in**
കില ഹെൽപ്പ് ഡെസ്ക് : 0487-2455000

പ്രാദേശിക ഭരണനിർവ്വഹണം
സർക്കാർ ഉത്തരവുകളും സർക്കുലറുകളും
വോള്യം- 28

ചീഫ് എഡിറ്റർ
ഡോ. ജോയ് ഇളമൺ,
ഡയറക്ടർ ജനറൽ, കില

എഡിറ്റർ
ഷഫീക്ക് പി എം,
ഡപ്യൂട്ടി ഡയറക്ടർ, കില

സമാഹരണം
ആർ ബാലഗംഗാധരൻ,
ഹെൽപ്പ് ഡെസ്ക്, കില
സി പി സുനിൽ,
ഹെൽപ്പ് ഡെസ്ക്, കില
വി.ജി ശശിധരൻ,
ഹെൽപ്പ് ഡെസ്ക്, കില
വി. കലാധരൻ,
ഹെൽപ്പ് ഡെസ്ക്, കില

നവംബർ 2022

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ (ഓഫീസ്) (0487) 2207000,
(ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207003
ഇ-മെയിൽ : info@kila.ac.in
വെബ് സൈറ്റ് : www.kila.ac.in
കില ഹെൽപ്പ് ഡെസ്ക് : 0487-2455000

ലേ ഔട്ട് &കവർ - രാജേഷ് താണിക്കുടം
കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ്

അച്ചടി
ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട്.പി.ഒ, പാലക്കാട്. ഫോൺ- 04912566253

ആമുഖം

പ്രാദേശിക ഭരണനിർവഹണത്തിന്റെ ഭാഗമായ ദൈനംദിന പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ഗവണ്മെന്റും വിവിധ വകുപ്പുകളും പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് കില പ്രസിദ്ധീകരിച്ചുവരികയാണ്. അവയുടെ 21 മുതൽ 26 വരെയുള്ള വോള്യങ്ങൾ 2018 ജൂൺ മാസത്തിലാണ് പ്രസിദ്ധീകരിച്ചത്.

അതിനുശേഷം നമ്മുടെ സംസ്ഥാനം കടന്നുപോയത് ദുരന്തങ്ങളുടെ ഒരു കാലഘട്ടത്തിലൂടെയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടുതന്നെ ഉത്തരവുകളുടെയും സർക്കുലറുകളുടെയും തുടർന്നുള്ള വോള്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുള്ളതാണ്. പ്രളയവും കോവിഡും അതിജീവിച്ച് നമ്മുടെ സംസ്ഥാനവും തദ്ദേശസ്ഥാപനങ്ങളും പുതിയ കാലത്തിനൊത്ത വികസന ക്ഷേമപ്രവർത്തനങ്ങളിലേക്ക് കടന്നിരിക്കുകയാണ്. കോവിഡാനന്തര കാലത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് നേരിട്ടും ഓൺലൈനായുമുള്ള പരിശീലന പരിപാടികളുമായി കില തദ്ദേശസ്ഥാപനങ്ങളോടൊപ്പം സജീവമാവുകയാണ്. ഈ അവസരത്തിൽ 2017–18 മുതൽ ഉള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് 27, 28, 29 വോള്യങ്ങളായി കില പ്രസിദ്ധീകരിക്കുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിനും ഈ പ്രസിദ്ധീകരണം പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.

ഈ സംരംഭത്തിന് മുൻകൈ എടുത്ത കിലയുടെ ഫാക്കൽറ്റി അംഗങ്ങൾ, കില ഹെൽപ്പ് ഡെസ്കിലെ ശ്രീ. ആർ ബാലഗംഗാധരൻ, ശ്രീ. സി പി സുനിൽ, ശ്രീ.വിജിശശിധരൻ, ശ്രീ വി കലാധരൻ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

കില
25.11.2022

ഡോ. ജോയ് ഇളമൺ
ഡയറക്ടർ ജനറൽ, കില

അദ്ധ്യായം	ഉള്ളടക്കം	പേജ് നമ്പർ	
		മുതൽ	വരെ
1.	ജനറൽ	11	215
2.	പൊതുഭരണം	217	380
3.	ജനപ്രതിനിധികൾ/മീറ്റിങ്ങുകൾ	381	389

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ
1. ജനറൽ				
1.1	നോട്ടിഫിക്കേഷൻ നമ്പർ 84 45/ലെഗ്.ഡി.2/2017/നിയമം	10.04.2017	2017 ലെ മലയാള ഭാഷ ഓർഡിനൻസ്	13
1.2	സർക്കുലർ നമ്പർ NMA1/ 37000/2018/ഡിപിഐ	30.05.2018	പൊ.വി. - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്	23
1.3	G.O.(P) 46/2018/LSGD	18.06.2018	Kerala Real Estate (Regulation and Development) Rules, 2018	52
1.4	സ.ഉ.(കൈ)51/2018/വ്യവ.	20.07.2018	കേരള വ്യവസായ നയം 2018 - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു	147
1.5	G.O.(P)10/2019/LSGD	13.02.2019	Street Vendors (Protection of Livelihood and Regulation of Street Vending Act 2014) (Central Act 7 of 2017) Street Vending Licencing Scheme 2019	176
1.6	സ.ഉ.(സാധാ)386/2019/ത സ്വഭവ	22.02.2019	രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് കെട്ടിടം വാടകരഹിതമായി അനുവദിക്കാൻ ഉത്തരവ്	199
1.7	സ.ഉ.(കൈ)30/2019/തസ്വഭവ	06.03.2019	സാംസ്കാരിക വകുപ്പ് - വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി - പ്രാദേശിക സർക്കാരുകൾ മുഖേന നിർവ്വഹണം - മാർഗ്ഗരേഖ	201
1.8	DSRL.1168/2019/F1	29.03.2019	സർവ്വേയും ഭൂരേഖയും - നികുതിയേതര വരുമാനങ്ങൾ - വിവിധയിനം രേഖകളുടെ വില പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് നടപടികൾ	214
2. പൊതുരേഖ				
2.1	സ.ഉ.(സാധാ)3065/2018/ധ ന	31.03.2018	പൊതു ആവശ്യ ഫണ്ട് - ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും റവന്യു കളക്ഷൻ ഇൻസെന്റീവും ബോണസ്സും ബാക്കി വന്ന തുകയും അനുവദിച്ച് ഉത്തരവാകുന്നു.	219
2.2	സ.ഉ.(സാധാ)1180/2018/ത സ്വഭവ	25.04.2018	പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം - കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച ഉത്തരവ്	251
2.3	സി.2/15471/2018/തസ്വഭവ	16.05.2018	പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ സംരക്ഷിക്കാൻ നിബന്ധനകൾ	253
2.4	ഡി3/29646/2017/പഞ്ചായ ത്ത് ഡയറക്ടർ	16.05.2018	ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	256
2.5	സ.ഉ.(സാധാ)1413/2018/ത സ്വഭവ	22.05.2018	വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ	264
2.6	സർക്കുലർ നമ്പർ ഡി.എം.1/217/ 2018/DMD	28.05.2018	മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ	269
2.7	ഡി.എ.3/269/2018/തസ്വഭവ	29.05.2018	തെരുവ് വിളക്ക് പരിപാലനം - മാർഗ്ഗനിർദ്ദേശങ്ങൾ	279
2.8	സ.ഉ.(സാധാ)1591/2018/ത സ്വഭവ	12.06.2018	തദ്ദേശ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ ചെലവ് അനുമതി	280
2.9	സർക്കുലർ നമ്പർ 44/96398/2016/PHQ	23.06.2018	പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക്, റബ്ബർ മുതലായവ കത്തിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സംബന്ധിച്ച്	281
2.10	പാൻ/24693/2018/സി.4 ഡി.പി.	26.11.2018	അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികൾ മറ്റ് വളർത്തുമൃഗങ്ങൾ എന്നിവ കാരണം സാധാരണ ജീവിതം ദുസ്സഹമാക്കുന്നതും വാഹനാപകടം ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്	282
2.11	സ.ഉ. (സാധാ)നം. 246/2019/ തസ്വഭവ	04.022019	പുതിയ ഗ്രാമപഞ്ചായത്തുകളുടെ നഗരസഭകളുടെയും രൂപീകരണം, അതിർത്തി പുനർനിർണ്ണയം, പദവി ഉയർത്തൽ എന്നിവ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായുള്ള കമ്മറ്റിയുടെ കാലാവധി ദീർഘിപ്പിച്ച്	285
2.12	222/ഡി.എ3/2018/തസ്വഭവ	25.06.2018	കുടിവെള്ള വിതരണ പദ്ധതിയിലെ അഴിമതി-രേഖകൾ സൂക്ഷിക്കുന്നത് - സംബന്ധിച്ച്	287
2.13	ജി.ഒ.(എം.എസ്.)88/2018/ തസ്വഭവ	29.06.2018	കേരള ലോക്കൽ ഗവ. സർവ്വീസ് ഡെലിവറി പ്രോജക്ട് (KLGSDP) - രണ്ടാം ഘട്ടം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ്	289

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ
2.14	സ.ഉ.(സാധാ)1972/2019/ത സ്വഭവ	20.07.2018	കേരളോത്സവം, 2018 - തുക ചെലവഴിക്കുന്നതിനുള്ള അനുമതി	304
2.15	സ.ഉ.(സാധാ)2147/2018/ത സ്വഭവ	04.08.2018	ഐ.എസ്.ഒ. സർട്ടിഫിക്കേഷന് ടി.ക്യു സർവ്വീസിന് കരാർ ഒപ്പുവയ്ക്കാൻ ഫൈൻ ഈടാക്കാൻ അനുമതി നൽകി ഉത്തരവ്	305
2.16	സ.ഉ.(കൈ)114/2018/തസ്വഭ വ	17.08.2018	കാലവർഷ കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ - ദുരിതാശ്വാസ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ	307
2.17	സ.ഉ.(സാധാ)2267/2018/ത സ്വഭവ	17.08.2018	പ്രളയകെടുതി - തദ്ദേശ സ്ഥാപനങ്ങൾ നടത്തേണ്ട ശുചീകരണ പ്രവൃത്തികൾ സംബന്ധിച്ച്	309
2.18	സ.ഉ.(സാധാ)2556/2018/ത സ്വഭവ	04.10.2018	തദ്ദേശ സ്ഥാപനങ്ങളിൽ ജി.ഐ.എസ്. മാപ്പിങ് നടത്തുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങൾക്ക് ഊരാളുങ്കൽ ലേബർ സൊസൈറ്റി മുഖാന്തിരം ജി.ഐ.എസ്. മാപ്പിങ് ചെയ്യാൻ യഥേഷ്ടാനുമതി	312
2.19	ആർ.സി.2/41/2018/തസ്വഭവ	06.10.2018	ബോർഡുകൾ/ബാനറുകൾ എന്നിവ സ്ഥാപിക്കാൻ അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	314
2.20	സർക്കുലർ നമ്പർ 648/ ഡി.സി.1/2017/തസ്വഭവ	09.10.2018	ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താൻ പരിശോധന നടത്തുന്നതിന് നിർദ്ദേശം	317
2.21	PAN/23995/2018/C7(DP)	15.10.2018	പഞ്ചായത്ത് വകുപ്പ് - പൊതുനിരത്തുകളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ ഹോൾഡിംഗുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ	319
2.22	സ.ഉ.(പി)162/2018/ഫിൻ	22.10.2018	Formalities/Procedures to be followed for deducting and depositing the TDS under GST Act þ Orders	323
2.23	സ.ഉ.(സാധാ)2733/2018/ത സ്വഭവ	26.10.2018	പരസ്യ ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച്	325
2.24	സി.2/15471/2018/തസ്വഭവ	08.11.2018	പുറംപോക്ക് വസ്തുക്കളുടെയും ആസ്തികളുടെയും സംരക്ഷണം സംബന്ധിച്ച് നിർദ്ദേശങ്ങൾ	328
2.25	സ.ഉ.(കൈ)175/2018/തസ്വഭ വ	24.11.2018	ദേശീയപാത നിർമ്മാണത്തിന് തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്/പുറമ്പോക്ക് ഭൂമി എന്നിവ ഏറ്റെടുത്ത് നൽകാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ്	337
2.26	പിഎ.എൻ/24693/2018/സി 4(ഡി.പി)	26.11.2018	അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളെ മാറ്റി അപകടങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച്	340
2.27	സ.ഉ.(സാധാ)3226/2018/ത സ്വഭവ	22.12.2018	അക്രഡിറ്റേഷന് വേണ്ടിയുള്ള പരിഷ്കരിച്ച പരിശോധനാ ഫോറം സംബന്ധിച്ച്	343
2.28	ഡിഎ.1/881/2018/തസ്വഭവ	26.12.2018	കുഷ്ഠരോഗം തുടക്കത്തിൽ കണ്ടുപിടിച്ചു ചികിത്സിക്കാൻ സർവ്വേ നടത്തുന്നത് സംബന്ധിച്ച്	355
2.29	സ.ഉ.(കൈ)195/2018/തസ്വഭ വ	29.12.2018	കുടുംബശ്രീ-ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ്	356
2.30	സ.ഉ.(സാധാ)113/2019/തസ്വ ഭവ	21.01.2019	പരസ്യ ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കുന്നത് സംബന്ധിച്ച ഉത്തരവ്.	357
2.31	സ.ഉ.(സാധാ)116/2019/തസ്വ ഭവ	22.01.2019	അന്തദ്യോയ സർവ്വേ ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ	360
2.32	സ.ഉ.(സാധാ)210/2019/തസ ്വഭവ	31.01.2019	പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രോജക്ട് - കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത് സംബന്ധിച്ച്	363
2.33	സ.ഉ.(സാധാ)246/2019/ത സ്വഭവ	04.02.2019	പഞ്ചായത്ത്/നഗരസഭകൾ - രൂപീകരണം പദവി ഉയർത്തൽ - ശുപാർശകൾ സമർപ്പിക്കുന്നതിനുള്ള സമിതിയുടെ കാലവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്	364

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ
2.34	സ.ഉ.(സാധാ)329/2019/ത സ്വഭവ	15.02.2019	2017-18 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകളെ തെരഞ്ഞെടുത്തുകൊണ്ടുള്ള ഉത്തരവ്	366
2.35	സ.ഉ.(സാധാ)468/2019/ത സ്വഭവ	01.03.2019	പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് നഗരസഭകൾക്ക് Pretab Design Technology ഉപയോഗിച്ച് ഓഫീസ് കെട്ടിടം പണിയുന്നതിന് നിർവ്വഹണ ഏജൻസിയെ ചുമതലപ്പെടുത്തൽ	372
2.36	സ.ഉ.(സാധാ)500/2019/ത സ്വഭവ	02.03.2019	കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാനും തുക ചെലവഴിക്കാനും അനുമതി	374
2.37	സ.ഉ.(സാധാ)504/2019/പെ ാഭവ	02.03.2019	പരസ്യ ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പൊതു ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.	376
2.38	ഡിഎ.1/87/2019/തസ്വഭവ	08.03.2019	ജി.എസ്.ടി. രജിസ്ട്രേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രം മതിയാകും	379

3.ജനപ്രതിനിധികൾ/മീറ്റിങ്ങുകൾ

3.1	സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - ഫാറം - അനുബന്ധം 1 (ആകസ്മിക ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫാറം)		തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗം/ കൗൺസിലർ/മേയർ/ഡെപ്യൂട്ടി മേയർ/ ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലുള്ള ആകസ്മിക ഒഴിവ് സംബന്ധിച്ച വിവരം	383
3.2	സ.ഉ.(ആർടി)1953/2018/ത	18.07.2018	തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങൾക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽ പങ്കെടുക്കുന്നതിന് സിറ്റിങ്ങ് ഫീ സംബന്ധിച്ച്	385
3.3	സ.ഉ.(സാധാ)3037/2018/ത	30.11.2018	ആസൂത്രണ സമിതി അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ്, യാത്രാബത്ത കിലയിൽ നിന്നും നൽകാൻ ഉത്തരവ്	387
3.4	സ.ഉ.(സാധാ)23/2019/തസ്വ ഭവ	04.10.2019	ആസൂത്രണ സമിതി അംഗങ്ങൾക്ക് യാത്രാപ്പടി തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി	398

1. ജനറൽ

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 6 / Vol. VI | തിരുവനന്തപുരം, തിങ്കൾ / Thiruvananthapuram, Monday | 2017 ഏപ്രിൽ 10 / 10th April 2017 | 1192 മീനം 27 / 27th Meenam 1192 | 1939 ചൈത്രം 20 / 20th Chaithra 1939 | നമ്പർ / No. 705

കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-ഡി) വകുപ്പ്

വിജ്ഞാപനം

നമ്പർ 8445/ലെഗ് ഡി2/2017/നിയമം — *തിരുവനന്തപുരം,* 2017 ഏപ്രിൽ 10. / 1192 മീനം 27 / 1939 ചൈത്രം 20.

2017 ഏപ്രിൽ 10-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തിയ ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ വകുപ്പ് സെക്രട്ടറി.

33/1245/2017/S-7.

2017-ലെ 5-ാം നമ്പർ ഓർഡിനൻസ്

2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബന്ധ ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷ നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും ;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "വിദ്യാലയങ്ങൾ" എന്നാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.സി.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മറ്റ് ഏതെങ്കിലും ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ളതുമായ എല്ലാ സ്കൂളുകളും എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ഓർഡിനൻസിൻ കീഴിലുണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധിത ഭാഷയാക്കണമെന്ന്.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ ഉത്തരവുകളിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള ക്ലാസ്സുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ മലയാളം ഒരു നിർബന്ധിത ഭാഷയായി പഠിപ്പിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

(3) (2)-ാം ഉപവകുപ്പ് പ്രകാരം മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ വിദ്യാലയങ്ങളിൽ നടത്തുവാൻ പാടുള്ളതല്ല.

(4) ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്ത് വന്ന് പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസ്സുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള ഭാഷ അദ്ധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം പത്താം തരം പരീക്ഷയിൽ മലയാള ഭാഷയിലുള്ള പരീക്ഷയിൽ നിന്നും അവരെ ഒഴിവാക്കാവുന്നതാണ്.

(5) സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.സി.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മുതലായ ബോർഡുകളുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനുവേണ്ടിയുള്ള ഒരു നിബന്ധനയായി നിർബന്ധിത മലയാള ഭാഷാപഠനം ഏർപ്പെടുത്തേണ്ടതും അപ്രകാരം നിർബന്ധിത ഭാഷാപഠനം ഏർപ്പെടുത്തിയിട്ടില്ലാത്ത വിദ്യാലയങ്ങളുടെ നിരാക്ഷേപപത്രം റദ്ദാക്കേണ്ടതുമാണ്.

(6) കേരള എഡ്യൂക്കേഷൻ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നിർബന്ധിത മലയാള ഭാഷാപഠനം ഒരു നിബന്ധനയാക്കേണ്ടതാണ്.

(7) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

4. ഓർഡിനൻസിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.—(1) ഈ ഓർഡിനൻസിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ ലംഘിക്കുന്ന വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരെ അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കേണ്ടതാണ്.

(2) സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ വിദ്യാഭ്യാസ ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ അപ്രകാരമുള്ള പിഴ പ്രസ്തുത പ്രധാന അദ്ധ്യാപകരിൽ നിന്നും നിർണ്ണയിക്കാവുന്ന രീതിയിൽ ഈടാക്കേണ്ടതാണ്.

(3) അപ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്നപക്ഷം അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ സംഗതിയിൽ, പ്രസ്തുത വിദ്യാലയത്തിന്റെ അംഗീകാരം റദ്ദാക്കുന്നതും, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.സി.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വിദ്യാലയങ്ങൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപപത്രം നിർണ്ണയിക്കാവുന്ന രീതിയിൽ റദ്ദാക്കുകയും ചെയ്യുന്നതാണ്.

5. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ഓർഡിനൻസിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചായായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

6. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവ് വഴി, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

പി. സദാശിവം,
ഗവർണ്ണർ.

GOVERNMENT OF KERALA

Law (Legislation-D) Department

NOTIFICATION

No. 8445/Leg.D2/2017/Law. *10th April, 2017.*

Dated, Thiruvananthapuram, *27th Meenam, 1192*

20th Chaithra, 1939.

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is Pleased to authorise the publication in the Gazette of the following translation in English language of the Malayalam Language (Compulsory Language) Ordinance, 2017 (5 of 2017)

By order of the Governor,

B. G. HARINDRANATH,
Law Secretary.

[Translation in English of the "2017ലെ മലയാള ഭാഷാ (നിർബന്ധിത ഭാഷ) ഓർഡിനൻസ്" published under the authority of the Governor.]

ORDINANCE No. 5 OF 2017

THE MALAYALAM LANGUAGE (COMPULSORY LANGUAGE) ORDINANCE, 2017

Promulgated by the Governor of Kerala in the year of Sixty-eighth year of the Republic of India.

AN

ORDINANCE

to provide for teaching Malayalam as a Compulsory language in all educational institutions in the State and for matters connected herewith or incidental thereto.

Preamble.—WHEREAS, it is expedient to provided for teaching Malayalam as Compulsory language in all educational institutions in the State and for matters connected herewith or incidental thereto;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exists which render it necessary for him to take immediate action;

NOW THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Malayalam Language (Compulsory Language) Ordinance, 2017.

(2) It shall come into force at once.

2. *Definitions.*—In this Ordinance, unless the context otherwise requires,—

(a) 'Government' means Government of Kerala;

(b) 'Educational Institutions' mean all Government, Aided, Un-aided, Self financing institutions and all the schools functioning in the State under the control of the Central Board of Secondary Education (CBSE), Indian Council of Secondary Education (ICSE) and other Boards.

(c) 'Prescribed' means prescribed by Rules under this Ordinance;

(d) 'State' means the State of Kerala.

3. *Malayalam to be a compulsory language in all the schools in the State.*—(1) Notwithstanding anything contained in any Act for the time being in force or any rules or orders made there under, Malayalam shall be taught as a compulsory language from classes first standard to tenth standard in all schools starting from the academic year 2017-2018 in the State.

(2) No restriction shall be imposed for speaking Malayalam in the schools of the State either directly or indirectly.

(3) No board or notice imposing restrictions in speaking Malayalam language in any manner shall be displayed or campaign conducted for that purpose as provided in sub-section (2).

(4) In case students coming from other states or foreign countries, who pursue studies in the State and who find it difficult to study Malayalam, may be exempted from the Malayalam language examination in the tenth standard.

(5) In the case of schools under Central Board of Secondary Education (CBSE), Indian Council of Secondary Education (ICSE) Boards etc. compulsory Malayalam language studying shall be a pre condition for granting No Objection Certificate and the No Objection Certificate of such schools who have not provided for such compulsory study shall be cancelled.

(6) Compulsory Malayalam language study shall be made as a condition for granting recognition for unaided Schools under the provisions of Kerala Education Act and Rules.

4. *Penalty for violation of Provisions of Ordinance and Rules.*—(1) The Headmasters of schools violating the provisions of this Ordinance and Rules shall be punished with a fine of Rupees five thousand.

(2) An Officer not below the rank of Director of Education authorized in this behalf shall recover such fine from the said Head Masters in the manner as may be prescribed.

(3) In the case of unaided schools, the recognition of the said schools shall be cancelled for three violations of such nature and in the case of schools under the CBSE, ICSE Boards, the No Objection Certificate granted to such schools shall be cancelled in the manner as may be prescribed.

5. *Power to make rules.*—The Government may, by notification in the Gazette, make rules with prospective or retrospective effect, for the purpose of carrying out the provisions of this ordinance.

(2) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

6. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Ordinance, the Government may by order published in the Gazette do anything not inconsistent with the provisions of this Ordinance, which appears to them to be necessary or expedient for removing the difficulty:

33/1245/2017/S-7.

Provided that no Order shall be made under this section after the expiration of two years from the date on which this Ordinance comes into force.

(2) Every order published under this section shall, as soon as may be after its publication, be laid before the Legislative Assembly.

P. SATHASIVAM,
GOVERNOR.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2017.

നം. എൻ.എം.എ1/37000/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 30. 05. 2018.

സർക്കുലർ

വിഷയം: പൊ.വി. - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - 2018 -19 - സ്കൂൾതലം മുതൽ റവന്യൂ ജില്ലാ തലം വരെയുള്ള പദ്ധതി നടത്തിപ്പ് - പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1. സർക്കാർ ഉത്തരവ് (അച്ചടി) നം.33/89/പൊ.വി.വ തീയതി 17/04/1989
2. കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം 2006 ൽ പുറപ്പെടുവിച്ച ഉച്ചഭക്ഷണ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ (MDM Guidelines 2006)
3. കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ച 30/09/2015 ലെ മിഡ് ഡേ റൂൾസ് (ഗ്രസറ്റ് വിജ്ഞാപനം G.S.R 743(E) dated 30/09/2015)
4. സർക്കാർ ഉത്തരവ് (സാധാ)നം.948/2016/പൊ.വി.വ തീയതി 03/03/2016
5. സർക്കാർ ഉത്തരവ് (സാധാ) നം. 2911/2016/പൊ.വി.വ തീയതി 05/09/2016

****

ജാതി-മത, ലിംഗ-വർണ്ണ-വർഗ്ഗ വിവേചനമില്ലാതെ സാമൂഹികപരവും, ആരോഗ്യപരവും, വിദ്യാഭ്യാസപരവുമായി മുന്നോക്കം നിൽക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി, 2018-19 അദ്ധ്യായന വർഷവും മികച്ച നിലവാരത്തോടും കാര്യക്ഷമമായും നടപ്പിലാക്കുവാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണെന്ന ഓർമ്മപ്പെടുത്തലോടെ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയിലെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പോഷക സമൃദ്ധവും ഗുണമേൻമയുള്ളതുമായ ഉച്ചഭക്ഷണം ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച്കൊണ്ട് നൽകുന്നതിന് സൂചനയിലെ നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാവണം സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെ പദ്ധതി നടപ്പിലാക്കേണ്ടത്.

1.സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കൾ

a) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾ
b) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ നടത്തുന്ന, പ്രി.ടി.എ. നടത്തുന്നതുൾപ്പെടെ) അംഗീകാരമുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾ. (2011-12 അദ്ധ്യയന വർഷം വരെ ഉച്ചഭോജനം നൽകിവന്നിരുന്ന പ്രീ-പ്രൈമറി വിഭാഗം കുട്ടികൾക്ക് തുടർന്നും ഉച്ചഭക്ഷണം നൽകാവുന്നതാണ്. എന്നാൽ ടി വർഷത്തിനുശേഷം ആരംഭിച്ചിട്ടുള്ളതും അംഗീകാരം ലഭിക്കാത്തതുമായ പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളെ ഉച്ചഭോജന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല.)
c) എം.ജി.എൽ.സി./ബദൽ സ്കൂളുകളിലെ കുട്ടികൾ
d) സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ
e) ടെക്നിക്കൽ ഹൈസ്ക്കൂളിലെ 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾ

2. ഭക്ഷണത്തിന്റെ അളവും കലോറി മൂല്യം പ്രോട്ടീൻ എന്നിവ സംബന്ധിച്ച വിവരങ്ങളും

ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് പ്രതിദിനം ലഭിക്കേണ്ട ഭക്ഷണത്തിന്റെ അളവും, കലോറി മൂല്യം, പ്രോട്ടീൻ എന്നിവ സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു.

ആഹാരം	പ്രൈമറി			അപ്പർ പ്രൈമറി		
	അളവ് (ഗ്രാമിൽ)	കലോറി	പ്രോട്ടീൻ (ഗ്രാമിൽ)	അളവ് (ഗ്രാമിൽ)	കലോറി	പ്രോട്ടീൻ (ഗ്രാമിൽ)
അരി	100	340	8	150	510	14
പയറുവർഗ്ഗങ്ങൾ	30	105	5	30	105	6.60
പച്ചക്കറി (ഇലവർഗ്ഗങ്ങൾ ഉൾപ്പെടെ)	50	25	--	75	37	--
എണ്ണയും കൊഴുപ്പും	5	45	--	7.5	68	--
തേങ്ങ	5	17.7	--	5	17.7	--

സ്പെഷ്യൽ സ്കൂളുകളിലെ 12 വയസ് വരെയുള്ള കുട്ടികളെ പ്രൈമറി വിഭാഗത്തിലും, 12 വയസ്സിനു മുകളിലുള്ള കുട്ടികളെ അഷർ പ്രൈമറി വിഭാഗത്തിലും ഉൾപ്പെടുത്തിയാണ് ഉച്ചഭക്ഷണം നൽകേണ്ടത്.

3. പാചക ചെലവും പാചകതൊഴിലാളികളുടെ ഓണറേറിയവും

എ) പാചക ചെലവിന് അനുവദിക്കുന്ന തുക

പാചക ചെലവിനുള്ള തുക പ്രധമധ്യാപകരുടെ ഉച്ചഭക്ഷണ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് (കറണ്ട് അക്കൗണ്ട്) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് നേരിട്ട് ഇ-ട്രാൻസ്ഫർ ചെയ്ത് നൽകുന്നു. ഉച്ചഭക്ഷണ പദ്ധതിയ്ക്കായി അനുവദിക്കുന്ന അരിയുടെ വില, ഭക്ഷണം പാചകം ചെയ്യുന്നതിന് പാചകതൊഴിലാളികൾക്കു നൽകുന്ന ഓണറേറിയം എന്നിവ ഒഴികെയുള്ള ചെലവുകളെയാണ് പാചക ചെലവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പാചക ചെലവിന് അനുവദിക്കുന്ന തുകയുടെ നിലവിലെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

i) 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ

ii) 151 മുതൽ 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് പ്രതിദിനം 8 രൂപയും തുടർന്ന് 151 മുതൽ 500 വരെ വരുന്ന 350 കുട്ടികൾക്ക് പ്രതിദിനം കുട്ടിയൊന്നിന് 7 രൂപയും.

iii) 500-നു മുകളിൽ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിന് പ്രതിദിനം 8/- രൂപയും, തുടർന്നുള്ള 350 കുട്ടികൾക്ക് (151 മുതൽ 500 വരെ) കുട്ടിയൊന്നിന് പ്രതിദിനം 7/- രൂപയും 500 ന് മുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 6/- രൂപയും.

ബി) സ്കൂൾ ഉച്ചഭക്ഷണ പാചകതൊഴിലാളികളുടെ ഓണറേറിയം

പാചകതൊഴിലാളികൾക്കുള്ള ഓണറേറിയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നൂൺമീൽ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ഇ-ട്രാൻസ്ഫർ ചെയ്ത് നൽകുന്നു. തുടർന്ന് സ്കൂൾ പ്രവൃത്തി ദിനങ്ങൾ പരിശോധിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഓരോ മാസത്തെയ്ക്കും അർഹമായ തുക പാചകതൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ഇ- ട്രാൻസ്ഫർ ചെയ്യുന്നു. ഓണറേറിയം അനുവദിക്കുന്നതിന്റെ നിരക്ക് ചുവടെ ചേർക്കുന്നു.

a) 150 കുട്ടികൾ വരെ ഫീഡിങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകതൊഴിലാളിയുടെ പ്രതിദിന ഓണറേറിയം 400/- രൂപയാണ്.

b) 151 മുതൽ 500 വരെ ഫീഡിങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകതൊഴിലാളിയുടെ കുറഞ്ഞ പ്രതിദിന ഓണറേറിയം 400/- രൂപയും 150 ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ കണക്കാക്കി പരമാവധി പ്രതിദിന ഓണറേറിയം 475/- രൂപയായും നിജപ്പെടുത്തിയിരിക്കുന്നു.

c) 500 നു മുകളിൽ ഫീഡിങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ രണ്ട് പാചകതൊഴിലാളികളെ നിയമിക്കാവുന്നതാണ്. മിനിമം ഓണറേറിയം ആയ 400/- രൂപ എന്ന നിരക്കിനെ അടിസ്ഥാനപ്പെടുത്തി ആദ്യത്തെ 300 കുട്ടികൾക്ക് ഓരോ പാചകതൊഴിലാളിക്കും പ്രതിദിനം 400/- രൂപ വീതവും 300 നു മുകളിൽ അധികമായി കുട്ടി ഒന്നിന് 25 പൈസ നിരക്കിൽ കണക്കാക്കി ലഭിക്കുന്ന തുകയെ തുല്യമായി വീതിച്ച് പ്രതിദിനം പരമാവധി 475/- രൂപയിൽ നിജപ്പെടുത്തി ഇരു തൊഴിലാളികൾക്കും ഓണറേറിയമായി നൽകേണ്ടതാണ്.

പാചകതൊഴിലാളികളുടെ കുറഞ്ഞ പ്രതിദിന ഓണറേറിയം 400/- രൂപയും പരമാവധി പ്രതിദിന ഓണറേറിയം 475/- രൂപയുമാണ്.

പദ്ധതിയുടെ നടത്തിപ്പ്

സ്കൂൾതലം

I) സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികളുടെ (മിഡ് ഡേ മീൽ കമ്മറ്റി) രൂപീകരണം:

ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് സ്കൂളുകളിൽ ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. ഈ കമ്മറ്റിക്കായിരിക്കും സ്കൂൾതല ഉച്ചഭക്ഷണ നടത്തിപ്പിന്റെ പൂർണ്ണചുമതല.

ഘടന

പി.ടി.എ പ്രസിഡന്റ്	-	ചെയർമാൻ
ഹെഡ്മാസ്റ്റർ	-	കൺവീനർ (മെമ്പർ സെക്രട്ടറി)

അംഗങ്ങൾ

1) വാർഡ് മെമ്പർ
2) എസ്.എം.സി ചെയർമാൻ
3) മദർ പി.ടി.എ. പ്രസിഡന്റ് / അംഗം
4) എസ്.സി., എസ്.റ്റി. വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ എന്നിവരുടെ രക്ഷകർത്താക്കളുടെ ഒരു പ്രതിനിധി വീതം
5) മാനേജർ/മാനേജരുടെ പ്രതിനിധി (എയ്ഡഡ് സ്ക്കൂളുകൾക്ക് മാത്രം ബാധകം)
6) രണ്ട് അദ്ധ്യാപകർ (ഒരാൾ വനിത)
7) വിദ്യാർത്ഥികളുടെ ഒരു പ്രതിനിധി
8) സ്ക്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളി

ന്യൂട്രീഷൻ വിദഗ്ദ്ധർ, കൃഷി ആഫീസർ, പ്രദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ (PHC/CHC) ഡോക്ടർ എന്നിവരെ പ്രത്യേക ക്ഷണിതാക്കളായി യോഗത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

ജൂലായ് 15-ന് മുൻപ് പി.ടി.എ. ജനറൽ ബോഡി ചേർന്ന് പുതിയ ഉച്ചഭക്ഷണ കമ്മറ്റിയെ തെരഞ്ഞെടുക്കേണ്ടതാണ്.

II) സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയുടെ ചുമതലകൾ

a) സ്കൂൾ തുറന്ന പ്രവൃത്തിദിവസം മുതൽ സ്കൂളുകളിൽ ഉച്ചഭക്ഷണപദ്ധതി ആരംഭിക്കണം. നിലവിലുള്ള ഉച്ചഭോജന കമ്മറ്റി യോഗം ചേർന്ന്, രക്ഷകർത്താക്കളിൽനിന്നും അദ്ധ്യാപകർ ശേഖരിച്ച സമ്മതപത്രങ്ങളുടെ അടിസ്ഥാനത്തിൽ (സമ്മതപത്രത്തിന്റെ മാതൃക **അനുബന്ധം I** ആയി ചേർത്തിട്ടുണ്ട്) നടപ്പു വർഷം ഉച്ചഭക്ഷണ പദ്ധതിയിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റിന് അംഗീകാരം നൽകണം.

b) ഉച്ചഭക്ഷണ കമ്മറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്നു പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തേണ്ടതും കമ്മറ്റി തീരുമാനങ്ങളും ഹാജരും മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

c) ഉച്ചഭക്ഷണ പദ്ധതിയുടെ ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ ഉച്ച ഭക്ഷണ കമ്മറ്റി അവലോകനം ചെയ്ത് അംഗീകാരം നൽകേണ്ടതാണ്.

d) അതാത് മാസത്തെ മെനു മാസ ആരംഭത്തിൽ തന്നെ ഉച്ച ഭക്ഷണ കമ്മറ്റി തയ്യാറാക്കേണ്ടതാണ്

e) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രഭാതഭക്ഷണം, വൈകുന്നേരങ്ങളിൽ ലഘുഭക്ഷണം എന്നിവ കുട്ടികൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. വ്യക്തികൾ, പി.ടി.എ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ഇതിനാവശ്യമായ സഹായം സ്വീകരിക്കാവുന്നതാണ്.

f) സ്പെഷ്യൽ അരി വിതരണം നടത്തുമ്പോൾ ഉച്ചഭക്ഷണ കമ്മറ്റി അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതും അരി വിതരണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

g) ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം നടത്തുന്നതിനും പി.ടി.എ / എംപിടി.എ / ഉച്ചഭക്ഷണ കമ്മറ്റി അംഗങ്ങളുടെ സഹായവും മേൽനോട്ടവും ഉറപ്പുവരുത്തേണ്ടതാണ്. പാചകപ്പുര, സ്റ്റോർ, ഡൈനിംഗ് ഹാൾ, പാചകപ്പുരയുടെ പരിസരം, പാത്രങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പാചകതൊഴിലാളികളുടെ നിയമനവും പിരിച്ചുവിടലും

h) പാചകതൊഴിലാളികളെ പുതിയതായി നിയമിക്കുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ പിരിച്ച് വിടുന്നതിനുമുള്ള അധികാരം സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കാണ്.

i) പാചകതൊഴിലാളികളുടെ നിയമനം, പിരിച്ചുവിടൽ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്ന യോഗത്തിൽ കമ്മറ്റിയിലെ നാലിൽ മൂന്ന് അംഗങ്ങളെങ്കിലും പങ്കെടുത്തിരിക്കണം. ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെയോ, നൂൺമീൽ ആഫീസറുടെയോ സാന്നിദ്ധ്യത്തിൽ വേണം പ്രസ്തുത യോഗം ചേരേണ്ടത്.

j) വ്യക്തമായ കാരണങ്ങൾ ഇല്ലാതെ പാചകതൊഴിലാളിയെ പിരിച്ച് വിടുവാൻ പാടില്ല. പിരിച്ചുവിടുന്നതിനു മുൻപ് കമ്മറ്റി രേഖാമൂലം നോട്ടീസ് നൽകേണ്ടതും പാചകതൊഴിലാളിയെ കേൾക്കേണ്ടതുമാണ്.

k) പാചകത്തിലെ വൈദഗ്ധ്യം, ആരോഗ്യം, ശുചിത്വം, പ്രാദേശിക പ്രാതിനിധ്യം എന്നിവ കണക്കിലെടുത്ത് വേണം പാചകതൊഴിലാളികളെ നിയമിക്കേണ്ടത്.

l) പാചകതൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കും, എസ്.സി, എസ്.റ്റി, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങളിൽപെടുന്നവർക്കും മുൻഗണന നൽകേണ്ടതാണ്.

m) നിലവിൽ 500 കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു പാചക തൊഴിലാളിയേയും 500 കുട്ടികൾക്കു മുകളിൽ 2 തൊഴിലാളികളേയും നിയമിക്കുവാൻ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

n) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി സഹകരിച്ച് വർഷത്തിൽ രണ്ട് പ്രാവശ്യം പാചകതൊഴിലാളികളുടെ ആരോഗ്യ പരിശോധന നടത്തുന്നതിനും ഹെൽത്ത് കാർഡുകൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയും പ്രഥമ അദ്ധ്യാപകനും സ്വീകരിക്കേണ്ടതാണ്.

III) മെനു തയ്യാറാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

ഭക്ഷണത്തിന്റെ വൈവിധ്യം ഉറപ്പാക്കികൊണ്ട് വേണം പ്രതിദിന മെനു നിശ്ചയിയിക്കേണ്ടത്. ഭക്ഷണത്തിൽ നിന്നും കുട്ടികൾക്ക് അവശ്യം ലഭിക്കേണ്ട കലോറിമൂല്യം, പ്രോട്ടീൻ എന്നിവ (പേജ് 1- ക്രമ നമ്പർ 2 ലെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത്) ലഭിക്കത്തക്കവിധത്തിലുള്ള ഭക്ഷണസാധനങ്ങൾ തെരഞ്ഞെടുക്കുന്നതിന് സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയും പ്രഥമ അദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഉച്ചഭക്ഷണത്തിന് കുട്ടികൾക്ക് ചോറിനോടൊപ്പം ഒരു കറിയും രണ്ട് വിഭവങ്ങളും നൽകേണ്ടതാണ്. രസം, അച്ചാർ എന്നിവ ഒഴിവാക്കേണ്ടതാണ്.

കറികളിലും പയർ വർഗ്ഗങ്ങളിലും ദൈനംദിന വൈവിധ്യം ഉറപ്പാക്കണം. ചെറുപയർ, വൻപയർ, കടല, ഗ്രീൻപീസ്, മുതിര എന്നിവ കറികളിൽ ഉൾപ്പെടുന്ന വിധം മെനു തയ്യാറാക്കാവുന്നതാണ്. കുട്ടികളുടെ ശാരീരിക-മാനസിക വളർച്ചയ്ക്കും വികാസത്തിനും, രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ എല്ലാ പോഷകഘടകങ്ങളും ആവശ്യമായ

അളവിലും അനുപാതത്തിലും ഭക്ഷണത്തിൽ ലഭ്യമാകും വിധം മെനു തയ്യാറാക്കുവാൻ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയും പ്രഥമ അദ്ധ്യാപകരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ധാന്യകം, മാംസ്യം, കൊഴുപ്പ്, ധാതുക്കൾ തുടങ്ങിയവയാണ് പ്രധാന പോഷകഘടകങ്ങൾ. ധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയിൽ ഊർജ്ജോത്പാദനത്തെ സഹായിക്കുന്ന ധാന്യകം ധാരാളമായി അടങ്ങിയിരിക്കുന്നു. പയറുവർഗ്ഗങ്ങൾ, ഇറച്ചി, മുട്ട, പാൽ എന്നിവയിൽ ശരീരിക നിർമ്മിതിക്കാവശ്യമായ മാംസ്യം, കൊഴുപ്പ് എന്നിവ ലഭ്യമാണ്. പച്ചക്കറികൾ, ഇലക്കറികൾ, പഴങ്ങൾ, എണ്ണ, എണ്ണക്കുരുക്കൾ എന്നിവയിലൂടെ വിറ്റാമിനുകൾ, കൊഴുപ്പ്, ധാതു ലവണങ്ങൾ എന്നിവ യഥേഷ്ടം ലഭിക്കുന്നു. ഒരേതരത്തിലുള്ള ആഹാരം എന്നതിനുപകരം വൈവിധ്യമായ ആഹാരവസ്തുക്കൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കുട്ടികളുടെ ശരീരത്തിന് ആവശ്യമായ പോഷകഘടകങ്ങൾ ലഭിക്കുകയുള്ളൂ. പോഷകാഹാരത്തിന്റെ അഭാവം കുട്ടികളിൽ വളർച്ച മുരടിക്കുന്നതിനും ന്യൂനപോഷക രോഗാവസ്ഥകൾ ഉണ്ടാക്കുന്നതിനും അനാരോഗ്യത്തിനും ഇടയാക്കുന്നു. ഇവയെ പ്രതിരോധിക്കുന്നതിനും, കുട്ടികളുടെ ബുദ്ധിശക്തിയും ഓർമ്മശക്തിയും ആരോഗ്യവും കാത്തുസൂക്ഷിക്കുന്നതിനും പോഷകാഹാരം ആവശ്യമാണ്.

സാമ്പിൾ മെനു

1. തിങ്കൾ : ചോറ്, പരിഷ് കറി, കിച്ചടി, തോരൻ (ബീറ്റ്റൂട്ട്/കാരറ്റ്/കോവയ്ക്ക/പഷായ/ കാബേജ് തുടങ്ങിയവ)
2. ചൊവ്വ : ചോറ്, എരിശ്ശേരി/പുളിശ്ശേരി, ചെറു പയർ/വൻപയർ തോരൻ, അവിയൽ
3. ബുധൻ : ചോറ്, സാമ്പാർ, മുട്ടക്കറി (കുട്ടി ഒന്നിന് ഒരു മുട്ട വീതം), ഇലക്കറികൾ (ചീര/മുരിങ്ങയില തുടങ്ങിയവ)
4. വ്യാഴം : ചോറ്, പരിഷ് കറി, അവിയൽ, തോരൻ (കാരറ്റ്/ബീൻസ്/മുരിങ്ങയ്ക്ക/പഷായ/കാബേജ് തുടങ്ങിയവ),
5. വെള്ളി : ചോറ്, സാമ്പാർ, ചെറു പയർ/വൻപയർ തോരൻ, ഇലക്കറികൾ (ചീര/മുരിങ്ങയില തുടങ്ങിയവ)

ഉച്ചഭക്ഷണ കമ്മറ്റി അംഗീകരിച്ച മെനു എല്ലാവരുടേയും അറിവിലേക്കായി സ്കൂൾ നോട്ടീസ് ബോർഡിലോ ആഫീസ് മുറിയുടെ പുറം ചുവരിലോ വ്യക്തമായി എഴുതി പ്രദർശിപിക്കേണ്ടതാണ്. അതോടൊപ്പം പാൽ, മുട്ട/നേന്ത്രപഴം എന്നിവ ഏതൊക്കെ ദിവസങ്ങളിലാണ് കുട്ടികൾക്ക് നൽകുന്നത് എന്ന വിവരവും പ്രദർശിപിക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത അനുസരിച്ചും കുട്ടികളുടെ താൽപര്യം കണക്കിലെടുത്തും മത്സ്യം/മാംസാഹാരം എന്നിവ മെനുവിൽ ഉൾപ്പെടുത്താവുന്നതാണ്.

IV) സ്കൂൾ മാനേജ്മെന്റ് കമ്മറ്റി (എസ്.എം.സി) യുടെ ചുമതലകൾ:

1) ***30-09-2015 ൽ ജി.എസ്.ആർ 743 (ഇ) നോട്ടിഫിക്കേഷൻ പ്രകാരം കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മിഡ് ഡേ മീൽ റൂൾസ് - 2015, റൂൾ 7ൽ*** സ്കൂൾ മാനേജ്മെന്റ് കമ്മറ്റിയെ (എസ്.എം.സി) കൂടി പദ്ധതിയുടെ നടത്തിപ്പ്, ഭക്ഷണത്തിന്റെ ഗുണമേന്മ, ഭക്ഷണവിതരണത്തിലെ ശുചിത്വം, പരിസര ശുചിത്വം എന്നിവ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നു.

2) ഉച്ചഭക്ഷണ പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് ആവശ്യമായ പിന്തുണയും സഹകരണവും സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിക്ക് നൽകേണ്ടതാണ്.

3) സ്കൂൾ ഉച്ചഭക്ഷണ വിതരണ സമയത്ത് അന്നത്തേക്ക് നൽകുന്നതിനു തയാറാക്കിയ ഭക്ഷണം വിതരണം ചെയ്യുന്നതിനു മുൻപ് ഭക്ഷണം രുചിച്ചു നോക്കിയ ടീച്ചറെ കൂടാതെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളുടെ ഒന്നിലധികം രക്ഷകർത്താക്കളോ, എസ്.എം.സി അംഗങ്ങളോ വിതരണ സമയത്ത് ഉണ്ടാകേണ്ടതാണ്. കൂടാതെ അന്നേ ദിവസം എത്ര കുട്ടികൾ ഭക്ഷണം കഴിച്ചു എന്നും ആയതിന്റെ ഗുണമേന്മ സംബന്ധിച്ചും ഭക്ഷണം വിതരണം ചെയ്യുന്നതിനു മുൻപ് ടി ഭക്ഷണം രുചിച്ചു നോക്കി എന്നുള്ള രക്ഷിതാക്കളുടെ അഭിപ്രായം ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസവും മാറിമാറി രക്ഷകർത്താക്കളും എസ്.എം.സി അംഗങ്ങളും വിതരണ ദിവസം സ്കൂളിൽ ഹാജരാകത്തക്ക വിധത്തിൽ ഓരോ മാസത്തേക്ക് രക്ഷകർത്താക്കളുടേയും എസ്.എം.സി അംഗങ്ങളുടേയും ഒരു രജിസ്റ്റർ കൂടി മുൻകൂട്ടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

V) പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

എ) പൊതു നിർദ്ദേശങ്ങൾ

1) സ്കൂൾ തുറന്ന പ്രവൃത്തി ദിവസം മുതൽ ഉച്ചഭക്ഷണ പദ്ധതി ആരംഭിക്കണം.

2) ഉച്ചഭക്ഷണം കഴിക്കുന്നതിന് സമ്മതപത്രം സമർപ്പിച്ചിട്ടുള്ള കുട്ടികളുടെ ക്ലാസ് തിരിച്ചുള്ള ലിസ്റ്റ് (ഉച്ചഭക്ഷണ കമ്മറ്റി അംഗീകരിച്ചത്) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ജൂൺ 15 ന് മുൻപായി സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. രക്ഷകർത്താക്കളിൽ നിന്ന് സമ്മതപത്രം വാങ്ങി സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും **(സമ്മതപത്രത്തിന്റെ മാതൃക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്)** ആയതിന്റെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നുമുള്ള പ്രഥമാദ്ധ്യാപകന്റെ സാക്ഷ്യപത്രം കൂടി ലിസ്റ്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.

3) സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി അംഗീകരിച്ചതും കമ്മറ്റി ചെയർമാൻ, കൺവീനർ എന്നിവരുടെ ഒപ്പുകൾ രേഖപ്പെടുത്തിയതുമായ ലിസ്റ്റാണ് പ്രധാനാദ്ധ്യാപകർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടത്.

4) ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്കാണ് പാൽ, മുട്ട, സ്പെഷ്യൽ അരി എന്നിവ നൽകുന്നത്. യാതൊരു കാരണവശാലും പാൽ, മുട്ട, സ്പെഷ്യൽ അരി എന്നിവ കൈപ്പറ്റുന്നതിനു മാത്രമായി കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല.

5) മാവേലിസ്റ്റോറിൽ നിന്നും കൈപ്പറ്റുന്ന അരി യഥാസമയം തന്നെ പ്രഥമാദ്ധ്യാപകർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്. ലഭിച്ച അരിയുടെ ഗുണമേന്മ സംബന്ധിച്ച് പരാതിയുള്ള പക്ഷം ആയത് എത്രയും പെട്ടെന്ന് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6) **ഏതെങ്കിലും സാഹചര്യത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് (പാചകചെലവിനുള്ള തുക) ലഭ്യമല്ലാതെ വരികയാണെങ്കിൽ സ്കൂളിൽ ലഭ്യമായ ഏതു ഫണ്ടും ഉപയോഗപ്പെടുത്തി പദ്ധതി മുടങ്ങാതെ മുന്നോട്ട് കൊണ്ടു പോകുവാനും ടി ഇനത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തുക റീകൂപ്പ് ചെയ്തു എടുക്കുന്നതിനും സ്കൂൾ പ്രഥമാദ്ധ്യാപകന് അധികാരമുണ്ടായിരിക്കും.**

7) **സ്കൂൾ ഉച്ചഭക്ഷണ വിതരണത്തിനുള്ള അരി, പാചകചെലവിനുള്ള തുക, ഇന്ധനം, എന്നിവ ലഭ്യമല്ലാതാകുക, പാചകതൊഴിലാളികളുടെ അഭാവം തുടങ്ങിയ കാരണങ്ങൾ മൂലം ഒരു മാസത്തിൽ തുടർച്ചയായി മൂന്നു ദിവസമോ മാസത്തിൽ അഞ്ച് ദിവസമോ അതിൽ കൂടുതലോ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുവാൻ കഴിയാതിരുന്നാൽ ടി സാഹചര്യങ്ങൾക്ക് ഉത്തരവാദി ആയവരിൽ നിന്നും തുക ഈടാക്കി പ്രസ്തുത കുട്ടികൾക്ക് ഫുഡ് സെക്യൂരിറ്റി അലവൻസായി ടി ദിവസത്തേക്കുള്ള അരി, പാചകചെലവിനുള്ള തുക എന്നിവ വിതരണം ചെയ്യേണ്ടതാണ്. (Rule 9, Mid Day Meal Rules 2015).**

8) സ്കൂളിനു ഏറ്റവും സമീപമുള്ള പ്രൈമറി ഹെൽത്ത് സെന്റർ, ആശുപത്രി, ഫുഡ് സേഫ്റ്റി ഓഫീസ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ആഫീസ്, ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ ഉച്ച ഭക്ഷണ പരാതി പരിഹാര സെല്ലിന്റെ ഫോൺ നമ്പർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉച്ച ഭക്ഷണ വിഭാഗത്തിലെ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ എല്ലാവർക്കും കാണത്തക്ക വിധത്തിൽ സ്കൂൾ ആഫീസിന്റെ പുറം ചുവരിലോ, ആഫീസിനു പുറത്ത് സ്ഥാപിച്ചിട്ടുള്ള ബോർഡിലോ സ്ഥിരമായി എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

9) സ്കൂൾ ഉച്ചഭക്ഷണ വിതരണത്തെ തുടർന്ന് കുട്ടികൾക്ക് ശാരീരിക അസ്വസ്ഥത ഉണ്ടായാൽ അടിയന്തിരമായി ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഉടൻതന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരെ ഫോൺ/ഇ-മെയിൽ മുഖേന അറിയിക്കേണ്ടതുമാണ്. സംഭവം നടന്ന ദിവസത്തെ ആഹാര പദാർത്ഥം അംഗീകൃത ലാബിൽ പരിശോധനക്ക് നൽകേണ്ടതാണ്.

10) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ലോഗോ സ്കൂളിന്റെ പ്രവേശന ഭാഗങ്ങളിലും, നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളിലും പതിക്കേണ്ടതാണ്. കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയം നൽകിയിട്ടുള്ള ലോഗോ അല്ലാതെ മറ്റ് ലോഗോകൾ, ചിഹ്നങ്ങൾ, എംബ്ലങ്ങൾ എന്നിവ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ല.

11) ഉച്ചക്ഷേണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, നൂൺമീൽ ആഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ നൂൺഫീഡിംഗ് സൂപ്പർവൈസർ, സോണൽ കോർഡിനേറ്റർമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ എന്നിവർ സ്കൂളിൽ പരിശോധന നടത്തുമ്പോൾ പരിശോധനാ വിവരം രേഖപ്പെടുത്തുവാൻ ഇൻസ്പെക്ഷൻ രജിസ്റ്റർ നൽകേണ്ടതാണ്.

12) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് രക്ഷിതാക്കൾക്കും, വിദ്യാർത്ഥികൾക്കും നിർദ്ദേശങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിനായി ഒരു പരാതിപ്പെട്ടി സ്കൂളിൽ സ്ഥാപിക്കേണ്ടതാണ്. ആഴ്ചയിലൊരിക്കൽ പരാതിപ്പെട്ടി തുറക്കേണ്ടതും, ലഭിക്കുന്ന പരാതികളിൽമേൽ രണ്ടു ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. രക്ഷിതാക്കളും വിദ്യാർത്ഥികളും സമർപ്പിക്കുന്ന ഗുണകരമായ നിർദ്ദേശങ്ങൾ ഉച്ചഭക്ഷണ കമ്മറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

13) **ഓരോ ദിവസവും ഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം, ഉപയോഗിച്ച ഭക്ഷ്യ ധാന്യം (അരി), മുട്ട, പാൽ എന്നിവയുടെ അളവ്, മെനു, എന്നിവ എല്ലാവർക്കും കാണത്തക്കവിധത്തിൽ സ്കൂൾ നോട്ടീസ് ബോർഡിൽ അന്നേ ദിവസം തന്നെ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുവാൻ പാടുള്ളതല്ല.**

14) **ഉച്ചഭക്ഷണം കഴിക്കുന്ന (പ്രീപ്രൈമറി മുതൽ 8-ാം ക്ലാസ്സു വരെയുള്ള) എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു മുട്ട വീതം (ഉച്ച ഭക്ഷണത്തോടൊപ്പം മുട്ട കറിയായി) നൽകേണ്ടതാണ്. മുട്ട കഴിക്കാത്ത കുട്ടികൾക്ക് അതിനു പകരം ഒരു കറിയും മുട്ടയുടെ വിലയ്ക്കുള്ള നേന്ത്രപ്പഴവും നൽകേണ്ടതാണ്.**

15) **ഉച്ചഭക്ഷണം കഴിക്കുന്ന (പ്രീപ്രൈമറി മുതൽ 8-ാം ക്ലാസ്സു വരെയുള്ള) എല്ലാ കുട്ടികൾക്കും ആഴ്ചയിൽ 2 പ്രാവശ്യം 150 മി.ലിറ്റർ തിളപ്പിച്ച പാൽ നിർബന്ധമായും നൽകേണ്ടതും കുട്ടികൾ പാൽ കുടിച്ചു എന്നുള്ളത് ഉറപ്പുവരുത്തേണ്ടതുമാണ്.**

16) കുട്ടികൾക്ക് ഗുണമേന്മയുള്ള ഉച്ചഭക്ഷണം നൽകുന്നതിനായുള്ള സാധനസാമഗ്രികൾ (ഉച്ചഭക്ഷണത്തിനു അനുവദിച്ചിട്ടുള്ള അരി ഒഴികെ) ഉച്ചഭക്ഷണ കമ്മറ്റിയുടെ നിർദ്ദേശത്തിനു വിധേയമായി പൊതുവിപണി, മാവേലിസ്റ്റോർ, സഹകരണ സംഘങ്ങൾ, വിവിധ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും ആവശ്യാനുസരണം വാങ്ങുന്നതിന് സ്കൂൾ പ്രഥമാദ്ധ്യപകർക്ക് അനുവാദമുണ്ടായിരിക്കും. ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിവരം പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

17) **സ്കൂൾ കുട്ടികളുടെ ക്ഷേണാവശ്യങ്ങൾക്കായി വാങ്ങുന്ന ക്ഷ്യ ധാന്യങ്ങളും (അരി ഒഴികെ), പച്ചക്കറികളും ഇതര ക്ഷ്യ വസ്തുക്കളും കഴിയുന്നതും സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും വാങ്ങേണ്ടതാണ്.**

18) **പാൽ, പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്. ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്തിടങ്ങളിൽ മിൽമ മുഖാന്തിരം പാൽ വാങ്ങേണ്ടതാണ്.**

19) **പലവ്യഞ്ജനങ്ങൾ, കഴിവതും സർക്കാർ ഏജൻസികളുടെ ഔട്ട്ലെറ്റുകളിൽനിന്നും (സപ്ലൈക്കോ ഔട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, ലാഭം, സപ്ലൈകോ സൂപ്പർ/ഹൈപർ മാർക്കറ്റ്) , ത്രിവേണി, നീതി സ്റ്റോർ, നന്മ സ്റ്റോർ എന്നിവ) വാങ്ങേണ്ടതാണ്. ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും ഉപയോഗിക്കേണ്ടതാണ്. പഴങ്ങളും പച്ചക്കറികളും സ്കൂളുകളുടെ സമീപമുള്ള സംസ്ഥാന ഹോർട്ടികോർപിന്റെ സ്ഥാപനങ്ങളിൽ നിന്നോ കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരമോ വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്.**

20) പാൽ, മുട്ട, പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവ കൃത്യമായും സ്കൂളുകളിൽ എത്തിച്ചുനൽകുന്നതിനും ടി ഭക്ഷ്യ വസ്തുക്കളുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിധത്തിലുള്ള ന്യൂനതകളോ, ഗുണനിലവാരത്തകർച്ചയോ അവയുടെ ഉപയോഗംമൂലം കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടാകുന്നപക്ഷം അത്തരം കഷ്ടനഷ്ടങ്ങൾക്ക് സാധനം വിതരണം ചെയ്യുന്ന സ്ഥാപനത്തിന്/ഏജൻസിക്ക് ഉത്തരവാദിത്വവും ബാധ്യതയും വരത്തക്കവിധം വ്യക്തവും നിയമാനുസൃതവുമായ കരാർ ഉണ്ടാക്കുകയും ബിൽ ഉൾപ്പെടെയുള്ള രേഖകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. (ബഹു: സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 03-03-2015 ലെ 1277/01/LA1/SZ/2014/ KCSCPCR നമ്പർ ഉത്തരവ്)

21) പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, പാചക വാതകം, പാല്, മുട്ട/നേന്ത്രപ്പഴം എന്നിവ വാങ്ങുമ്പോൾ നിർബന്ധമായും സ്ഥാപനത്തിന്റെ സീൽ പതിഷിച്ച ബില്ലുകൾ വാങ്ങേണ്ടതാണ്. പ്രിന്റഡ് ബില്ലുകൾ ലഭ്യമല്ലെങ്കിൽ സ്ഥാപനത്തിന്റെ/ഉടമയുടെ പേര്, ഫോൺ നമ്പർ, വാങ്ങിയ സാധനത്തിന്റെ അളവ്, നിരക്ക്, തീയതി, എന്നിവ രേഖപ്പെടുത്തിയ രസീതുകൾ വാങ്ങേണ്ടതാണ്. യാതൊരു കാരണവശാലും സാധനങ്ങൾ വാങ്ങുന്നതിനായി സ്കൂളിന്റെയോ, പി.ടി.എ യുടെ പേരിൽ അച്ചടിച്ച/എഴുതിയ വൗച്ചറുകൾ ഉപയോഗിക്കാൻ പാടില്ല.

22) സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകളും/രസീതുകളും സ്കൂളിൽ സൂക്ഷിക്കേണ്ടതും എല്ലാ മാസവും 5-ാം തീയതിക്കു മുൻപായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

23) **സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിക്കേണ്ടതും അവയിൽ നിന്ന് ലഭിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇതിനായി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൃഷി ക്ലബ്ബുകൾ രൂപീകരിക്കേണ്ടതും പ്രദേശത്തെ കൃഷി ആഫീസറുടേയും കർഷകരുടേയും സഹായ സഹകരണത്തോടെ അടുക്കള പച്ചക്കറിതോട്ടം സജ്ജീകരിക്കേണ്ടതുമാണ്. സ്ഥലസൗകര്യം കുറവുള്ള സ്കൂളുകളിൽ ലഭ്യമായ സ്ഥലത്തോ ടെറസുകളിലോ ഗ്രോബാഗ് പച്ചക്കറി കൃഷി തുടങ്ങാവുന്നതാണ്.**

24) **സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം സജ്ജീകരിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് സ്കൂൾ ഒന്നിന് നൽകിവരുന്ന 5000/- രൂപ ധനസഹായം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധന സഹായവും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിദ്യാർത്ഥികൾക്ക് അവരവരുടെ വീടുകളിൽ പച്ചക്കറി കൃഷി നടത്തുവാൻ പ്രോത്സാഹനം നൽകേണ്ടതും കുട്ടികൾ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്കൂളുകളിൽ ശേഖരിച്ച് ആയത് ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.**

25) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രഥമാദ്ധ്യാപകരെ സഹായിക്കുന്നതിന് രണ്ട് അദ്ധ്യാപകരെ ചുമതലപ്പെടുത്തേണ്ടതാണ്. ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഒരു അദ്ധ്യാപകൻ സ്കൂളിൽ തന്നെ സൂക്ഷിക്കേണ്ടതും കൃത്യമായി കണക്കുകൾ രേഖപ്പെടുത്തേണ്ടതുമാണ്. രേഖപ്പെടുത്തലുകളെല്ലാം തന്നെ പ്രഥമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മറ്റൊരു അദ്ധ്യാപകൻ സ്കൂൾ ഉച്ചഭക്ഷണം തയ്യാറാക്കുന്നതും കുട്ടികൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കേണ്ടതും ഭക്ഷണത്തിന്റെ ഗുണനിലവാരവും, ശുചിത്വവും ഉറപ്പുവരുത്തേണ്ടതുമാണ്. ടി അദ്ധ്യാപകർക്ക് രേഖാമൂലം ചുമതല നൽകുകയും അവരുടെ പേരും ഫോൺ നമ്പരും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

കാര്യാലയം, ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം, ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം എന്നിവിടങ്ങളിൽ **ജൂൺ 15** ന് മുൻപായി സമർപ്പിക്കേണ്ടതുമാണ്.

26) പ്രഥമാദ്ധ്യാപകൻ സ്ഥലം മാറിപോവുകയോ, വിരമിക്കുകയോ ചെയ്യുമ്പോൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും, അനുബന്ധ രേഖകളും, ബില്ലുകളും വൗച്ചറുകളും സ്കൂളിൽ തന്നെ സൂക്ഷിക്കേണ്ടതും അടുത്ത പ്രഥമാദ്ധ്യാപകനോ/ചാർജ്ജുള്ള അദ്ധ്യാപകനോ നിയമപ്രകാരം കൈമാറേണ്ടതുമാണ്.

27) ഉച്ചഭക്ഷണം പാചകം ചെയ്യുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. പാചകപ്പുരയിൽ മതിയായ വെന്റിലേഷൻ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. സുരക്ഷിതമായും അപകടം ഉണ്ടാകുവാൻ സാധ്യതയില്ലാത്ത രിതിയിലും വേണം ഗ്യാസ് സിലിണ്ടർ, ഗ്യാസ് സ്റ്റൗ എന്നിവ സൂക്ഷിക്കേണ്ടത്. യാതൊരു കാരണവശാലും പാചകത്തിന് വിറക് ഉപയോഗിക്കുവാൻ പാടില്ല.

28) കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പു മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിന് "ഓട്ടോമാറ്റഡ് മോണിറ്ററിംഗ് സിസ്റ്റം" (AMS) നടപ്പിലാക്കിയിട്ടുണ്ട്. **സ്കൂൾ പ്രഥമാദ്ധ്യാപകർ തങ്ങൾക്ക് ലഭിച്ചിട്ടുള്ള User Id യും Password ഉം ഉപയോഗിച്ച് www.transferandpostings.in/mdmms എന്ന വെബ്സൈറ്റ് ലിങ്ക് വഴി ഓരോ സ്കൂൾ പ്രവൃത്തി ദിവസവും ഉച്ചക്ഷണം കഴിച്ച കുട്ടികളുടെ (ആൺകുട്ടികൾ, പെൺകുട്ടികൾ എന്നിങ്ങനെ വേർതിരിച്ച്) എണ്ണം അന്നേ ദിവസം ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുൻപായി സ്റ്റേറ്റ് സോഫ്റ്റ്വെയറിലേയ്ക്ക് അപ്ലോഡ് ചെയ്യേണ്ടതാണ്. ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലാത്ത സ്കൂളുകൾക്ക് വേണ്ടി ഡാറ്റ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അപ്ലോഡ് ചെയ്യുന്നതാണ്. ഇതിനുവേണ്ടി ടി സ്കൂളുകൾ സ്കൂൾ പ്രവൃത്തി ദിവസം ഉച്ചയ്ക്ക് 1.00 മണിയ്ക്ക് മുൻപായി ഡാറ്റ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഫോൺ മുഖാന്തിരമോ നേരിട്ടോ അറിയിക്കേണ്ടതാണ്.**

29) മാസാവസാനം കെ2 രജിസ്റ്റർ പ്രകാരമുള്ള അരിയുടെ ബാലൻസും യഥാർത്ഥ സ്റ്റോക്ക് ബാലൻസും ഒത്തു നോക്കി സ്റ്റോക്ക് ക്രമപ്പെടുത്തേണ്ടതാണ്. കെ 2 രജിസ്റ്റർ പ്രകാരമുള്ള ബാലൻസിനേക്കാൾ യഥാർത്ഥ സ്റ്റോക്ക് ബാലൻസ് 20 ശതമാനം അധികരിക്കുകയാണെങ്കിൽ ബന്ധപ്പെട്ട നൂൺമീൽ ആഫീസറുടെ അനുമതിയോടെ മാത്രം സ്റ്റോക്ക് ക്രമപ്പെടുത്തേണ്ടതാണ്. സ്റ്റോക്ക് ക്രമപ്പെടുത്തൽ സംബന്ധിച്ച രേഖപ്പെടുത്തലുകൾ കെ2 രജിസ്റ്ററിൽ വരുത്തേണ്ടതാണ്.

ബി) ശുചിത്വം, ഭക്ഷണത്തിന്റെ ഗുണമേന്മ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ

1) കുട്ടികൾക്ക് നൽകുന്ന കുടിവെള്ളം, പാചകം ചെയ്യുവാൻ ഉപയോഗിക്കുന്ന വെള്ളം എന്നിവയുടെ ശുചിത്വം ഉറപ്പാക്കേണ്ടതാണ്. അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപായി സ്കൂളുകളിലെ വാട്ടർ ടാങ്കുകളും കിണറുകളും പി.ടി.എയുടേയും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടേയും സഹായത്തോടെ വൃത്തിയാക്കേണ്ടതാണ്. വാട്ടർ ടാങ്കുകൾ മാസത്തിലൊരിക്കൽ വൃത്തിയാക്കേണ്ടതാണ്. കിണറുകൾ ആറ് മാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യേണ്ടതും (4000 ലിറ്ററിന് 10 ഗ്രാം ബ്ലീച്ചിങ്ങ് പൗഡർ എന്ന അനുപാതത്തിൽ) വർഷത്തിലൊരിക്കൽ പൂർണ്ണമായി വൃത്തിയാക്കേണ്ടതുമാണ്.

2) കുട്ടികൾ ഭക്ഷണം കഴിക്കുവാനുപയോഗിക്കുന്ന പാത്രങ്ങളുടെ ശുചിത്വം ഉറപ്പാക്കേണ്ടതാണ്. പാത്രങ്ങൾ ചൂടുവെള്ളത്തിൽ കഴുകിയതിന് ശേഷം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

3) ഭക്ഷണ പദാർത്ഥങ്ങൾ പ്ലാസ്റ്റിക് പാത്രത്തിൽ നൽകാൻ പാടുള്ളതല്ല.

4) ഭക്ഷണം ചൂടോടുകൂടി വിളമ്പേണ്ടതാണ്. ഊഷ്മാവ് 65 ഡിഗ്രി സെൽഷ്യസിൽ കുറയാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5) കുട്ടികൾക്ക് കുടിക്കുന്നതിന് തിളപ്പിച്ചാറിയ വെള്ളം ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയോ സി.എസ്.ആർ ഫണ്ട് ഉപയോഗപ്പെടുത്തിയോ വാട്ടർ പ്യൂരിഫൈർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6) ഭക്ഷണത്തിന് മുൻപും ശേഷവും സോപ്പ്/ഹാൻഡ്വാഷ് ഉപയോഗിച്ച് കുട്ടികൾക്ക് കൈ ശുചിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

7) ഉച്ചഭക്ഷണം പാചകം ചെയ്യുവാനുപയോഗിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കേടുവരാതെ വേണം സ്റ്റോറിൽ സൂക്ഷിക്കേണ്ടത്. പാചകപ്പുരയിലും സ്റ്റോറിലും വെള്ളം കയറാതെയും എലികൾ, പ്രാണികൾ മറ്റ് ക്ഷുദ്ര ജീവികൾ എന്നിവ കയറാതെയും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. തടിപലകകൾ ഉപയോഗിച്ച് കൊണ്ട് തറയിൽ നിന്നും 8 മുതൽ 12 സെന്റീ മീറ്റർ വരെ ഉയരത്തിൽ വേണം അരി ചാക്കുകൾ സൂക്ഷിക്കേണ്ടത്. വൃത്തിയുള്ളതും വായുകോറാത്തതും ജലാംശം ഇല്ലാത്തതുമായ അടച്ചുറപ്പുള്ള സംഭരണികളിൽ വേണം പലവ്യഞ്ജനങ്ങൾ സൂക്ഷിക്കേണ്ടത്. ഇവ ഷെൽഫുകളിലും റാക്കുകളിലും ആണ് സൂക്ഷിക്കുന്നതെങ്കിൽ ഭിത്തിയിൽ നിന്ന് ഒരടി അകലത്തിൽ വേണം സൂക്ഷിക്കേണ്ടത്.

8) പാചകാവശ്യത്തിനുള്ള അരി എടുത്ത് കഴിഞ്ഞതിനുശേഷം അരിചാക്കിന്റെ വായ്ഭാഗം നന്നായി മൂടിവയ്ക്കേണ്ടതാണ്. അരി സംഭരണി ലഭ്യമായ സ്കൂളുകളിൽ പൊട്ടിച്ച അരിചാക്കിൽ നിന്നുള്ള അരി സംഭരണിയിലേയ്ക്ക് മാറ്റി അടച്ചുറപ്പോടെ സൂക്ഷിക്കേണ്ടതാണ്.

9) വായു സഞ്ചാരം ഉറപ്പാക്കുന്നതിനായി പാചകപ്പുരയിലും സ്റ്റോർ മുറിയിലും മതിയായ വെന്റിലേഷൻ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ക്ഷുദ്രജീവികൾ പ്രവേശിക്കാത്തവിധം പാചകപ്പുരയുടെയും സ്റ്റോർമുറിയുടെയും വെന്റിലേഷനുകൾ വയർമെഷ് ഉപയോഗിച്ച് സംരക്ഷിക്കേണ്ടതാണ്.

10) പാചകപ്പുര, സ്റ്റോർ, പാചകപുരയുടെ പരിസരം, പാത്രങ്ങൾ, ഡൈനിംഗ് ഹാൾ എന്നിവ പാചകതൊഴിലാളി വൃത്തിയോടും വെടിപ്പോടും സൂക്ഷിക്കുന്നുവെന്നും പാചകതൊഴിലാളി വ്യക്തിശുചിത്വം പാലിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ദിവസവും ഭക്ഷണം വിളമ്പുന്നതിനു മുൻപും ശേഷവും ഡൈനിംഗ് ഹാളും പരിസരവും വൃത്തിയാക്കേണ്ടതാണ്.

11) കുട്ടികൾക്കായുള്ള ഭക്ഷണ സാധനങ്ങൾ പാചകം ചെയ്യുന്നത് ശുചിത്വമുള്ള അടുക്കളയിലാണെന്നും, പാചകക്കാർ വൃത്തിയോടും വെടിപ്പോടുംകൂടിയാണ് ഭക്ഷണം പാകം ചെയ്യുന്നതെന്നും ഉറപ്പാക്കുകയും, തയ്യാറാക്കിയ ഭോജന പാനീയങ്ങൾ വിളമ്പുന്നതിനു നേതൃത്വം നൽകുന്ന അദ്ധ്യാപകരോ ഇതര ഉത്തരവാദിത്തപ്പെട്ടവരോ കുട്ടികൾക്ക് ആഹാരം വിതരണം ചെയ്യുന്നതിന് അരമണിക്കൂർ മുമ്പെങ്കിലും ടി ആഹാരം ഭക്ഷിച്ച് ഗുണമേന്മ ഉറപ്പാക്കിയ ശേഷമേ കുട്ടികൾക്ക് കൊടുക്കുന്നുള്ളൂവെന്നും പ്രഥമ അദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ് (03.03.2015-ലെ ബഹു.സംസ്ഥാന ബാലാവകാശ കമ്മീഷന്റെ **1277/01/LA1/SZ/2014 /KCSCPCR** നമ്പർ ഉത്തരവ്)

12) പൊതു വിപണിയിൽ നിന്ന് വാങ്ങുന്ന പച്ചക്കറികൾ, ഉപ്പ് /മഞ്ഞൾപ്പൊടി തുടങ്ങിയവ ചേർത്ത ശുദ്ധജലത്തിൽ ഒരുമണിക്കൂർ ഇട്ട് വയ്ക്കേണ്ടതാണ്. തുടർന്ന് നന്നായി കഴുകിയതിന് ശേഷം മാത്രം പാചകത്തിന് ഉപയോഗിക്കേണ്ടതാണ്.

13) പച്ചക്കറികൾ അരിയുന്നതിന് വെജിറ്റബിൾ ചോപ്പിങ്ങ്/കട്ടിംഗ് ബോർഡ് ഉപയോഗിക്കേണ്ടതാണ്.

14) ഭോജനം പാചകം ചെയ്യുമ്പോൾ ഏപ്രൺ, ഹാൻഡ് ഗ്ലൗസ്, പോളിത്തീൻ ഹെഡ് ക്യാപ് എന്നിവ ധരിക്കണമെന്ന് പാചകതൊഴിലാളികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. പി.ടി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ ധനസഹായത്തോടെ ഏപ്രൺ, ഹാൻഡ് ഗ്ലൗസ്, പോളിത്തീൻ ഹെഡ് ക്യാപ്, വെജിറ്റബിൾ കട്ടിംഗ് ബോർഡ് എന്നിവ വാങ്ങാവുന്നതാണ്.

15) സ്റ്റോറിൽ ഉപയോഗശൂന്യമായ സാധനങ്ങളും പഴയ റിക്കോഡുകളും സൂക്ഷിക്കുവാൻ പാടില്ല.

16) ഉച്ചഭക്ഷണത്തിനുള്ള ധാന്യങ്ങളോടൊപ്പം മറ്റ് ധാന്യങ്ങൾ (പ്രഭാതഭക്ഷണത്തിനുള്ളവ, സ്പെഷ്യൽ അരി തുടങ്ങിയവ) സൂക്ഷിക്കുവാൻ പാടില്ല.

17) സ്റ്റോക്കിൽനിന്നും ആവശ്യത്തിനുള്ള അരി, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ തുടങ്ങിയവ ചുമതലയുള്ള അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ മാത്രമേ എടുക്കുവാൻ പാടുള്ളൂ.

18) പാചകപ്പുരയിൽ നിന്നുള്ള മലിനജലം പുറത്തേക്ക് ഒഴുക്കികളയുന്നതിന് മേൽ മൂടിയുള്ള ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഭക്ഷണപദാർത്ഥങ്ങളുടെ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉച്ചഭക്ഷണ കമ്മറ്റിയുടെ അംഗീകാരത്തോടേയും പി.ടി.എ., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടേയും ഏർപ്പെടുത്താവുന്നതാണ്. ഭക്ഷണ പദാർത്ഥങ്ങളുടെ അവശിഷ്ടങ്ങൾ പാചകപ്പുരയിൽ നിന്നും ഡൈനിംഗ് ഹാളിൽ നിന്നും ഒരു നിശ്ചിത ദൂരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള വേസ്റ്റ് ബിന്നുകളിലോ, വേസ്റ്റ് ഡിസ്പോസൽ കുഴികളിലോ മാത്രം നിക്ഷേപിക്കേണ്ടതാണ്.

19) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന കൊല്ലത്തെ സി.ഇ.പി.സി.ഐ ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പിട്ടുണ്ട്. ഇതിൽപ്രകാരം ലാബുമായി ബന്ധപ്പെട്ട അധികാരികൾ സ്കൂളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുമ്പോൾ അതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രഥമാദ്ധ്യാപകർ ചെയ്തുകൊടുക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരുവിധ സാമ്പത്തിക ബാധ്യതയും സ്കൂൾ അധികാരികൾ വഹിക്കേണ്ടതില്ല.

20) വൃത്തിയും വെടിപ്പുമില്ലാത്ത സാഹചര്യത്തിൽ ഭക്ഷണം പാചകം ചെയ്യുന്നതും കുട്ടികൾക്ക് നൽകുന്നതും അങ്ങേയറ്റം കുറ്റകരമാണ്. ശുചിത്വമില്ലായ്മ മൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി, പ്രഥമാദ്ധ്യാപകൻ, ഉച്ചഭക്ഷണത്തിന്റെ ചുമതലയുള്ള അദ്ധ്യാപകർ, പാചകതൊഴിലാളി എന്നിവർ ഉത്തരവാദികളായിരിക്കും.

സി) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ

1) കെ.2 രജിസ്റ്റർ 2) ഉച്ച ഭക്ഷണ ഹാജർ പുസ്തകവും കൺസോളിഡേറ്റഡ് ഹാജർ പുസ്തകവും 3) മിഡ് ഡേ മീൽ ക്യാഷ് ബുക്ക് (ഫോറം നമ്പർ റ്റി.ആർ 7 എ)	എല്ലാ ദിവസവും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്
4) എൻ.എം.പി.-1 ഫോറം 5) ഉച്ച ഭക്ഷണ കമ്മറ്റി മിനിറ്റ്സ് ബുക്ക് 6) പച്ചക്കറി, പലവ്യഞ്ജനം, പാചക വാതകം എന്നിവ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ 7) സ്പെഷ്യൽ അരി വിതരണത്തിന്റെ അക്വിറ്റൻസ് രജിസ്റ്റർ 8) പാത്രങ്ങളുടെയും മറ്റ് ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ	

ഇതിനു പുറമെ സ്കൂൾ പാചകതൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി പ്രത്യേക ഹാജർ പുസ്തകവും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

മാവേലി സ്റ്റോറിൽ നിന്നു ലഭിക്കുന്ന രസീതുകൾ, സാധനങ്ങൾ (പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, പാചകവാതകം, പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവ) വാങ്ങിയതിന്റെ ബില്ലുകൾ, മിഡ് ഡേ മീൽ കറണ്ട് അക്കൗണ്ട് പാസ് ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യമായി സ്കൂളിൽ സൂക്ഷിക്കേണ്ടതും ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വരുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

1) കെ.2 രജിസ്റ്റർ എല്ലാ ദിവസവും നിർബന്ധമായും എഴുതേണ്ടതാണ്. മുട്ട/നേന്ത്രപ്പഴം, പാൽ എന്നിവ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ, മെനു, കാലിച്ചാക്ക് സംബന്ധിച്ച വിവരങ്ങൾ എന്നിവ കൂടി കെ.2 രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2) യഥാർത്ഥത്തിൽ ഭക്ഷണം കഴിക്കുന്നവരുടെ എണ്ണം മാത്രമേ കെ.2 രജിസ്റ്ററിൽ രേഖപ്പെടുത്താവൂ.

3) സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി ഓരോ മാസത്തേക്കും അംഗീകരിച്ച മെനു അതാത് മാസത്തെ കെ-2 രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

4) ഉച്ചഭോജന പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക ക്യാഷ് ബുക്ക് (ഫോറം റ്റി.ആർ 7 എ - റൂൾ 92 കെ.റ്റി.സി വോളിയം 2 പ്രകാരമുള്ള) സൂക്ഷിക്കേണ്ടതാണ്. എല്ലാ ദിവസവും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5) എൻ.എം.പി.(1) ഫോറം കൃത്യമായി മാസത്തിലെ അവസാന പ്രവൃത്തി ദിവസം തന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതും, അടുത്ത മാസത്തേക്കുള്ള ഇൻഡെന്റ് പാസാക്കി വാങ്ങേണ്ടതുമാണ്. എൻ.എം.പി (1) ഫോറത്തിന്റെ പരിഷ്കരിച്ച മാതൃക **അനുബന്ധം 2** ആയി ചേർത്തിട്ടുണ്ട്.

6) പാചക പാത്രങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ വാർഷിക ഭൗതിക പരിശോധന (ഫിസിക്കൽ വെരിഫിക്കേഷൻ) സർട്ടിഫിക്കറ്റ് രേഖപ്പെടുത്തേണ്ടതാണ്.

7) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പി.ടി.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ മുതലായവയിൽനിന്നും ലഭിക്കുന്ന ഫണ്ട്, ആയതിന്റെ ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ യാതൊരു കാരണവശാലും മിഡ് ഡേ മീൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുവാൻ പാടില്ല. ഇതിനായി പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

8) രജിസ്റ്ററുകളിലെ എല്ലാ പേജുകളിലും പ്രധമാദ്ധ്യാപകന്റെ ഒപ്പും, സീലും ഉണ്ടായിരിക്കേണ്ടതാണ്.

ഡി) ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

1. പാചക ചെലവിനത്തിൽ ഒരു നിശ്ചിത പ്രവൃത്തി ദിനങ്ങൾക്ക് ആവശ്യമായ തുക ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രധമാദ്ധ്യാപകന്റെ പേരിലുള്ള ഉച്ചഭക്ഷണ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മുൻകൂറായി നൽകുന്നതാണ്. ഈ ആവശ്യത്തിന് സേവിംഗ്സ് അക്കൗണ്ടിന് പകരം **സീറോബാലൻസ് കറണ്ട് അക്കൗണ്ട്** തുറക്കേണ്ടതാണ്.

2. ഓൺലൈനായി തങ്ങളുടെ ബാങ്കിടപാടുകൾ നിരീക്ഷിക്കുന്നതിനും ആവശ്യാനുസരണം അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനും ബാങ്കുകൾ നൽകുന്ന ഇടപാടുരഹിത ഓൺലൈൻ സംവിധാനം സ്കൂളുകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

3. പാചക ചെലവിനത്തിൽ ലഭിക്കുന്ന (ബാങ്കിൽനിന്നും മാറി എടുക്കുന്ന) തുകകൾ മിഡ് ഡേ മീൽ ക്യാഷ് ബുക്കിൽ കൃത്യമായി വരവുവയ്ക്കേണ്ടതാണ്.

4. ബന്ധപ്പെട്ട ഉപജില്ലാ ആഫീസർ അംഗീകരിച്ച കുട്ടികളുടെ (ഉച്ചഭക്ഷണം കഴിക്കുന്ന) എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും സ്കൂളിന് അർഹമായ പാചക ചെലവിനുള്ള തുക മുൻകൂറായി ബാങ്കിൽ നിന്ന് പിൻവലിക്കാവുന്നതിന് പ്രധമാദ്ധ്യാപകർക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ ഇപ്രകാരം പിൻവലിക്കുന്ന തുക തൊട്ടടുത്ത മാസം തന്നെ സെറ്റിൽ ചെയ്യേണ്ടതാണ്. ഇതിനായി തുക ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റും സാധനങ്ങളുടെ ഇനം തിരിച്ചുള്ള ബില്ലുകളും വൗച്ചറുകളും തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുൻപായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

5. അഡ്വാൻസായി പിൻവലിച്ച തുക പൂർണ്ണമായും സെറ്റിൽ ചെയ്ത് നൂൺമീൽ ആഫീസറുടെ അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമേ അടുത്ത മാസത്തേക്കുള്ള അഡ്വാൻസ് തുക ബാങ്കിൽ നിന്ന് പിൻവലിക്കാൻ പാടുള്ളൂ.

6. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പരിശോധനയിൽ ഉച്ചഭക്ഷണ കഴിക്കുന്ന കുട്ടികളുടെ യഥാർത്ഥ എണ്ണം അംഗീകൃത ഫീഡിംഗ് സ്ട്രെങ്ത്തിനേക്കാൾ കുറവാണെന്ന് (10 % ൽ കൂടുതൽ വ്യത്യാസം) കണ്ടെത്തുകയാണെങ്കിൽ മറ്റൊരു പ്രവൃത്തി ദിവസം ഒരിക്കൽകൂടി ടി സ്കൂളിൽ പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ഫീഡിംഗ് സ്ട്രെങ്ത്ത് പുനഃക്രമീകരിക്കുകയും പാചക ചെലവിനത്തിൽ അധികമായി നാളതുവരെ കൈപ്പറ്റിയ തുക തിരികെയീടാക്കുന്നതുമാണ്.

7. പാചക ചെലവിനുള്ള തുക പ്രഥമാദ്ധ്യപകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ഇ-ട്രാൻസ്ഫർ ചെയ്യുന്നതിനാൽ കുട്ടികളുടെ എണ്ണവും സ്കൂളിന്റെ അക്കൗണ്ട് നമ്പരും, ആവശ്യപ്പെടുന്ന ഡാറ്റയും പ്രഥമാദ്ധ്യാപകർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. കൃത്യമായി വിവരങ്ങൾ നൽകാത്ത സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതല്ല. കൃത്യമായും സമയബന്ധിതമായും ഫണ്ട് വാങ്ങിയെടുക്കേണ്ട ഉത്തരവാദിത്വം സ്കൂൾ പ്രഥമാദ്ധ്യാപകർക്കായിരിക്കും .

ഉപജില്ലാതലം

I) ഉപജില്ല (ബ്ളോക്ക്തലം) സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.

കമ്മറ്റിയുടെ ഘടന

1)	ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്	-	ചെയർമാൻ
2)	ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ	-	മെമ്പർ സെക്രട്ടറി
3)	നൂൺമീൽ ആഫീസർ	-	മെമ്പർ
4)	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)/സി.എച്ച്.സി	-	മെമ്പർ
5)	ഫുഡ് സേഫ്റ്റി ആഫീസർ	-	മെമ്പർ
6)	ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രതിനിധി	-	മെമ്പർ
7)	താലൂക്ക് ഡിപ്പോ മാനേജർ, സപ്ലൈക്കോ	-	മെമ്പർ
8)	ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി	-	മെമ്പർ
9)	ന്യൂട്രീഷൻ & ചൈൽഡ് ഡവലപ്മെന്റ് വിദഗ്ദ്ധർ (ലഭ്യമാണെങ്കിൽ)	-	മെമ്പർ
10)	ന്യൂട്രീഷൻ & ശിശുക്ഷേമ മേഖലയിലുള്ള 4 പ്രതിനിധികൾ (ഒരാൾ സ്ത്രീയായിരിക്കണം)	-	മെമ്പർ
11)	3 മുതൽ 5 വരെ വാർഡ് മെമ്പർമാർ (ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി)	-	മെമ്പർ
12)	പ്രഥമ അദ്ധ്യാപകരുടെ പ്രതിനിധികൾ (ഒരാളെങ്കിലും)	-	മെമ്പർ

ഉപജില്ലയിലെ പദ്ധതിയുടെ മോണിറ്ററിംഗ് ഈ കമ്മറ്റിയുടെ ചുമതലയിലായിരിക്കും. കുറഞ്ഞത് ഒരു വർഷത്തിൽ നാലു തവണയെങ്കിലും (ഓരോ പാദത്തിലും ഒരു തവണയെങ്കിലും) കമ്മറ്റി യോഗം ചേരേണ്ടതും മിനിറ്റ്സിന്റെ പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. 2018-19 ആദ്യ പാദത്തിലെ കമ്മറ്റി യോഗം ജൂൺ മാസം തന്നെ ചേരേണ്ടതാണ്.

II) ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിലെ നൂൺമീൽ ഓഫീസറുടെ ചുമതലകൾ

1) സ്കൂൾ തുറന്ന പ്രവൃത്തിദിവസം മുതൽ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി ആരംഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ജൂൺ മാസത്തേയ്ക്കാവശ്യമായ അരി മെയ്മാസം അവസാനവാരം തന്നെ പാസ്സാക്കി നൽകണം. മുൻ വർഷത്തെ ഫീഡിംഗ് സ്ട്രെങ്തനുസരിച്ച് ജൂൺ മാസത്തെ ഇൻഡെന്റ് പാസ്സാക്കാവുന്നതാണ്. ജൂൺ മാസത്തെ ഇൻഡന്റ് പാസ്സാക്കുന്നതിനു മുൻപ് അരിയുടെ സ്കൂൾതല സ്റ്റോക്ക് ബാലൻസ് റിപ്പോർട്ട് വിശദമായി പരിശോധിക്കേണ്ടതാണ്. വളരെ കൂടുതൽ സ്റ്റോക്ക് കാണുകയോ, മൈനസ് സ്റ്റോക്ക് കാണുകയോ ചെയ്യുകയാണെങ്കിൽ അവ പരിശോധിച്ച് Excess/Shortage Entry മുഖേന സ്റ്റേറ്റ് സോഫ്റ്റ്വെയറിൽ Stock Balance അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

2) സ്കൂൾ നൂൺഫീഡിംഗ് കമ്മറ്റി അംഗീകരിച്ചു സമർപ്പിക്കുന്ന ലിസ്റ്റ് പരിശോധിച്ച് ഓരോ സ്കൂളിലെയും ഉച്ചഭക്ഷണത്തിനർഹരായവരുടെ ലിസ്റ്റ് അംഗീകരിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേലൊപ്പോടുകൂടി

ജൂൺ 15-ാം തീയതിക്കകം സ്കൂളുകൾക്ക് തിരികെ നൽകണം. ലിസ്റ്റിന്റെ ഒരു പകർപ്പ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സൂക്ഷിക്കേണ്ടതാണ്.

3) അംഗീകരിച്ചു നൽകുന്ന കുട്ടികളുടെ എണ്ണത്തിന്റെ ക്ലാസ്തിരിച്ചുള്ള കൺസോളിഡേറ്റഡ് ലിസ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. സ്റ്റേറ്റ് സോഫ്റ്റ്വെയറിലെ സ്കൂൾ മാസ്റ്ററിൽ ഇതു സംബന്ധിച്ച എൻട്രി വരുത്തേണ്ടതാണ്.

4) അദ്ധ്യയന വർഷത്തിനിടയ്ക്ക് പുതുതായി കുട്ടികൾ വന്നുചേരുകയോ, കൊഴിഞ്ഞുപോകുകയോ ചെയ്യുമ്പോൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയോടെ ഗുണഭോക്താക്കളുടെ അംഗബലം പുതുക്കി നൽകണം. ഇതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിനെ സമീപിക്കേണ്ടതില്ല.

5) പുതുതായി അംഗീകാരം ലഭിക്കുന്ന എയ്ഡഡ്/സ്പെഷ്യൽ സ്കൂളുകളിൽ ഉച്ചഭക്ഷണം ആരംഭിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം. ഇതിനായി സ്കൂളിൽനിന്നുള്ള അപേക്ഷ, അംഗീകാരത്തിന്റെ തെളിവ് (സാക്ഷ്യപ്പെടുത്തിയത്), കുട്ടികളുടെ ലിസ്റ്റ് (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മേലൊപ്പുവച്ചത്) ഇവ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

6) ബദൽ സ്കൂളുകളുടെ ഇൻഡെന്റും, സ്റ്റോക്ക് ചേർക്കലും 5-ാം ക്ലാസ്സിന്റെ കോളത്തിൽ ചേർക്കണം. മറ്റു കോളത്തിൽ ചേർത്താൽ അവർക്ക് പാചകചെലവിനുള്ള തുക ലഭിക്കില്ല.

7) സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ ഇൻഡെന്റും, സ്റ്റോക്കും ചേർക്കുമ്പോൾ 12 വയസ്സിനു താഴെയുള്ള വരെ 5-ാം ക്ലാസിന്റെ കോളത്തിലും 12 വയസ്സിനു മുകളിലുള്ളവരെ 8-ാം ക്ലാസ്സിന്റെ കോളത്തിലും ചേർക്കേണ്ടതാണ്.

8) ഇൻഡെന്റ്/സ്റ്റോക്ക് എന്നിവ പാസ്സാക്കികഴിഞ്ഞാൽ തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ വരുത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിൽനിന്നും പ്രസ്തുത സ്കൂളിന്റെ വെരിഫിക്കേഷൻ ക്യാൻസൽ ചെയ്യിക്കേണ്ടതും തിരുത്തലുകൾ വരുത്തേണ്ടതുമാണ്. ഒരു മാസത്തെ എൻട്രി എഡിറ്റ് ചെയ്യുന്നതിന് തന്മാസം വരെയുള്ള എല്ലാ വെരിഫിക്കേഷനും ക്യാൻസൽ ചെയ്തുവാങ്ങി തെറ്റായ മാസത്തിലെ എൻട്രി എഡിറ്റ് ചെയ്യുകയും തുടർന്നുള്ള മാസങ്ങളിലെ എൻട്രി അപ്ഡേറ്റ് ചെയ്യുകയും വേണം.

9) **എല്ലാ മാസവും അഞ്ചാം തീയതിക്കകം** അതായത് മാസത്തേയ്ക്ക് ആവശ്യമുള്ള അരിയുടെ മുഴുവൻ ഇൻഡെന്റും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അംഗീകാരത്തോടെ ഉച്ചഭക്ഷണത്തിനായുള്ള സ്റ്റേറ്റ് സോഫ്റ്റ്വെയർ മുഖേന പാസ്സാക്കിയിരിക്കണം.

10) ഓരോ സ്കൂളിനും അധികം/കുറവ് വരുന്ന അരി സ്റ്റേറ്റ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തലുകൾ നടത്തി യഥാസമയം സ്റ്റോക്ക് ക്രമപ്പെടുത്തേണ്ടതാണ്.

11) **എം.ഐ.എസ് സോഫ്റ്റ്വെയറിലുള്ള ആനുവൽ ഡാറ്റ എൻട്രി അദ്ധ്യയന വർഷാരംഭത്തിലും, മന്ത്ലി ഡാറ്റാ എൻട്രി തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുൻപായും പൂർത്തീകരിക്കേണ്ടതാണ്.** ടി ഇനത്തിൽ പൂർത്തീകരിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ സ്കൂളിനും ആവശ്യമായ അരി, പാചക ചെലവിനുള്ള തുക, പാചകതൊഴിലാളികൾക്കുള്ള ഓണറേറിയം, കിച്ചൺ-കം-സ്റ്റോർ, പാചക ഉപകരണങ്ങൾ എന്നിവക്കുള്ള കേന്ദ്ര വിഹിതം അനുവദിക്കുന്നത്. കൃത്യമായും സമയബന്ധിതവുമായും ഡാറ്റാ എൻട്രി ചെയ്യുന്ന സ്കൂളുകൾക്ക് മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ.

12) മൂന്നു മാസത്തിലൊരിക്കൽ കുട്ടികളുടെ Health Data, എം.ഐ.എസ് സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

13) സ്പെഷ്യൽ അരി വിതരണം മിഡ് ഡേ മീൽ സോഫ്റ്റ്വെയർ ഉപയോഗിച്ചുതന്നെ ചെയ്യണം.

14) പാചകതൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിനുള്ള തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ മിഡ് ഡേ മീൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ഇ-ട്രാൻസ്ഫർ ചെയ്തു നൽകുന്നതാണ്. സ്കൂളുകൾ സമർപ്പിക്കുന്ന എൻ.എം.പി ഷോറം ഒന്നിലെ പ്രവൃത്തി ദിനങ്ങൾ അടിസ്ഥാനപ്പെടുത്തി ഓരോ മാസത്തേക്കും പാചകതൊഴിലാളികൾക്ക് അർഹതപ്പെട്ട ഓണറേറിയം **തൊട്ടടുത്ത മാസം 5-ാം തീയതിക്കു** മുൻപായി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്. പാചക തൊഴിലാളികൾക്ക് ഓണറേറിയം വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുവാൻ പാടില്ല.

15) സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയുടെ അംഗീകാരത്തോടെ സ്കൂളുകൾ സമർപ്പിക്കുന്ന മുൻമാസത്തെ പാചക ചെലവ് സംബന്ധിച്ച (അഡ്വാൻസായി സ്കൂളുകൾ പിൻവലിച്ച തുക) വരവ് ചെലവ് കണക്കുകളും വാങ്ങിയ സാധനങ്ങളുടെ ഇനം തിരിച്ചുള്ള ബില്ലുകളും വൗച്ചറുകളും, മെനുവും കൃത്യമായി പരിശോധിച്ച് അർഹമായ തുക അംഗീകരിച്ച് **അതാത് മാസം 15-ാം തീയതിക്കു മുൻപായി** തിരികെ നൽകേണ്ടതാണ്.

16) **മുൻ മാസത്തെ അഡ്വാൻസ് തുക സെറ്റിൽ ചെയ്തതിനു ശേഷം മാത്രമേ സ്കൂൾ പ്രഥമാദ്ധ്യാപകർ മിഡ് ഡേ മീൽ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് തൻമാസത്തേക്കുള്ള അഡ്വാൻസ് തുക പിൻവലിയ്ക്കുന്നുള്ളൂവെന്ന് കർശനമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.** ഇതിൽ വീഴ്ച വരുത്തുന്ന സ്കൂളുകൾക്ക് തുടർന്ന് അഡ്വാൻസായി തുക പിൻവലിക്കാനുള്ള സൗകര്യം നൽകേണ്ടതില്ല.

17) ഓരോ സ്കൂളിനും ലഭിച്ച ഫണ്ടിന്റെ വരവ് ചെലവുകളുടെ വിശദവിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിവയ്ക്കണം. സ്കൂളുകളിൽനിന്നും ലഭിക്കുന്ന എൻ.എം.പി.(1) ഷോറവും, ചെലവു പട്ടികയും മാസക്രമത്തിൽ സൂക്ഷിക്കണം. ആവശ്യപ്പെടുന്ന അവസരത്തിൽ ഇവയെല്ലാം പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

18) ഉപജില്ലയിലെ പരിധിയിൽ വരുന്ന സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി അനുവദിച്ച അരിയുടെ അളവ്, ഉപയോഗിച്ച അരിയുടെ അളവ്, ബാലൻസ്, പാചക ചെലവിന് അനുവദിച്ച തുക, ചെലവ്, ബാലൻസ് തുക, പാചകതൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിന് അനുവദിച്ച തുക, ചെലവ്, ബാലൻസ് തുക, സ്കൂൾ ഹെൽത്ത് ഡേറ്റ എന്നിവയുടെ ഓരോ പാദത്തിലെയും ക്വാർട്ടർലി പെർഫോമൻസ് സ്റ്റേറ്റ്മെന്റുകൾ (ക്യു.പി.ആർ) തൊട്ടടുത്ത പാദത്തിലെ ആദ്യ മാസം 7-ാം തീയതിക്ക് മുൻപായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ക്വാർട്ടർലി പെർഫോമൻസ് സ്റ്റേറ്റ്മെന്റുകളുടെ മാതൃക 31/05/2018 ന് മുൻപായി നൽകുന്നതാണ്.

ഒന്നാം പാദം - ഏപ്രിൽ, മേയ്, ജൂൺ (ക്യു.പി.ആർ സമർപ്പിക്കേണ്ടത് ജൂലൈ 7)
രണ്ടാം പാദം - ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ (ക്യു.പി.ആർ സമർപ്പിക്കേണ്ടത് ഒക്ടോബർ 7)
മൂന്നാം പാദം - ഒക്ടോബർ, നവംബർ, ഡിസംബർ (ക്യു.പി.ആർ സമർപ്പിക്കേണ്ടത് ജനുവരി 7)
നാലാം പാദം - ജനുവരി, ഫെബ്രുവരി, മാർച്ച് (ക്യു.പി.ആർ സമർപ്പിക്കേണ്ടത് ഏപ്രിൽ 7)

19) കിച്ചൺ കം സ്റ്റോർ നിർമ്മാണം, പാചക ഉപകരണങ്ങൾ പുതിയത് വാങ്ങുന്നതിനും പഴയത് മാറ്റി വാങ്ങുന്നതിനും അനുവദിക്കുന്ന തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ സ്കൂളുകളിൽ നിന്നും വാങ്ങി കൃത്യമായി പരിശോധിച്ച് സൂക്ഷിക്കുകയും വിനിയോഗ സർട്ടിഫിക്കറ്റ് കെ.എച്ച്.സി ഷോറം നമ്പർ 44 ൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമയബന്ധിതമായി സമർപ്പിയ്ക്കേണ്ടതുമാണ്.

20) എം.ജി.എൽ.സി/ബദൽ സ്കൂളുകൾക്ക് അനുവദിക്കുന്ന പാചകചെലവിനുള്ള തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരമാണ് നൽകുന്നത് എന്നതിനാൽ ടി തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം അതാത് ഉപജില്ല ഓഫീസുകളിൽ കൃത്യമായി സൂക്ഷിക്കുകയും വിനിയോഗ സർട്ടിഫിക്കറ്റ് കെ.എച്ച്.സി ഷോറം നമ്പർ 44-ൽ സാമ്പത്തിക വർഷം അവസാനം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.

21) വാർഷിക/സന്ദർശന റിഷോർട്ടിനുള്ള മറുപടി നൽകുമ്പോൾ ചൂണ്ടികാണിക്കപ്പെട്ട ന്യൂനതകൾ പരിഹരിച്ച ശേഷം സ്കൂളുകളിൽനിന്നു ലഭിക്കുന്ന മറുപടി നിശ്ചിത മാതൃകയിൽ ക്രോഡീകരിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വ്യക്തമായ അഭിപ്രായക്കുറിഷോടുകൂടി മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് തുടർനടപടിക്കായി അയക്കുവാൻ പാടുള്ളൂ. അല്ലാത്തവ തിരിച്ചയക്കുന്നതാണ്.

22) വാർഷിക/സന്ദർശന റിപ്പോർട്ട്പ്രകാരം തുക തിരിച്ചടയ്ക്കാനുണ്ടെങ്കിൽ തുക **0202-01-102-92 - Other Receipts** എന്ന ശീർഷകത്തിൽ തിരിച്ചടപ്പിച്ച് ചെലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി വേണം പരിഹൃത റിപ്പോർട്ട് അയക്കേണ്ടത്. ഓഡിറ്റ് തടസ്സവാദങ്ങളുടെ അടിസ്ഥാനത്തിൽ അരി വില തിരിച്ചടയ്ക്കേണ്ടി വരുമ്പോൾ 2016-17 അദ്ധ്യയന വർഷം മുതൽ കിലോയ്ക്ക് 32/- രൂപ നിരക്കിലും അതിനു മുൻപുള്ള കാലയളവിലേയ്ക്ക് 28/- രൂപ നിരക്കിലും വേണം തിരിച്ചടയ്ക്കേണ്ട തുക തിട്ടപ്പെടുത്തുവാൻ.

23) വിവര ശേഖരണത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽനിന്നും ഏതെങ്കിലും മാതൃകാ ഫോറം നൽകുകയാണെങ്കിൽ പ്രസ്തുത മാതൃകയിൽതന്നെയായിരിക്കണം വിവരങ്ങൾ സമർപ്പിക്കേണ്ടത്. കണക്കുകൾ സംബന്ധിച്ച കാര്യങ്ങൾ ഇ-മെയിൽ ചെയ്യുകയാണെങ്കിൽ Microsoft Excel മാത്രമേ ഉപയോഗിക്കാവൂ.

24) ഇ-മെയിൽ അയക്കുമ്പോൾ സാധാരണ ഉപയോഗത്തിലിരിക്കുന്ന ഫോണ്ടുകൾ മാത്രമേ ഉപയോഗിക്കാവൂ. പുതിയതായി ലഭ്യമാകുന്ന ഫോണ്ട് ഉപയോഗിച്ചാൽ അവ ഡൗൺലോഡ് ചെയ്യാൻ ബുദ്ധിമുട്ടായിരിക്കും.

25) സ്കൂളുകൾക്ക് ആവശ്യമായ പാചകോപകരണങ്ങൾ, സ്റ്റേഷനറി മുതലായവയ്ക്ക് അനുവദിക്കുന്ന തുകയുടെ വിവരം ബന്ധപ്പെട്ട മാസത്തെ Monthly Data – യിൽ ഉൾപ്പെടുത്തേണ്ടതാണ്.

26) ഡാറ്റാ എൻട്രി ജീവനക്കാർക്ക് ഓരോ മാസവും വേതനം ലഭ്യമാക്കുന്നതിനുള്ള രേഖകൾ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ടെന്ന സാക്ഷ്യപ്പെടുത്തലോടെ അതാത് മാസം അവസാന പ്രവൃത്തി ദിവസം തന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

27) സ്കൂളുകളിൽ നിന്നും എല്ലാ മാസവും എൻ.എം.പി 1 മുഖാന്തിരം ശേഖരിക്കുന്ന ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം, അരിയുടെയും ഫണ്ടിന്റെയും വിനിയോഗവും ബാലൻസും തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റുകളിൽ (മാതൃക 31/05/2018 ന് മുൻപായി നൽകുന്നതാണ്) രേഖപ്പെടുത്തി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

28) ബന്ധപ്പെട്ട ഉപജില്ലയുടെ പരിധിയിലുള്ള ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട **10 സ്കൂളുകളിലെങ്കിലും** ഓരോ മാസം സന്ദർശനം നടത്തേണ്ടതും അതായത് അദ്ധ്യയന വർഷത്തിനുള്ളിൽ ഒരു തവണയെങ്കിലും എല്ലാ സ്കൂളിലും നിർബന്ധമായി സന്ദർശനം നടത്തുകയും വേണം. സന്ദർശന വേളയിൽ അപാകതകൾ കണ്ടെത്തുന്ന സ്കൂളുകളിൽ തുടർ സന്ദർശനം നടത്തി അപാകതകൾ പരിഹരിച്ചുവെന്ന് ഉറപ്പ് വരുത്തണം.

29) സ്കൂൾ സന്ദർശനത്തിന്റെ ഒബ്സർവ്വേറ്റീവ് ടൂർ പ്രോഗ്രാം, ആകസ്മിക ടൂർ പ്രോഗ്രാം എന്നിവ തയ്യാറാക്കി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

30) യഥാസമയം സ്കൂൾ സന്ദർശനം നടത്തി ഗുണഭോക്താക്കളുടെ എണ്ണം കൃത്യമെന്നുറപ്പ് വരുത്തുക, ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുക, ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിലും കുട്ടികൾക്ക് നൽകുന്നതിലും അങ്ങേയറ്റം ശുചിത്വം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, പാചകപ്പുര, സ്റ്റോർ മുറി, പാചകപ്പുരയുടെ പരിസരം, ഡൈനിംഗ് ഹാൾ, ജല സ്രോതസ്സുകൾ എന്നിവയുടെ ശുചിത്വം പരിശോധിക്കുക, ഉച്ചഭക്ഷണപദ്ധതിയുമായി ബന്ധപ്പെട്ട സാധന സാമഗ്രികളുടെ സ്റ്റോക്കിന്റെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുക, സ്കൂൾ നൂൺ ഫീഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം വിലയിരുത്തുക, ടി കമ്മറ്റി യഥാസമയം കൂടുന്നുണ്ടോ എന്ന് പരിശോധിക്കുക, കമ്മറ്റി യോഗങ്ങളുടെ മിനിട്സ് പരിശോധിച്ച് അതാത് മാസത്തെ വരവ് ചെലവുകൾ കമ്മറ്റി അംഗീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക, പൊതുവിദ്യാഭ്യാസ ഡയറക്ടർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ രേഖ, സർക്കുലറുകൾ എന്നിവ പ്രകാരമാണോ സ്കൂളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുക എന്നിവ നൂൺമീൽ ഓഫീസറുടെ പ്രധാന കർത്തവ്യങ്ങളാണ്. ടി കർത്തവ്യങ്ങൾ ഓരോന്നും ശുഷ്കാന്തിയോടും സത്യസന്ധമായും നിർവ്വഹിക്കേണ്ടതാണ്.

31) നൂൺമീൽ ഓഫീസർ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന്റെ പരിശോധനകൾ 11. 00 AM നും 3.00 PM നും മദ്ധ്യേ നിർവ്വഹിക്കേണ്ടതാണ്. പരിശോധനാസമയത്ത് ശേഖരിക്കുന്ന വിവരങ്ങൾ ഫോറം നം. കെ.4 ൽ രേഖപ്പെടുത്തി ബന്ധപ്പെട്ട നൂൺഫീഡിംഗ് സൂപ്പർവൈസർക്ക് തുടർനടപടികൾക്കായി സമർപ്പിക്കേണ്ടതാണ്.

32) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതകൾ സ്കൂൾ പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്കൂൾ അധികൃതർക്ക് അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്. അംഗീകൃത ലിസ്റ്റിനേക്കാളും ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കാണുന്ന വലിയ വ്യത്യാസം, ഫണ്ട് വിനിയോഗത്തിലെ അപാകതകൾ, തുടങ്ങിയ ഗൗരവപരമായ വിഷയങ്ങൾ അടിയന്തിരമായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ടി വിഷയങ്ങളും, അപാകത പരിഹരിക്കുന്നതിന് സ്കൂളധികൃതർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതും ബന്ധപ്പെട്ട നൂൺഫീഡിംഗ് സൂപ്പർവൈസർക്ക് തുടർ നടപടികൾക്കായി എത്രയും പെട്ടന്ന് തന്നെ സമർപ്പിയ്ക്കേണ്ടതാണ്.

33) നൂൺഫീഡിംഗ് സൂപ്പർവൈസറുടെ പരിശോധനാ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

34) ഉച്ചഭക്ഷണം സംബന്ധമായ വിഷയങ്ങളിൽ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും, രക്ഷിതാക്കൾക്കും, പൊതുജനങ്ങൾക്കും നൂൺമീൽ ഓഫീസറുമായി നേരിട്ട് ആശയ വിനിമയം നടത്തുന്നതിനും പരാതികൾ സ്വീകരിയ്ക്കുന്നതിനും ശനിയാഴ്ച ദിവസം (സ്കൂൾ പ്രവർത്തി ദിനമല്ലാത്ത ശനിയാഴ്ച) പൂർണ്ണമായി ഇക്കാര്യങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതും നൂൺമീൽ ഓഫീസർ പ്രസ്തുത ദിവസം ഓഫിസിൽ നിർബന്ധമായും ഉണ്ടായിരിയ്ക്കേണ്ടതുമാണ്.

35) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് കത്തുകളും, റിപ്പോർട്ടുകളും, സ്റ്റേറ്റ്മെന്റുകളും അയയ്ക്കാൻ പാടുള്ളൂ.

III) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലകൾ

1) ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് ഉച്ചഭക്ഷണ പദ്ധതിയുടെ ബ്ലോക്ക്തല സ്റ്റിയറിംഗ് കം മോണിറ്ററിങ്ങ് കമ്മറ്റി എല്ലാ പാദത്തിലും വിളിച്ചു ചേർക്കേണ്ടതാണ്. കമ്മറ്റിയുടെ മിനിറ്റ്സ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അയച്ചു നൽകേണ്ടതാണ്.

2) ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് ബ്ലോക്ക് തല മോണിറ്ററിംഗ് കമ്മറ്റി കൊക്കൊള്ളുന്ന തീരുമാനങ്ങൾ കാലതാമസം കൂടാതെ നടഷിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

3) സ്കൂളുകൾ സമർഷിക്കുന്ന എൻ.എം.പി 1 ഫോറം പരിശോധിച്ച് 5-ാം തീയതിക്കു മുൻപായി അരിയുടെ ഇൻഡന്റ് പാസാക്കി നൽകുക, 15-ാം തീയതിക്കു മുൻപായി സ്കൂളുകളുടെ ബില്ലുകളും വൗച്ചറുകളും അംഗീകരിച്ച് തിരികെ നൽകുക, പാചകതൊഴിലാളികളുടെ ഓണറേറിയം 5-ാം തീയതിക്കു മുൻപായി അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇ-ട്രാൻസ്ഫർ ചെയ്ത് നൽകുക, ഓരോ പാദത്തിലെയും ക്യു.പി.ആർ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർഷിക്കുക, സ്കൂൾ സന്ദർശനത്തിന്റെ റിപ്പോർട്ടുകൾ തയ്യാറാക്കി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുക, നൂൺഫീഡിംഗ് സൂപ്പർവൈസറുടെ പരിശോധനാ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടഷിലാക്കുക, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക തുടങ്ങിയ ഒട്ടനവധി ചുമതലകൾ കൃത്യമായി നിറവേറ്റുന്നതിന് നൂൺമീൽ ഓഫീസറെ സഹായിക്കുന്നതിലേക്കായി ഒരു ക്ലാർക്കിന്റെ സേവനം അത്യന്താപേക്ഷിതമാണ്. **ആയതിനാൽ നൂൺമീൽ ആഫീസറെ സഹായിക്കുന്നതിനും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പു സംബന്ധമായ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും ഉപജില്ല വിദ്യാഭ്യാസ ഓഫിസിലെ ഒരു ക്ലാർക്കിന്റെ മുഴുവൻ സമയ സേവനം ഉറപ്പുവരുത്തേണ്ടതാണ്. (ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള 15-9-2015 ലെ ഒ.എം (1)/61786/2015/ഡി.പി.ഐ**

എന്ന സർക്കുലർ കാണുക). ഇതിൽ വിഴ്ച വരുത്തുന്ന ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കെതിരെയും ബന്ധപ്പെട്ട സീനിയർ സൂപ്രണ്ടിനെതിരെയും വകുപ്പ്തല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

4) **മേൽ നിർദ്ദേശ പ്രകാരം നൂൺമീൽ ആഫീസറെ സഹായിക്കുവാൻ ചുമതലപ്പെടുത്തിയ ക്ലാർക്കിന്റെ പേരും ഫോൺ നമ്പരും ജൂൺ 10-ാം തീയതിക്കു മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇ-മെയിൽ മുഖാന്തിരം (dpinoonmeal@gmail.com) അറിയിക്കേണ്ടതാണ്.**

5) **ഉപജില്ലയിലെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടക്കുന്നു എന്ന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ സീനിയർ സൂപ്രണ്ട് കൂടി ഉറപ്പു വരുത്തേണ്ടതാണ്. ഇതിനാവശ്യമായി നിർദ്ദേശങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ബന്ധപ്പെട്ട സീനിയർ സൂപ്രണ്ടിന് നൽകേണ്ടതാണ്.**

6) **ഉപജില്ലയിലെ എല്ലാ സ്കൂളുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രഭാത ഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിനും കൃഷി വകുപ്പിന്റെ സഹായത്തോടെ അടുക്കള പച്ചക്കറിത്തോട്ടം സജ്ജീകരിക്കുന്നതിനും ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടതാണ്.**

7) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ധന സഹായം, എം.എൽ.എമാരുടെ പ്രാദേശിക വികസന ഫണ്ട്, സി.എ സ്.ആർ ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തി ഉപജില്ലയിലെ സ്കൂളുകൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനാവശ്യ മായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, വാട്ടർ പ്യൂരിഫൈർ, ബയോ ഗ്യാസ് പ്ലാന്റ്, പാചക ഉപകരണ ങ്ങൾ, സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും, പാചകതൊഴിലാളികൾക്കുള്ള ഏപ്രൺ, ഗ്ലൗസ്, ഹെഡ്ക്യാപ് എന്നിവ വാങ്ങുന്നതിനും ആവശ്യമായ നടപടികൾക്ക് നേതൃത്വം നൽകേണ്ടതാണ്.

8) എം.ജി.എൽ.സി/ബദൽ സ്കൂളുകൾക്ക് ആവശ്യമുള്ള ഫണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതും, ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബാങ്കിൽ നിന്നും പിൻവലിച്ച് അവർക്ക് നേരിട്ട് നൽകേണ്ടതുമാണ്. ആയതിന്റെ വരവ് ചെലവ് കണക്ക് മാസക്രമത്തിൽ കൃത്യമായി ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം.

9) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് അയക്കുന്ന തപാലുകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കൃത്യമായ റഫറൻസ് നമ്പർ നിർബന്ധമായും ചേർത്തിരിക്കണം. അയയ്ക്കുന്ന തപാലുകളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിയ്ക്കേണ്ടതാണ്.

10) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സമയപരിധി രേഖപ്പെടുത്തി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിൽ സമയപരിധി നിർബന്ധമായും പാലിച്ചിരിക്കണം.

11) ആറു മാസത്തിലൊരിക്കൽ പാചകതൊഴിലാളികളുടെ യോഗം വിളിച്ചുകൂട്ടി അവരുടെ വേതനം, ചുമതലകൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

12) ഉച്ചഭക്ഷണത്തിന് പുതിയതായി സ്കൂളുകളെ ചേർക്കുന്നതിനും സ്കൂൾ കോഡ് അനുവദിച്ചു കിട്ടുന്നതിനും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ സമീപിക്കേണ്ടതും KITE Dictrict Co-ordintor മുഖേന സ്കൂൾ കോഡ് വാങ്ങേണ്ടതുമാണ്.

13) കാലിച്ചാക്ക് വിൽപന ഇനത്തിൽ ലഭിക്കുന്ന തുക സ്കൂളുകളിൽ നിന്നും ശേഖരിച്ച് ആയതിന് TR5 രസീത് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നൽകുകയും പ്രസ്തുത തുകയിൽ 5% ജി.എസ്.ടി കിഴിച്ചുള്ള തുക 0202-01-102-92 -Other Receipts എന്ന റവന്യൂ ശീർഷകത്തിലും അടച്ച് ആയതിന്റെ രസീത് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സൂക്ഷിക്കേണ്ടതുമാണ്. ജി.എസ്.ടി ഇനത്തിൽ ശേഖരിച്ച തുക തുടർ നടപടി നിർദ്ദേശി ക്കുന്നതുവരെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

14) സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സന്ദർശന വിവരം അതാതു മാസത്തെ Monthly Data Entry – യിൽ ഉൾപ്പെടുത്തേണ്ടതാണ്.

15) ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി ജോലികൾ മാത്രം നിർവ്വഹിക്കുന്നതിന് ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം മാസത്തിൽ പരമാവധി 10 ദിവസം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. നിശ്ചിത യോഗ്യതയുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന അംഗീകൃത വേതന നിരക്കിൽ ദിവസ വേതന അടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റുകൾ / മറ്റ് അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് നിയമിക്കാവുന്നതാണ്.

16) ഉപജില്ലയുടെ പരിധിയിൽ വരുന്ന സ്കൂളുകൾ സന്ദർശിച്ച് പദ്ധതി പ്രവർത്തനം സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമായാണ് നടക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

17) നൂൺമീൽ ഓഫീസർ തന്റെ കർത്തവ്യങ്ങളും ചുമതലകളും യഥാസമയം നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കേണ്ടതാണ്.

18) അരിയുടെ ഗുണമേന്മ സംബന്ധിച്ച് പ്രധമാദ്ധ്യാപകർ പരാതികൾ സമർപ്പിക്കുന്ന പക്ഷം ടി വിഷയം എത്രയും പെട്ടന്ന് സപ്ലൈക്കോ താലൂക്ക് ഡിപ്പോ മനേജരുടെ ശ്രദ്ധയിൽപ്പെടുത്തി സ്കൂളുകൾക്ക് ഗുണമേന്മയുള്ള അരി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

19) സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രധമാദ്ധ്യാപകരുടെ റിട്ടയർമെന്റ് ആഡിറ്റ് (ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട) സംബന്ധമായ റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും ലഭിച്ചാൽ ഉടൻ തന്നെ ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം വരുത്തുന്ന പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

20) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന കൊല്ലത്തെ സി.ഇ.പി.സി.ഐ ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പിട്ടുണ്ട്. ഇതിൻപ്രകാരം ലാബുമായി ബന്ധപ്പെട്ട അധികാരികൾ സ്കൂളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുമ്പോൾ അതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രധമാദ്ധ്യാപകർ ചെയ്തുകൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരുവിധ സാമ്പത്തിക ബാധ്യതയും സ്കൂൾ അധികാരികളോ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസോ വഹിക്കേണ്ടതില്ല.

21) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വിളിച്ചുചേർക്കുന്ന പ്രധമാദ്ധ്യാപകരുടെ യോഗത്തിൽ ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനം ഒരു മുഖ്യ അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്. ടി യോഗത്തിൽ നൂൺമീൽ ആഫീസറെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

22) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയെക്കുറിച്ചും പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടുന്ന പ്രതിദിന ഭക്ഷ്യധാന്യത്തിന്റേയും ഭക്ഷണത്തിൽകൂടി ലഭിക്കേണ്ട കലോറി മൂല്യം പ്രോട്ടീൻ എന്നിവ സംബന്ധിച്ചും വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും, പൊതു സമൂഹത്തിനും അറിവ് പകരുന്നതിനായി മിഡ് ഡേ മീൽ ബോധവൽക്കരണ ക്യാംമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനതല സമിതികൾ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ നേതൃത്വത്തിൽ തദ്ദേശസ്ഥാപന പരിധിയിൽവരുന്ന സ്കൂളുകളിലെ ഉച്ചക്ഷേണപരിപാടിയുടെ നടത്തിപ്പിനായി മേൽനോട്ടസമിതി രൂപീകരിക്കണം.

ഘടന

1)	ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന മേധാവി	- ചെയർമാൻ
2)	തദ്ദേശഭരണസ്ഥാപന ആസ്ഥാനത്തെ ചുമതലപ്പെടുത്തിയ ഹെഡ്മാസ്റ്റർ	- കൺവീനർ
3)	പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി	- മെമ്പർ
4)	വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് എന്നിവയുടെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	- മെമ്പർ
5)	വാർഡ് മെമ്പർ/കൗൺസിലർ	- മെമ്പർ
6)	മെഡിക്കൽ ഓഫീസർ (പി.എച്.സി.)	- മെമ്പർ
7)	ന്യൂട്രീഷൻ ആന്റ് ചൈൽഡ് ഡവലപ്മെന്റ് വിദഗ്ധർ (ലഭ്യമാണെങ്കിൽ)	- മെമ്പർ
8)	ന്യൂട്രീഷനും ശിശുക്ഷേമ മേഖലയിലുള്ള നാല് പ്രതിനിധികൾ (ഒരാൾ സ്ത്രീയായിരിക്കണം)	- മെമ്പർ
9)	പി.ടി.എ/എം.പി.ടി.എ. പ്രസിഡന്റ്	- മെമ്പർ
10)	അദ്ധ്യാപക പ്രതിനിധികൾ (ഒരാളെങ്കിലും)	- മെമ്പർ

പ്രസ്തുത കമ്മറ്റി സ്കൂളിലെ ഉച്ചക്ഷേണ പദ്ധതി പോഷകസമൃദ്ധവും ശുചിത്വപൂർണ്ണവുമാക്കുന്നതിനും, പാചകപ്പുര, സ്റ്റോർ, പാത്രങ്ങൾ വാങ്ങൽ, ശുദ്ധജലവിതരണം, ബയോഗ്യാസ് പ്ലാന്റ് മുതലായവ സജ്ജീകരിക്കുന്നതിനും ആവശ്യമായ ഫണ്ട് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിദ്യാഭ്യാസ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വർഷത്തിൽ നാലു തവണയെങ്കിലും (ഓരോ പാദത്തിലും ഒരു തവണ വീതം) യോഗം ചേരേണ്ടതും ആയതിന്റെ മിനിറ്റ്സിന്റെ പകർപ്പ് യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. 2018-19 ലെ ആദ്യപാദത്തിലെ യോഗം ജൂൺ മാസം തന്നെ ചേരേണ്ടതാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ

1) വിദ്യാഭ്യാസ ജില്ലയിൽ ഉച്ചക്ഷേണ പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് സ്കൂളുകളിൽ പദ്ധതി നടത്തിപ്പ് പുരോഗമിക്കുന്നതെന്നും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രഥമാദ്ധ്യാപകർക്കും ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, നൂൺമീൽ ഓഫീസർമാർ എന്നിവർക്കും നൽകേണ്ടതാണ്. പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ജില്ലയിലെ ഉദ്യോഗസ്ഥരുടെ യോഗം 3 മാസത്തിലൊരിക്കൽ വിളിച്ചു ചേർക്കേണ്ടതും യോഗ മിനിട്ട്സിന്റെ പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

3) ആഴ്ചയിലൊരിക്കൽ വിദ്യാഭ്യാസ ജില്ലയിലെ ഒരു സ്കൂളെങ്കിലും സന്ദർശിച്ച് ഉച്ച ഭക്ഷണ പദ്ധതി പ്രവർത്തനം നേരിട്ട് മോണിറ്റർ ചെയ്യേണ്ടതും കുട്ടികൾക്കൊപ്പം ഉച്ചഭക്ഷണം കഴിക്കേണ്ടതുമാണ്.

4) ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ക്ലാർക്കിനെ ചുമതലപ്പെടുത്തേണ്ടതാണ്. ടി ക്ലാർക്കിന്റെ പേരും ഫോൺ നമ്പരും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ജൂൺ 10 ന് മുൻപായി ഇ-മെയിൽ മുഖാന്തിരം (*dpinoonmeal@gmail.com*) അയച്ചു നൽകേണ്ടതാണ്.

5) ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ വിളിച്ച് ചേർക്കുന്ന പ്രഥമാദ്ധ്യാപകരുടെ യോഗത്തിൽ ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനം ഒരു മുഖ്യ അജണ്ടയായി ഉൾപ്പെടുത്തണം. ടി യോഗത്തിൽ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരോടൊപ്പം നൂൺമീൽ ആഫീസർമാരേയും പങ്കെടുപ്പിക്കേണ്ടതാണ്.

6) സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രഥമാദ്ധ്യാപകരുടെ റിട്ടയർമെന്റ് ആഡിറ്റ് (ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട) സംബന്ധമായ റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും ലഭിച്ചാൽ ഉടൻ തന്നെ ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം വരുത്തുന്ന പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

7) സ്കൂൾ തലത്തിൽ നടക്കുന്ന ആരോഗ്യ പ്രവർത്തനങ്ങളുടെ പ്രതിമാസ വിലയിരുത്തൽ നടത്തി കുറവുകൾ പരിഹരിക്കേണ്ടതാണ്.

8) വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും (ഇ-മെയിൽ മുഖാന്തിരം- *dpinoonmeal@gmail.com*) സമർപ്പിക്കേണ്ടതാണ്.

റവന്യൂ ജില്ലാതലം

I) ജില്ലാതല സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മറ്റികൾ

റവന്യൂ ജില്ലാതലത്തിൽ ജില്ലയിലെ ഏറ്റവും സീനിയറായ പാർലമെന്റ്അംഗം (ലോക് സഭാ എം.പി) ചെയർമാനായ ഒരു കമ്മറ്റിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ മറ്റൊരു കമ്മറ്റിയും രൂപീകരിക്കണം. ജില്ലയിലെ പദ്ധതിയുടെ മോണിറ്ററിംഗ് ഈ കമ്മിറ്റികളുടെ ചുമതലയിലായിരിക്കും. ഒന്നാമത്തെ കമ്മറ്റിയുടെ കൺവീനർ ജില്ലാ കളക്ടറും രണ്ടാമത്തെ കമ്മറ്റിയുടെ കൺവീനർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുമായിരിക്കും. ഇരു കമ്മറ്റികളിലും ഉള്ള മറ്റ് അംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)	ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ	: മെമ്പർ
2)	മുൻസിപ്പൽ വാർഡ് അംഗം (3 പേർ)	: മെമ്പർ
3)	ജില്ലാ നൂൺ ഫീഡിംഗ് സൂപ്പർവൈസർ	: മെമ്പർ
4)	ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ	: മെമ്പർ
5)	ജില്ലാ മെഡിക്കൽ ഓഫീസർ	: മെമ്പർ
6)	അസി. കമ്മീഷണർ ഫുഡ് സേഫ്റ്റി ഡിഷാർട്ട്മെന്റ്	: മെമ്പർ
7)	ഏരിയ മാനേജർ, എഫ്.സി.ഐ)	: മെമ്പർ
8)	റീജിയണൽ മാനേജർ, സപ്ലൈക്കോ	: മെമ്പർ
9)	നുട്രീഷൻ ആന്റ് ചൈൽഡ് ഡവലപ്മെന്റ് വിദഗ്ധർ (ലഭ്യമാണെങ്കിൽ)	: മെമ്പർ
10)	നുട്രീഷൻ ആന്റ് ശിശുക്ഷേമ മേഖലയിലുള്ള 4 പ്രതിനിധികൾ (ഒരാൾ സ്ത്രീയായിരിക്കണം)	: മെമ്പർ
11)	3 മുതൽ 5 വരെ ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ	: മെമ്പർ
12)	അദ്ധ്യാപക പ്രതിനിധികൾ (ഒരാളെങ്കിലും)	: മെമ്പർ

ബഹു: പാർലമെന്റ് അംഗം ചെയർമാനായും ജില്ലാ കളക്ടർ കൺവീനറുമായ കമ്മറ്റിയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ കൂടി അംഗമായിരിക്കും.

ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ജില്ലയിലെ ഉച്ചഭക്ഷണ വിതരണത്തെ സംബന്ധിച്ച് മൂല്യനിർണ്ണയം നടത്തേണ്ടതാണ്. ജില്ലയിൽ ഏറ്റവും നല്ലരീതിയിൽ ഉച്ചഭക്ഷണപരിപാടി നടപ്പാക്കുന്ന സ്കൂളുകളെ ഗ്രേഡ് ചെയ്യുന്നതിനും നല്ല മാതൃകകൾക്ക് പ്രചാരണം നൽകുന്നതിനും മികച്ച സ്കൂളുകൾക്ക് അവാർഡുകൾ നൽകുന്നതിനും ശ്രമിക്കാവുന്നതാണ്. കമ്മറ്റികൾ വർഷത്തിൽ 4 തവണ യോഗം ചേരേണ്ടതും മിനിറ്റ്സിന്റെ

പകർപ്പ് യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. കമ്മറ്റികൾ സമയബന്ധിതമായി യോഗം ചേരുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2018-19 ലെ ആദ്യപാദ യോഗം ജൂൺമാസം തന്നെ ചേരേണ്ടതാണ്.

II) വിദ്യാഭ്യാസ ഉപഡയറക്ടറുടെ ചുമതലകൾ

1) വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉച്ചഭക്ഷണ പദ്ധതിയുടെ ജില്ലയിലെ നോഡൽ ഓഫീസർമാരായിരിക്കും.

2) ജില്ലാ കളക്ടർമാരുമായി കൂടിയാലോചിച്ച് വർഷത്തിൽ കുറഞ്ഞത് നാല് തവണയെങ്കിലും ജില്ലാ മോണിറ്ററിംഗ് കമ്മറ്റികൾ (സീനിയർ ലോക്സഭാ എം.പി ചെയർമാനായ കമ്മിറ്റിയും, ജില്ലാ കളക്ടർ ചെയർമാനായ കമ്മറ്റിയും) വിളിച്ച് ചേർക്കുന്നതിന് അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ആഴ്ചയിലൊരിക്കൽ ജില്ലയിലെ ഒരു സ്കൂൾ എങ്കിലും സന്ദർശിച്ച് ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും കുട്ടികൾക്കൊപ്പം ഉച്ചഭക്ഷണം കഴിക്കേണ്ടതുമാണ്.

4) എഫ്.സി.ഐ.യിൽനിന്നും ഉച്ചഭക്ഷണത്തിനായി ലിഫ്റ്റ് ചെയ്യുന്ന അരിയുടെ വില, ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് എഫ്.സി.ഐ.യ്ക്ക് നൽകേണ്ടതാണ്. അരി വിതരണത്തിൽ തടസ്സം നേരിട്ടാൽ FCI-യുടെ ബന്ധപ്പെട്ട ഏരിയാ മാനേജർമാർ മുഖേന പ്രശ്നപരിഹാരം കാണേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ഉച്ചഭക്ഷണ പദ്ധതി മുടങ്ങുന്നതായിരിക്കും. ഇത്തരം സാഹചര്യമുണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്കായിരിക്കും.

5) എഫ്.സി.ഐ യിൽ നിന്ന് ലിഫ്റ്റ് ചെയ്ത അരിയുടെ അളവ്, ബില്ലു പ്രകരം എഫ്.സി.ഐക്കു നൽകിയ അരിയുടെ വില, റവന്യൂ ജില്ലയിലെ പരിധിയിൽ വരുന്ന സ്കൂളുകളിൽ ഉച്ച ഭക്ഷണ പദ്ധതിയ്ക്കായി സ്പ്ലൈക്കോ ഔട്ട്ലെറ്റുകൾ മുഖാന്തിരം അനുവദിച്ച അരിയുടെ അളവ്, ഉപയോഗിച്ച അരിയുടെ അളവ്, ബാലൻസ്, പാചക ചെലവിന് അനുവദിച്ച തുക, ചെലവ്, ബാലൻസ് തുക, പാചകതൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിന് അനുവദിച്ച തുക, ചെലവ്, ബാലൻസ് തുക, സ്കൂൾ ഹെൽത്ത് ഡേറ്റ എന്നിവയുടെ ഓരോ പാദത്തിലേയും ക്വാർട്ടർലി പെർഫോമൻസ് സ്റ്റേറ്റ്മെന്റുകൾ (ക്യു.പി.ആർ) ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ നിന്ന് ശേഖരിച്ച്, കൺസോളിഡേറ്റ് ചെയ്ത് തൊട്ടടുത്ത പാദത്തിലെ ആദ്യ മാസം 10-ാം തീയതിക്ക് മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ക്യു. പി.ആർ സ്റ്റേറ്റ്മെന്റുകളുടെ മാതൃക 31/05/2018 ന് മുൻപായി നൽകുന്നതാണ്.

ഒന്നാം പാദം - ഏപ്രിൽ, മേയ്, ജൂൺ	**(ക്യു.പി.ആർ സമർപ്പിക്കേണ്ടത് ജൂലൈ 10)**
രണ്ടാം പാദം - ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ	**(ക്യു.പി.ആർ സമർപ്പിക്കേണ്ടത് ഒക്ടോബർ 10)**
മൂന്നാം പാദം - ഒക്ടോബർ, നവംബർ, ഡിസംബർ	**(ക്യു.പി.ആർ സമർപ്പിക്കേണ്ടത് ജനുവരി 10)**
നാലാം പാദം - ജനുവരി, ഫെബ്രുവരി, മാർച്ച്	**(ക്യു.പി.ആർ സമർപ്പിക്കേണ്ടത് ഏപ്രിൽ 10)**

6) ഉച്ചഭക്ഷണം സംബന്ധിച്ച എല്ലാ വിവരങ്ങളും കേന്ദ്ര സർക്കാരിന്റെ എം.ഐ.എസ്. സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടതിനാൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിധിയിൽപ്പെട്ട എല്ലാ സ്കൂളുകളുടെയും ആന്വൽ ഡാറ്റാ എൻട്രി, മന്തിലി ഡാറ്റാ എൻട്രി എന്നിവ ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിൽ കൃത്യവും സമയബന്ധിതവുമായിട്ട് പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7) റവന്യൂ ജില്ലയിൽ സ്കൂൾ ഉച്ചഭക്ഷണ പരിപാടി നന്നായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ നൂൺമീൽ സെക്ഷനുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

8) വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലെ ഔദ്യോഗിക വാഹനത്തിന്റെ 45 ലിറ്ററിൽ അധികരിക്കുന്ന ഇന്ധന ചെല വിന്റെ അസ്സൽ വൗച്ചറുകളും സ്റ്റേറ്റ്മെന്റും തുക അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റി ലേക്ക് അയയ്ക്കുമ്പോൾ ടി തുക അനുവദിക്കാവുന്നതാണോ എന്ന് ബന്ധപ്പെട്ട വിദ്യഭ്യാസ ഉപഡയറക്ടർമാർ ലോഗ് ബുക്കുമായി ഒത്തു നോക്കി പരിശോധിച്ചുറപ്പുവരുത്തിയതായുള്ള സ്റ്റേറ്റ്മെന്റ്/സർട്ടിഫിക്കറ്റ് കൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.

9) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജില്ലാ നൂൺഫീഡിംഗ് സൂപ്പർവൈസർ, മേഖലാ കോർഡിനേറ്റർ എന്നിവർക്ക് സ്കൂളുകൾ സന്ദർശിക്കുന്നതിന് മാസത്തിൽ കുറഞ്ഞത് 5 ദിവസമെങ്കിലും ഔദ്യോഗിക വാഹനം വിട്ടു നൽകേണ്ടതാണ്.

10) ജില്ലയിലെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതു ജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളും , അഭിപ്രായങ്ങളും പരാതികളും അറിയിക്കുന്നതിനും പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിനുമായി ഉച്ചഭക്ഷണ പദ്ധതി പരാതി പരിഹാര സെൽ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ രൂപീകരിക്കേണ്ടതാണ്. പരാതി പരിഹാര സെല്ലിന്റെ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ ആഫീസിനു പുറത്ത് പ്രത്യേക ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

11) ജില്ലാ പരാതി പരിഹാര സെല്ലിന്റെ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ റവന്യൂ ജില്ലയിലെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിലും സ്കൂളുകളിലും നോട്ടീസ് ബോർഡിൽ സ്ഥിരമായി എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

12) ജില്ലാ പരാതി പരിഹാര സെൽ മുഖാന്തിരം ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിനും വ്യക്തമായ സമയപരിധി നിശ്ചയിക്കേണ്ടതും ടി സമയ പരിധിക്കുള്ളിൽ പരാതികൾ തീർപ്പാക്കേണ്ടതുമാണ്. സമയപരിധി സംബന്ധിച്ച വിവരം കൂടി പൊതുജന അറിവിലേക്കായി ആഫീസിനു പുറത്ത് സ്ഥാപിച്ചിട്ടുള്ള ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

13) ജില്ലാ പരാതി പരിഹാര സെൽ മുഖേന ഓരോ മാസവും ലഭിക്കുന്ന പരാതികളും അതിൻമേൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച റിപ്പോർട്ട് തൊട്ടടുത്ത മാസം 10-ാം തീയതിക്കു മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

14) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും ആഡിറ്റ് കൃത്യമായി നടത്തുന്നതിനും, പരാതി പരിഹാര സെൽ മുഖേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്ന തിനും വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസറെ സഹായിക്കുന്നതിനായി 3 ക്ലാർക്കു മാരെ ഉൾപ്പെടുത്തി മിഡ് ഡേ മീൽ സെക്ഷൻ രൂപീകരിക്കേണ്ടതാണ്. നൂൺഫീഡിംഗ് സൂപ്പർവൈസറുടേയും, സെക്ഷൻ ക്ലാർക്കുമാരുടേയും പേരും ഫോൺ നമ്പരും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇ-മെയിൽ മുഖാന്തിരം ജൂൺ 10 ന് മുൻപായി അറിയിക്കേണ്ടതാണ്.

15) റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ആഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, നൂൺമീൽ ആഫീസർമാർ എന്നിവരുടെ യോഗം എല്ലാ മാസവും വിളിച്ച് ചേർക്കേണ്ടതും പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതുമാണ്.

16) വിദ്യാഭ്യാസ ഉപഡയറക്ടർമാർ വിളിച്ച് ചേർക്കുന്ന പ്രഥമാദ്ധ്യാപകരുടെ യോഗത്തിൽ ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനം മുഖ്യ അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

17) **സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രഥമാദ്ധ്യാപകരുടെ ഉച്ചക്ഷേണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട റിട്ടയർമെന്റ് ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തിര പരിഗണന നൽകേണ്ടതും അതോടൊപ്പം എല്ലാ വർഷവും ഏപ്രിൽ മേയ് മാസങ്ങളിൽ ജില്ലയിലെ സ്കൂളുകളിലെ ഉച്ചക്ഷേണ പദ്ധതിയുമായി ബന്ധപ്പെട്ട ആഡിറ്റ് നടത്തുന്നതിനും ജില്ലാ നൂൺഫീഡിംഗ് സൂപ്പർവൈ സർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. ഇതിന് ആവശ്യമായ ജീവനക്കാരുടെ സേവനം**

(വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലേയും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെയും) നൂൺഫീഡിംഗ് സൂപ്പർവൈസർക്ക് വിട്ടു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

III) വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലെ നൂൺഫീഡിംഗ് സൂപ്പർവൈസറുടെ ചുമതലകൾ

1) റവന്യൂ ജില്ലയിലെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും അതിനു കീഴിലുള്ള ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട സ്കൂളുകളിലും പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുക.

2) എല്ലാ മാസവും നൂൺമീൽ ഓഫീസർമാരുടേ യോഗം വിളിച്ചു ചേർത്ത് പദ്ധതി പ്രവർത്തനം വിലയിരുത്തേണ്ടതും യോഗത്തിന്റെ മിനിട്സ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചേയ്യേണ്ടതാണ്.

3) ഉപജില്ലകളിലെ നൂൺമീൽ ഓഫീസർമാരുടെ കെ.4 ഫാറത്തിൽ നൽകുന്ന സന്ദർശന റിപ്പോർട്ട് അവലോകനം നടത്തി തീർപ്പാക്കേണ്ടതും ബാധ്യത കാണുന്ന പക്ഷം ജില്ലാതല അക്കൗണ്ട്സ് ഓഫീസർമാരുടെ അംഗികാരത്തിനു വിധേയമായി ബാധ്യത/ബാധ്യത രഹിത സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

4) പദ്ധതി മോണിറ്ററിംഗിന്റെ ഭാഗമായി നൂൺഫീഡിംഗ് സൂപ്പർവൈസർമാർ സ്കൂളുകൾ സന്ദർശിക്കേണ്ടതാണ്. പരമാവധി സ്കൂളുകൾ സന്ദർശിക്കുന്നതിന് സൂപ്പർവൈസർമാർ ശ്രദ്ധിക്കേണ്ടതാണ്. സ്കൂളുകൾക്ക് നേരിട്ട് പാചകചെലവിനുള്ള തുക നൽകുന്നതിനാൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം, കുട്ടികളുടെ എണ്ണം, അതാത് മാസത്തെ മിഡ് ഡേ മീൽ കമ്മറ്റി അംഗീകരിച്ച മെനു എന്നിവ കൃത്യമായി പരിശോധിക്കേണ്ടതാണ്.

5) റവന്യൂ ജില്ലയുടെ പരിധിയിൽ വരുന്ന എല്ലാ ഉപജില്ലകൾക്കും തുല്യ പ്രാതിനിധ്യം നൽകി വേണം പ്രതിമാസ സന്ദർശനം ക്രമീകരിക്കേണ്ടത്.

6) പല ജില്ലകളിലും എല്ലാ വർഷവും ഒരേ സ്കൂളിൽതന്നെ സന്ദർശനം നടത്തി റിപ്പോർട്ട് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്. അതിനാൽ ഒരു സ്കൂൾ സന്ദർശന രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഒരു വർഷം എത്ര സ്കൂളുകൾ സന്ദർശിച്ചുവെന്നും, സ്ക്കൂളുകളുടെ വിവരവും ഇതിലൂടെ ലഭ്യമാകും. രജിസ്റ്ററിൽ ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.

ക്രമ നമ്പർ	തീയതി	സ്ക്കൂളിന്റെ പേര്	സൂപ്പർവൈസറുടെ പേര്	സൂപ്പർവൈസറുടെ ഒപ്പ്

ഓരോ വർഷവും മുൻ വർഷങ്ങളിൽ പോകാത്ത സ്ക്കൂളുകൾവേണം സന്ദർശനത്തിനു തെരഞ്ഞെടുക്കുവാൻ. സന്ദർശനവേളയിൽ ഓരോ മാസവും ചെലവഴിച്ച തുകകളുടെ ബില്ലുകളും വൗച്ചറുകളും ബന്ധപ്പെട്ട നൂൺമീൽ ആഫീസർ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7) വാർഷിക/സന്ദർശന റിപ്പോർട്ടുകളും, മറ്റ് ഫയലുകളും മലയാളത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്.

8) സൂപ്പർവൈസർമാരുടെ സന്ദർശന വേളയിൽ സ്റ്റോക്കിൽ അധികംകാണുന്ന ധാന്യങ്ങൾ സ്റ്റോക്കിൽ കൂട്ടിച്ചേർക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. കുറവ് കാണുന്ന ധാന്യങ്ങളുടെ വില തിരിച്ചടയ്ക്കാനും നിർദ്ദേശിക്കേണ്ടതാണ്. പാചക ചെലവിനത്തിലുള്ള വൗച്ചറുകൾ കൃത്യമായി പരിശോധിക്കേണ്ടതാണ്.

9) അതാത് കാലത്തെ ധാന്യങ്ങളുടെ വില അറിയുന്നതിന് ഡി.പി.ഐ. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

10) സന്ദർശനവേളയിൽ ഭക്ഷണത്തിന്റെ ഗുണനിലവാരം, ശുചിത്വം, ഹാജർനില, സ്റ്റോക്ക് എന്നിവ പരിശോധിക്കേണ്ടതാണ്. ഹാജർനിലയിൽ അംഗീകൃത എണ്ണത്തേക്കാൾ വലിയ വ്യത്യാസം (10%-ൽ കൂടുതൽ) ഉണ്ടെങ്കിൽ മറ്റൊരു ദിവസംകൂടി സന്ദർശനം നടത്തേണ്ടതും, രണ്ടാമത്തെ സന്ദർശനത്തിലും വ്യത്യാസം നിലനിൽക്കുന്നുവെങ്കിൽ പ്രസ്തുത സ്ക്കൂളിലെ ഫീഡിംഗ് സ്ട്രെങ്ത് പുനർ നിശ്ചയിക്കുവാൻ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

11) സൂപ്രണ്ടുമാർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽവച്ച് വാർഷിക പരിശോധന നടത്തുമ്പോൾ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട മുഴുവൻ രജിസ്റ്ററുകളും ഹാജരാക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി നിർദ്ദേശം നൽകേണ്ടതും ആയത് ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

12) എല്ലാ വർഷവും ഏപ്രിൽ, മേയ് മാസങ്ങളിൽ ജില്ലയിലെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ആഡിറ്റ് നടത്തേണ്ടതാണ്. ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നൂൺഫീഡിംഗ് സൂപ്രണ്ടുവൈസർക്ക് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ മറ്റ് സെക്ഷനുകളിലെ ജീവനക്കാരുടെ സേവനം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിക്കു വിധേയമായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇതൊടൊപ്പം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെ ജീവനക്കാരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

മേഖലാതലം- കോർഡിനേറ്റർമാരുടെ ചുമതലകൾ

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കാര്യക്ഷമമായ മോണിറ്ററിംഗിന് സംസ്ഥാനത്തെ രണ്ട് മേഖലകളായി (ഉത്തര മേഖല & ദക്ഷിണ മേഖല) തിരിച്ച് ഓരോ മേഖലയ്ക്കും ഓരോ കോർഡിനേറ്റർമാരെ (നൂൺമീൽ ആഫീസറുടെ കേഡറിൽ) നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട് (സർക്കാർ ഉത്തരവ്(സാധാ)1186/2017/പൊ.വി.വ തീയതി 29/04/2017). ടി കോർഡിനേറ്റർമാരുടെ ചുമതലകൾ താഴെ പറയുന്നു.

1) സ്കൂൾ പാചകപുര & സ്റ്റോർ മുറി, ഡൈനിംഗ് ഹാൾ എന്നിവയുടെ റഗുലർ സൂപ്പർവിഷൻ

2) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മേഖലയിലെ നൂൺമീൽ ആഫീസർമാർ, സ്കൂൾ പി.ടി.എ അംഗങ്ങൾ, എന്നിവർക്ക് പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഷൊർണ്ണൂർ മാതൃക മറ്റിടങ്ങളിൽ നടപ്പിലാക്കുക.

4) മേഖലയിലെ സ്കൂളുകളിൽ നിന്നും ഉച്ചഭക്ഷണത്തിന്റെ സാമ്പിളുകൾ അംഗീകൃത ലാബിൽ പരിശോധനയ്ക്ക് നൽകുന്നത് മോണിറ്റർ ചെയ്യുക.

5) മേഖലയിലെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്കു മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് (നൂൺമീൽ) സമർപ്പിക്കേണ്ടതാണ്.

തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതിന്റെ ഭാഗമായി മേഖലാ കോർഡിനേറ്റർമാർ നടത്തുന്ന എല്ലാ കത്തിടപാടുകളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉച്ചക്ഷേണ വിഭാഗം മുഖാന്തിരമായിരിക്കണം.

സ്കൂൾ ആരോഗ്യ പരിപാടി

ഉച്ചഭോജന പദ്ധതിയുടെ അനുബന്ധമായിട്ടാണ് സ്കൂൾ ആരോഗ്യ പരിപാടി വിഭാവനം ചെയ്തിരിക്കുന്നത് 6-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആഴ്ച തോറും ഓരോ അയൺഫോളിക് ആസിഡ് ഗുളിക നൽകുന്ന വിഫ്സ് പ്രോഗ്രാം, എല്ലാ ക്ലാസിലെ കുട്ടികൾക്കും 6 മാസത്തിലൊരിക്കൽ വിര നിവാരണ ഗുളിക നൽകുന്ന പരിപാടി, കുട്ടികളുടെ മെഡിക്കൽ സ്ക്രീനിംഗ് എന്നിവ സ്കൂൾ ആരോഗ്യ പരിപാടിയുടെ ഭാഗമാണ്.

സ്കൂൾ ആരോഗ്യ പരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സ്കൂൾ പ്രഥമാദ്ധ്യാപകർ, നൂൺമീൽ ആഫീസർമാർ, ജില്ലാ നൂൺഫീഡിംഗ് സൂപ്രണ്ടുവൈസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) അദ്ധ്യയന വർഷം ആരംഭത്തിൽ തന്നെ ഒരു വർഷത്തേക്ക് ആവശ്യമായ അയൺഫോളിക് ആസിഡ് ഗുളിക കളുടേയും വിര നിവാരണ ഗുളികകളുടേയും കണക്കുകൾ സ്കൂൾ പ്രഥമാദ്ധ്യാപകർ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നൽകേണ്ടതും ക്രോഡീകരിച്ച കണക്കുകൾ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

2) വിദ്യാഭ്യാസ ഉപഡയറക്ടർമാർ തങ്ങളുടെ ജില്ലയ്ക്ക് ആവശ്യമുള്ള അയൺഫോളിക് ആസിഡ് ഗുളികകളുടേയും വിര നിവാരണ ഗുളികകളുടേയും എണ്ണം ശേഖരിച്ച് നിർദ്ദിഷ്ട പ്രോഫോർമയിൽ തയ്യാറാക്കി സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ചുമതലയുള്ള ജില്ലാ മെഡിക്കൽ ആഫീസർക്ക് നൽകേണ്ടതാണ്.

3) ഓരോ മാസവും ഉപയോഗിച്ച അയൺഫോളിക് ആസിഡ് ഗുളികകളുടേയും വിര നിവാരണ ഗുളികകളുടേയും എണ്ണം പ്രഥമാദ്ധ്യാപകരിൽ നിന്നും വാങ്ങി ക്രോഡീകരിച്ച് നിർദ്ദിഷ്ട പ്രൊഫോർമയിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ട ഉത്തരവാദിത്വം ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കാണ്. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സമർപ്പിക്കുന്ന പ്രതിമാസ റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ക്രോഡീക രിച്ച് ജില്ലാ മെഡിക്കൽ ആഫീസർക്ക് നൽകേണ്ടതാണ്.

4) 6-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് എല്ലാ തിങ്കളാഴ്ചയും ഉച്ചക്ഷണത്തിനു ശേഷം ഒരു അയൺ ഫോളിക് ആസിഡ് ഗുളിക വീതം നൽകേണ്ടതാണ്. കുട്ടികളോടൊപ്പം ക്ലാസ് ടീച്ചറും ഓരോ ഗുളിക കഴിക്കേണ്ടതാണ്.

5) ആഗസ്റ്റ്, ഫെബ്രുവരി മാസങ്ങളിൽ എല്ലാ കുട്ടികൾക്കും ഓരോ വിര നിവാരണ ഗുളികകൾ നൽകേണ്ടതാണ്.

6) സ്കൂളുകളിൽ അയൺ ഫോളിക് ആസിഡ് ഗുളികകളുടേയും വിര നിവാരണ ഗുളികളുടേയും സംഭരണവും വിതരണവും ഉചിതമായ രീതിയിലാണ് നടക്കുന്നതെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

7) മൂന്ന് മാസത്തിലൊരിക്കൽ ജില്ലയിലെ സ്കൂളുകളിലെ ആരോഗ്യ പരിപാടി വിലയിരുത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കേണ്ടതാണ്.

8) എല്ലാ സ്കൂളുകളിലും സ്കൂൾ ഹെൽത്ത് കോർണർ/ക്ലബ് രൂപീകരിക്കുന്നതിന് പ്രഥമാദ്ധ്യാപകർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു മുറിയോ, സ്വകാര്യതയുള്ള ഒരിടമോ സ്കൂളിൽ ഒരുക്കേണ്ടതാണ്. മെഡിക്കൽ ഉപകരണങ്ങൾ, അയൺ ഫോളിക് ആസിഡ് ഗുളികൾ, ഹെൽത്ത് റെക്കോർഡുകൾ എന്നിവ ടി മുറി യിൽ സൂക്ഷിക്കുന്നതിന് ഒരു അലമാര ലഭ്യമാക്കേണ്ടതാണ്.

9) നിശ്ചിത ദിവസങ്ങളിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സന്ദർശനം സ്കൂളുകളിൽ ഉറപ്പ് വരുത്തുന്ന തിന് പ്രഥമാദ്ധ്യാപകർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിളർച്ചാ രോഗം ബാധിച്ചിട്ടുള്ള കുട്ടികളെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സഹായത്തോടെ കണ്ടെത്തേണ്ടതും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതു മാണ്.

10) ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സഹായത്തോടെ വർഷത്തിൽ ഒരു തവണ എല്ലാ കുട്ടികളെയും മെഡിക്കൽ സ്ക്രീനിംഗിന് വിധേയമാക്കുകയും വിവരങ്ങൾ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

11) നൂൺഫീഡിംഗ് സൂപ്പർവൈസർമാരും, നൂൺമീൽ ആഫീസർമാരും സ്കൂളുകൾ സന്ദർശിക്കുമ്പോൾ സ്കൂൾ ആരോഗ്യ പരിപാടി സംബന്ധിച്ച പ്രവർത്തനങ്ങൾ കൂടി പരിശോധിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ

ഉച്ചഭക്ഷണ പദ്ധതിയുടെ സ്കൂൾ/ഉപജില്ല/ജില്ലാതലങ്ങളിലെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് (ഉച്ചഭക്ഷണ വിഭാഗം) നേരിട്ടോ ഫോൺ വഴിയോ, ഇ-മെയിൽ മുഖാന്തിരമോ സമർപ്പിയ്ക്കാവുന്നതാണ്. വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ ചുവടെ ചേർക്കുന്നു.

വിലാസം - **സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഉച്ചഭക്ഷണ വിഭാഗം), പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഡി.പി.ഐ ജംഗ്ഷൻ, ജഗതി, തിരുവനന്തപുരം- 695 014**

ഫോൺ നമ്പർ - **0471- 2580548**

ഇ-മെയിൽ ഐ.ഡി - **dpinoonmeal@gmail.com, dpinmaudit@gmail.com**

കെ.വി. മോഹൻകുമാർ ഐ.എ.എസ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1) സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്തോടുകൂടി)
2) പൊതുവിദ്യാഭ്യാസ ഡയറക്ടർ (പി.എ. മുഖാന്തിരം)
3) പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)/ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)/ സീനിയർ ഫൈനാൻസ് ഓഫീസർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) (എല്ലാവർക്കും സി.എ മുഖാന്തിരം)
4) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
5) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
7) എല്ലാ നൂൺഫീഡിംഗ് സൂപ്പർവൈസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
8) ഉച്ചഭക്ഷണ മേഖലാ കോർഡിനേറ്റർമാർ.
9) എല്ലാ നൂൺമീൽ ഓഫീസർമാർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
10) എല്ലാ പ്രഥമാദ്ധ്യാപകർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന ; പ്രഥമാദ്ധ്യാപകർ സർക്കുലർ കൈപ്പറ്റിയെന്ന കൈപ്പറ്റ് രസീത് വാങ്ങി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്)
11) സൂപ്രണ്ട്, ഡി സെക്ഷൻ/ സി സെക്ഷൻ / ഒഎം/വിജിലൻസ് സെക്ഷനുകൾ ഡി.പി.ഐ. ഓഫീസ്
12) സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)
13) കരുതൽ ഫയൽ / അധികം

അനുബന്ധം - 1

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള സമ്മതപത്രം

..... ഉപജില്ലയിൽപ്പെട്ട ..... സ്കൂളിലെ **2018-19** അദ്ധ്യാന വർഷത്തേയ്ക്കുള്ള സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ..... ക്ലാസ്സിലെ ..... ഡിവിഷനിൽ പഠിക്കുന്ന എന്റെ മകൻ/മകൾ ആയ ..... നെ/യെ ഉൾപ്പെടുത്തുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്ന് അറിയിക്കുന്നു.

സ്ഥലം: **രക്ഷകർത്താവിന്റെ ഒപ്പ്:**

തീയതി: **പേര്:**

ഫോൺ നമ്പർ:

അറിയിപ്പ്: സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായിട്ടുള്ള സ്പെഷ്യൽ അരി, പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവ ലഭിക്കുന്നതിന് വേണ്ടി മാത്രമായി പദ്ധതിയിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതല്ല.

ആഫീസ് ഉപയോഗത്തിന് മാത്രം

ടി കുട്ടിയെ **2018-19** ലെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ക്ലാസ് ടീച്ചറുടെ ഒപ്പ് **പ്രഥമാദ്ധ്യാപകന്റെ ഒപ്പ്**

തീയതി: (ഓഫീസ് സീൽ)

അനുബന്ധം - 2



Department of General Education Mid Day Meal Scheme			
NMP 1 Form			
School Code:			
School Name:			
Month:			
Sanctioned Feeding Strength			
Class	**Girls**	**Boys**	**Total**
Pre-Primary			
I			
II			
III			
IV			
V			
VI			
VII			
VIII			
TOTAL			

Feeding Days:			
No. of Students fed during the Month			
Class	**Girls**	**Boys**	**Total**
Pre-Primary			
I			
II			
III			
IV			
V			
VI			
VII			
VIII			
TOTAL			

Utilization of Rice	
Opening Balance	
Received during the month	
Total	
Utilized during the month	
Balance Rice at the end of the month (as per K2 Register)	
Physical Balance of rice at the end of the month	
Excess/Shortage	

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ,തിരുവനന്തപുരം
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

" ഭരണഭാഷ - മാതൃഭാഷ "

സി2-15471/2018. പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 16.05.2018

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം - നിബന്ധനകൾ സംബന്ധിച്ച്.

സൂചന : 1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169, 218, 279.
2. 1996ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ
3. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ
4. 25/9/2014ലെ 41630/ആർ.സി4/2014/തസ്വഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉള്ളതോ നിക്ഷിപ്തമായതോ ആയ പൊതു സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ തെറ്റായ നടപടിക്രമങ്ങൾ കാരണം അന്യാധീനപ്പെട്ടു പോകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169 പ്രകാരം എൻ.എച്ച്., എസ്.എച്ച്., ജില്ലാ റോഡ് എന്നിവ ഒഴികെയുള്ള എല്ലാ റോഡുകളും, സെക്ഷൻ 218 പ്രകാരം എല്ലാ പൊതു ജല സ്രോതസ്സുകളും, അവയോട് ചേർന്നുള്ള സ്വകാര്യ വസ്തു അല്ലാത്ത ഭൂമിയും സെക്ഷൻ 279 പ്രകാരം കന്നുകാലി മേച്ചിൽ സ്ഥലം, ശ്മശാനം, വണ്ടിത്താവളം എന്നിവയും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും, ചുമതലകളും- 3-ാം പട്ടികയിൽ അനിവാര്യ ചുമതലകളായി തരം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമാണ്. ആയതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും, പദ്ധതികളും, കെട്ടിടങ്ങളും, മറ്റു വസ്തുവകകളും സ്വത്തുക്കളും, ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും അപ്രകാരം കൈമാറുന്ന ഓരോ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള സ്ഥാപനമായിരിക്കുന്നതും ആ പേരിനാൽ അറിയപ്പെടുന്നതുമാണ്. അപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുന്ന വസ്തുവകകൾ ഉൾപ്പെടെയുള്ള ആസ്തികൾ

അന്യാധീനപ്പെടുത്താനോ, കടപ്പെടുത്താനോ ബാദ്ധ്യതപ്പെടുത്താനോ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമില്ല.

തോട് പുറമ്പോക്കുകൾ പതിച്ച് നൽകുന്നത് നിയമവിരുദ്ധവും തോട് പുറമ്പോക്കുകൾ കൈയ്യേറുന്നത് മൂലം വെള്ളം ഒഴുകി പോകുന്നതിന് തടസ്സം നേരിടുകയും ആയത് കൃഷിയേയും ജലസമ്പത്തിനേയും ദോഷകരമായി ബാധിക്കുകയും ചെയ്യും. ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ തോട് പുറമ്പോക്ക് ഉൾപ്പെടെയുള്ള എല്ലാ കൈയ്യേറ്റ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി 1996-ലെ കേരള പഞ്ചായത്ത് രാജ് (കൈയ്യേറ്റം നീക്കം ചെയ്യലും, അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴചുമത്തലും, ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച് സൂചന (4) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

പഞ്ചായത്തിന് സ്വന്തമല്ലാത്തതും, എന്നാൽ പഞ്ചായത്തിൽ നിക്ഷിപ്തമായതുമായ ഏതൊരു വസ്തുവും ഏത് വ്യവസ്ഥകളിന്മേലാണോ അവ നിക്ഷിപ്തമായത് ആ വ്യവസ്ഥകൾ ലംഘിക്കാതെ പാട്ടത്തിന് നൽകാവുന്നതാണ്. എന്നാൽ 166-ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു പഞ്ചായത്ത് വിൽക്കുവാനോ, കൈമാറ്റം ചെയ്യുവാനോ, അന്യാധീനപ്പെടുത്തുവാനോ, മറ്റു വിധത്തിൽ കൈയ്യൊഴിയുവാനോ പാടുള്ളതല്ല.

പഞ്ചായത്തിന്റെ വകയായതോ, നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി ഗ്രാമപഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുകയാണെങ്കിൽ ആയത് കൈയ്യേറ്റമായി കണക്കാക്കേണ്ടതും കൈയ്യേറ്റക്കാരൻ ഇത് സംബന്ധിച്ച് അതാത് കാലങ്ങളിൽ പിഴകൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി ഭൂമി ഒഴിപ്പിക്കേണ്ടതും നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി സർക്കാരിന്റെ അനുമതിയോടെ മാത്രമേ വസ്തു ആർജ്ജിക്കുവാനോ, കൈയ്യൊഴിയാനോ സാധിക്കുകയുള്ളൂ. അപ്രകാരമല്ലാതെ പൊതു സ്ഥലം കൈയ്യൊഴിഞ്ഞ് പകരം സ്വകാര്യ വസ്തു ആർജ്ജിക്കുന്നതിനുള്ള അനുമതിക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കാൻ പാടുള്ളതല്ല.

നിയമത്തിലെയും, ചട്ടങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കാത്തതിനാൽ പല പഞ്ചായത്തുകളുടെയും വസ്തുവകകൾ കൈയ്യേറ്റം വഴിയോ അല്ലാതെയോ

അന്യാധീനപ്പെടുന്ന സ്ഥിതി വർദ്ധിച്ചു വരുന്നതായി കാണുന്നു. കൂടാതെ ഇത് സംബന്ധിച്ച് ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയും കാലികമാക്കിയും സൂക്ഷിച്ചു വരുന്നതായും കാണുന്നില്ല. ഇത്തരത്തിൽ പഞ്ചായത്ത് ആസ്തി സംരക്ഷിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

(ഒപ്പ്)

പി.മേരിക്കുട്ടി, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്:- 1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3) എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
4) എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
5) സിസ്റ്റം മാനേജർ, പഞ്ചായത്ത് വകുപ്പ് (സർക്കുലർ പഞ്ചായത്ത് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.വി.35.65.m

1

"ഭരണഭാഷ - മാതൃഭാഷ"

ഡി3-29646/17

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 16.05.2018

സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ പൊതുവായി കണ്ടുവരുന്ന ന്യൂനതകൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1) സർക്കാരിന്റെ 02.07.2009 തീയതിയിലെ സ.ഉ(കൈ)123/2009/തസ്വഭവ നമ്പർ ഉത്തരവ്
2) സർക്കാരിന്റെ 24.05.2017 തീയതിയിലെ ജി.ഒ(ആർ.റ്റി)നം.1699/2017/ തസ്വഭവ നമ്പർ ഉത്തരവ്
3) സർക്കാരിന്റെ 03.07.2009 തീയതിയിലെ 74217/എ.എ3/08/ തസ്വഭവ നമ്പർ ഉത്തരവ്
4) സർക്കാരിന്റെ 20.12.2016 തീയതിയിലെ 1068103(3)/ഡി.എ2/2016/ തസ്വഭവ നമ്പർ ഉത്തരവ്
5) സർക്കാരിന്റെ 21.04.2017 തീയതിയിലെ ആർ.എ3/65/2017/ തസ്വഭവ നമ്പർ ഉത്തരവ്
6) സർക്കാരിന്റെ 02.12.2015 തീയതിയിലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ
7) ഈ ഓഫീസിലെ 26.09.2017 തീയതിയിലെ ഡി5-33147/17 നമ്പർ സർക്കുലർ
8) ഈ ഓഫീസിലെ 01.11.2017 തീയതിയിലെ ഡി5-20828/17 നമ്പർ സർക്കുലർ
9) 2017 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പെർഫോമൻസ് ഓഡിറ്റ് മാനുവൽ

ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമത, നൽകുന്ന സേവനങ്ങളുടെ വേഗത എന്നിവ വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങളിലെ ലഘൂകരണവും വകുപ്പിലെ ജീവനക്കാരുടെ മനോഭാവത്തിലെ മാറ്റവും ആവശ്യമാണെന്ന് കണ്ട് ഇത് സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ടി നിർദ്ദേശങ്ങൾ വകുപ്പിലെ എല്ലാ ജീവനക്കാരും കർശനമായി പാലിക്കുന്നുണ്ടെന്ന് ഓഫീസ് മേലധികാരികൾ ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച് ജീവനക്കാരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന വീഴ്ചകൾക്ക് യഥാവിധി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1) ഓഫീസ് രാവിലെ 9.30 ന് മുമ്പ് തുറക്കുന്നതിന് ഓഫീസ് അറ്റൻഡർമാരെ ചുമതലപ്പെടുത്തേണ്ടതും ആയത് ഉറപ്പുവരുത്തേണ്ടതുമാണ്. ആഫീസും പരിസരവും ശുചിയായും അടുക്കും ചിട്ടയോടും സൂക്ഷിക്കുന്നതിനും . പൊതുജനങ്ങൾക്കും ജീവനക്കാർക്കും ആകർഷണീയമായ ഓഫീസ് അന്തരീക്ഷം നിലനിർത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

2) ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകുന്നുണ്ടെന്നും ഹാജർ രേഖപ്പെടുത്തി യഥാസമയം ജോലി ആരംഭിക്കുന്നുണ്ടെന്നും ഡ്യൂട്ടി സമയത്ത് പൂർണ്ണമായി ഔദ്യോഗിക കാര്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടെന്നും സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

3) ഫ്രണ്ട് ഓഫീസ് ചുമതല ജീവനക്കാർക്ക് ചാക്രിക അടിസ്ഥാനത്തിൽ നൽകേണ്ടതും ഫ്രണ്ട് ഓഫീസ് ചുമതല സംബന്ധിച്ച വിവരം ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ജീവനക്കാർ രാവിലെ 10.00 മണിക്ക് മുമ്പ് ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കേണ്ടതും ഫ്രണ്ട് ഓഫീസ് സംവിധാനവുമായി ബന്ധപ്പെട്ട് സ.ഉ(കൈ)123/2009/തസ്വഭവ തീയതി 02.07.2009 ലെ ചുമതലകളും നിർദ്ദേശങ്ങളും ജീവനക്കാർ കർശനമായി പാലിക്കേണ്ടതാണ്.

4) ജീവനക്കാർ രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ ഓഫീസിന്റെ മറ്റ് ഔദ്യോഗിക ചുമതലകൾ ആവശ്യപ്പെടുന്നില്ലെങ്കിൽ, ഹാജരായിരിക്കേണ്ടതാണ് ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ ഹാജരായി ഹാജർ പുസ്തകത്തിലും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്നും ഐ.ഡി കാർഡ് ധരിച്ചിട്ടുണ്ടെന്നും സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതും ഔദ്യോഗികാവശ്യത്തിന് ജീവനക്കാർ പുറത്ത് പോകുമ്പോൾ കൃത്യമായ വിവരങ്ങൾ മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

5) ജീവനക്കാർ തങ്ങളുടെ ചുമതലകളിൽ കൃത്യനിഷ്ഠത പാലിക്കേണ്ടതും പൊതുജനങ്ങളോടും സഹപ്രവർത്തകരോടും സഭ്യമായും സൗഹാർദ്ദപരമായും മാന്യവുമായും പെരുമാറേണ്ടതും മേൽ ഉദ്യോഗസ്ഥരോടും . മുതിർന്നവരോടും ബഹുമാനത്തോടെ ഇടപെടേണ്ടതുമാണ്. ജീവനക്കാർ തങ്ങളുടെ ഔദ്യോഗിക വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ പൂതുക്കുന്നതിനും കാലിമാക്കുന്നതിലും ശ്രദ്ധിക്കേണ്ടതും അപേക്ഷകൾ ആദ്യം ലഭിക്കുന്നവയ്ക്ക് ആദ്യം സേവനമെന്ന മുൻഗണനാ ക്രമം കൃത്യമായി പാലിക്കേണ്ടതുമാണ്.

6) ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുജനങ്ങൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ സജ്ജീകരിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് വഴി മാത്രം അപേക്ഷകളും രേഖകളും സ്വീകരിക്കേണ്ടതും അപേക്ഷ സ്വീകരിക്കുമ്പോൾ ആവശ്യമായ രേഖകൾ എല്ലാം ഉണ്ടോയെന്ന്

പരിശോധിക്കേണ്ടതും, ആയതിന് ആവശ്യമായ ചെക്ക്‌ലിസ്റ്റ് ഫ്രണ്ട് ഓഫീസിൽ കർശനമായും സൂക്ഷിക്കേണ്ടതാണ്. അപേക്ഷകളിന്മേൽ ആവശ്യമെങ്കിൽ ജൂനിയർ സൂപ്രണ്ടിന്റെയോ/ഹെഡ് ക്ലർക്കിന്റെയോ, ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയോ സഹായം തേടേണ്ടതും കുറവുള്ള രേഖകൾ സംബന്ധിച്ച് കൈപറ്റ് രസീതിൽ രേഖപ്പെടുത്തി നൽകാൻ കഴിയുന്നത്ര ശ്രദ്ധിക്കേണ്ടതുമാണ്. കൈപറ്റ് രസീതിൽ സേവനം നൽകുന്ന തീയതി, പൗരാവകാശനിയമം, സേവനാവകാശ നിയമം, പൗരാവകാശ രേഖ, പ്രസ്തുത സേവനവുമായി ബന്ധപ്പെട്ട നിയമം/ചട്ടം എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധി അനുസരിച്ച് ആണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

7) ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി പാലിച്ചുപോരേണ്ടതും ഓരോ ദിവസവും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് ഡ്യൂട്ടി രജിസ്റ്റർ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ദിവസത്തെയും തപാലുകൾ, വിതരണ രജിസ്റ്ററിന്റെ പ്രിന്റെടുത്ത് ക്ലർക്കുമാരുടെ തീയതിയോടു കൂടിയ ഒപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ടെന്നും ജോലി വിഭജന രേഖപ്രകാരമുള്ള ശരിയായ സെക്ഷനിൽ തന്നെയാണ് തപാലുകൾ നൽകിയിട്ടുള്ളതെന്നും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് ഉറപ്പുവരുത്തേണ്ടതും എല്ലാ തപാലുകളും കൃത്യമായി വിതരണം ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തി ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

8) സേവനാവകാശ നിയമം, വിവരാവകാശ നിയമം, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നിർദ്ദേശം എന്നിവ സംബന്ധിച്ച ബോർഡുകളും ഫ്രണ്ട് ഓഫീസ് ജീവനക്കാരുടെ ഹാജർ, പരാതി സംവിധാനം/ഫോർ ദി പീപ്പിൾ, പൗരാവകാശ രേഖപ്രകാരമുള്ള സേവനങ്ങൾ എന്നിവ സംബന്ധിച്ച ബോർഡുകൾ പൂർണ്ണമാക്കിയും കാലികമാക്കിയും പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂചന (1) ഉത്തരവിലെയും അനുബന്ധ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

9) ഓഫീസിനുള്ളിൽ പൊതുജനങ്ങളും മറ്റും കൂട്ടം കൂടി നിൽക്കുകയും തിക്കും തിരക്കും ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുവാൻ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് ശ്രദ്ധിക്കേണ്ടതാണ്. സേവനങ്ങൾ ഫ്രണ്ട് ഓഫീസ് മുഖേന മാത്രം നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10) തീർപ്പാക്കിയ ഫയലുകളും മറ്റു റിക്കാർഡുകളും സൂക്ഷിക്കുന്നതിന് റെക്കാർഡ് റൂമോ അല്ലെങ്കിൽ പ്രത്യേക സ്ഥലമോ സജ്ജീകരിക്കേണ്ടതും റെക്കോർഡ് കീപ്പിംഗിന്റെ ചുമതല ഒരു ക്ലാർക്കിനെ ഏൽപ്പിക്കേണ്ടതുമാണ്. റിക്കോർഡ് കീപ്പർ റിക്കോർഡുകൾ വർഷം തിരിച്ച് സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ജി.ഒ.(ആർ.റ്റി) നം. 1699/2017/തസ്വഭവ തീയതി 24.05.2017 പ്രകാരമുള്ള (ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

11) ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് എല്ലാ മാസാദ്യവും ക്ലാർക്കുമാരുടെ തൻപതിവേടുകൾ പരിശോധിച്ച് അപാകതകളും കുടിശ്ശികയും തീർക്കുന്നതിനുള്ള നിർദ്ദേശം സഹിതം സെക്രട്ടറിയുടെ

ഉത്തരവിന് സമർപ്പിക്കേണ്ടതാണ്. ക്ലാർക്കുമാർ ഫയലുകൾ കുറിപ്പ് സഹിതം ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്കിന് സമർപ്പിക്കേണ്ടതും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തീരുമാനമെടുക്കാൻ സഹായകരമാകുന്ന തരത്തിലുള്ള കുറിപ്പുകൾ സഹിതം സെക്രട്ടറിക്ക് ഫയൽ സമർപ്പിക്കേണ്ടതാണ്. കുറിപ്പ് ഫയലുകൾ തയ്യാറാക്കാതെയും, ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തുടങ്ങി ഫയലിൽ കുറിപ്പ് രേഖപ്പെടുത്താൻ ഉത്തരവാദിത്വപ്പെട്ടവർ അപ്രകാരം ചെയ്യാതിരിക്കുന്നതും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കുന്നതാണ്. ഫയലുകൾ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച് ജോലി വിഭജന രേഖ, ഫയൽ നോട്ടിംഗ് ഉത്തരവുകൾ, ചാനൽ ഓഫ് കറസ്പോണ്ടൻസ് റൂൾസ് എന്നിവയിലെ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

12) ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ഫയലുകളും രജിസ്റ്ററുകളും തപാലുകളും കൃത്യമായ കൈമാറുന്ന രീതി പല ഓഫീസുകളിലും പാലിക്കുന്നതായി കാണുന്നില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ/സെക്ഷൻ ചുമതല കൈമാറുമ്പോൾ ഫയൽ കൈമാറി രജിസ്റ്റർ മുഖേന മാത്രം രജിസ്റ്ററുകളും ഫയലുകളും തപാലുകളും കൈവശമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ സ്റ്റേഷനറികളും കൈമാറേണ്ടതും ആയത് ജൂനിയർ സൂപ്രണ്ടിന്റെ/ഹെഡ് ക്ലാർക്കിന്റെ മേൽനോട്ടത്തിൽ ആയിരിക്കേണ്ടതും ആയതിൽ സെക്രട്ടറിയുടെ മേലൊപ്പ് വാങ്ങി ആയതിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പി ചാർജ്ജ് കൈമാറുന്ന ഉദ്യോഗസ്ഥനും ചാർജ്ജ് ഏറ്റെടുക്കുന്ന ഉദ്യോഗസ്ഥനും സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 74217/എ.എ3/08/തസ്വഭവ തീയതി 03.07.2009 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

13) പല ഓഫീസുകളിലും വ്യക്തവും കൃത്യവുമായ ജോലി വിഭജന ഉത്തരവ് നിലവിലുള്ളതായി കാണുന്നില്ല. മാത്രവുമല്ല പഞ്ചായത്തുകളിൽ വ്യക്തി കേന്ദ്രീകൃതമായി ജോലി വിഭജനം നടത്തിയിട്ടുള്ളതായും കാണുന്നു. ചില സീറ്റുകളിൽ വളരെ കൂടുതൽ ജോലിഭാരവും, ചില സീറ്റുകളിൽ കുറഞ്ഞ ജോലിഭാരവും വരുന്ന രീതിയിൽ ചുമതലകൾ നൽകുന്നതും പൊതുജനങ്ങളോടു കൂടുതലായി ഇടപെടേണ്ട വിഷയങ്ങൾ ഒരു സീറ്റിന് നൽകുന്നതും (ഉദാഹരണത്തിന് കെട്ടിട നിർമ്മാണ അനുമതി, ലൈസൻസ് എന്നിവ ഒരു സീറ്റിന് നൽകുന്നതും, സാമൂഹ്യസുരക്ഷാ പെൻഷനും സിവിൽ രജിസ്ട്രേഷനും ഒരു സീറ്റിന് നൽകുന്നതും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതായും കാണുന്നു. ആയതിനാൽ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് എന്നിവരുടെ സഹായത്താൽ സെക്രട്ടറി, അതാത് ഓഫീസിലെ ജോലിഭാരം കൃത്യമായി അവലോകനം ചെയ്ത്, എല്ലാ ജീവനക്കാരുടെയും ചുമതലകൾ വ്യക്തമായി നിർവ്വചിച്ചിട്ടുള്ള ആഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. (വകുപ്പിലെ എല്ലാ ഓഫീസുകൾക്കും ബാധകമാക്കാവുന്ന ഓഫീസ് ജോലി വിഭജന ഉത്തരവിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.) ഓഫീസ് ഉത്തരവ് കൃത്യമായി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ജീവനക്കാർ എന്തെങ്കിലും വീഴ്ചയോ ക്രമക്കേടോ വരുത്തുകയാണെങ്കിൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം സെക്രട്ടറിക്കും ജൂനിയർ സൂപ്രണ്ടിനും/ഹെഡ് ക്ലാർക്കിനും മാത്രമായിരിക്കുന്നതാണ്. സെക്ഷനുകളുടെ ചുമതല ഒരു ജീവനക്കാരന് മൂന്ന് വർഷത്തിലധികം തുടർച്ചയായി നൽകുന്നതും ഒഴിവാക്കേണ്ടതാണ്.

14) വിവിധ കോടതികൾ, ട്രൈബ്യൂണലുകൾ, ഓംബുഡ്സ്മാൻ കമ്മീഷനുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസ് ഫയലുകൾ പലയിടങ്ങളിലും സൂക്ഷ്മതയില്ലാതെ കൈകാര്യം ചെയ്യുന്നത് കാരണം പല കേസുകളിലും ഗ്രാമപഞ്ചായത്തുകൾക്കെതിരായ വിധി/ഉത്തരവ് ലഭിക്കുന്ന സാഹചര്യമുണ്ട്. ആകയാൽ ഓരോ ഗ്രാമപഞ്ചായത്തും കേസ് നടപടികൾക്കായി വക്കീലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൃത്യസമയത്ത് വക്കാലത്ത്നാമയും ആവശ്യമായ രേഖകളും വക്കീലിന് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്ന് അസിസ്റ്റന്റ് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. കേസുകൾ സംബന്ധിച്ച് വിവിധ നിയമഫോറങ്ങളിൽ സമർപ്പിക്കുന്ന പത്രികകളിലും അപേക്ഷകളിലും സത്യവാങ്മൂലങ്ങളിലും പഞ്ചായത്തിന്റെ നിലപാട് നിയമപരമായി സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും ആവശ്യമായ രേഖകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പഞ്ചായത്തിനെതിരെയുള്ള കേസുകളിൽ എതിർകക്ഷിയുടെ പെറ്റീഷനിലെ ഓരോ ഖണ്ഡികയിലും പറയുന്ന വാദങ്ങൾക്ക് വ്യക്തമായ മറുപടി ഖണ്ഡിക തിരിച്ച് തയ്യാറാക്കി ചുമതലപ്പെടുത്തിയിട്ടുള്ള വക്കീലിന് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾ കക്ഷിയായിട്ടുള്ള കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ 20.12.2016 ലെ 106B103(3)/ഡി.എ2/2016/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. കോടതികൾ, ട്രൈബ്യൂണലുകൾ തുടങ്ങിയടങ്ങളിൽ നിന്നും ലഭിക്കുന്ന വിധിന്യായങ്ങൾ/ഉത്തരവുകൾ സംബന്ധിച്ച് അസിസ്റ്റന്റ് സെക്രട്ടറിമാർ കേസ് ഫയലുകൾ വ്യക്തമായി പഠിച്ചിരിക്കേണ്ടതാണ്. കോടതി ഉത്തരവുകൾ/വിധിന്യായങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിയമതടസ്സങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് നടപ്പിലാക്കേണ്ട അധികാരി അടിയന്തിരമായി പ്രസ്തുത ഉത്തരവിനെതിരെ/വിധിന്യായത്തിനെതിരെ അപ്പീൽ/റിവിഷൻ ഹർജി ഫയൽ ചെയ്യേണ്ടതും വിവരം വകുപ്പ് മേധാവിനെ അറിയിക്കേണ്ടതുമാണ്. ക്രമവിരുദ്ധമായി വിധിന്യായം/ഉത്തരവ് നടപ്പിലാക്കുന്നത് മൂലം ഉണ്ടാകുന്ന നിയമതടസ്സങ്ങൾക്ക് നിയുക്ത ഉദ്യോഗസ്ഥൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്. അസിസ്റ്റന്റ് സെക്രട്ടറിമാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റികളിലും നിയമപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് സെക്രട്ടറിമാരുമായി പൂർണ്ണമായും സഹകരിക്കുകയും ഏൽപ്പിച്ചു നൽകുന്ന ഉത്തരവാദിത്തങ്ങൾ വീഴ്ച കൂടാതെ നിറവേറ്റേണ്ടതുമാണ്.

15) അപേക്ഷകൾക്ക്/പരാതികൾക്ക് മറുപടി നൽകുമ്പോഴും എന്തെങ്കിലും നടപടിയുടെ ഭാഗമായി ഏതെങ്കിലും കക്ഷിക്ക് നോട്ടീസ് നൽകുമ്പോഴും ബന്ധപ്പെട്ട നിയമത്തിലെ വകുപ്പ്/ചട്ടം/തീരുമാനത്തിനുള്ള കാരണം തുടങ്ങിയവ വ്യക്തമായി ഉൾപ്പെടുത്തി മാത്രം നൽകേണ്ടതാണ്.

16)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പ്രതിമാസ യോഗങ്ങളിൽ നിയമങ്ങളിലും, ചട്ടങ്ങളിലും വന്നിട്ടുള്ള ഭേദഗതികളെയും പുതിയ സർക്കാർ /വകുപ്പുതല ഉത്തരവുകളേയും സർക്കുലറുകളേയും കുറിച്ചും സെക്രട്ടറിമാരെ പരിചയപ്പെടുത്തേണ്ടതും സംശയനിവാരണം നടത്തേണ്ടതുമാണ്. പ്രതിമാസ യോഗത്തിലെ ചർച്ചകളേയും തീരുമാനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ സെക്രട്ടറിമാർ തൊട്ടടുത്ത ദിവസം സ്റ്റാഫ് മീറ്റിംഗ് നടത്തി എല്ലാ ജീവനക്കാരേയും അറിയിക്കേണ്ടതും ഈ സ്റ്റാഫ് മീറ്റിംഗിന്റെ തീരുമാനം മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തി

സൂക്ഷിക്കേണ്ടതും മേൽ ആഫീസുകളിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ വ്യക്തമായി ആവശ്യമായ രേഖകൾ സഹിതം സമയബന്ധിതമായി സമർപ്പിക്കേണ്ടതുമാണ്.

17) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ക്വാസി-ജുഡീഷ്യൽ അധികാരം ഉപയോഗിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ വീഴ്ചകളും കോടതി ഇടപെടലുകളും ഒഴിവാക്കുന്നതിനും, ഭരണനിർവ്വഹണവും നിയമപാലനവും സുഗമമാക്കുന്നതിനുമായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 21.04.2017-ലെ ഇ.ആർ.എ3/65/2017/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് വകുപ്പിലെ എല്ലാ ഓഫീസുകളും കർശനമായി പാലിക്കേണ്ടതാണ്.

18) കെട്ടിട നിർമ്മാണനുമതി സംബന്ധിച്ച് 2011 ലെ കെ.പി.ബി.ആർ ലെ വ്യവസ്ഥകളും 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളും അനുബന്ധ സർക്കാർ ഉത്തരവുകളിലെ/സർക്കുലറുകളിലെ വ്യവസ്ഥകളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 02.12.2015-ലെ 12900/ആർ.എ1/2015/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണ്.

19) വിവിധ സേവനങ്ങൾക്കായി ഓഫീസിലെത്തുന്ന പൊതുജനങ്ങളോട് സൗഹാർദ്ദപരവും മാന്യമായും സഭ്യമായും മാത്രം ജീവനക്കാർ പെരുമാറേണ്ടതും ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷയിലും പരാതികളിലും നിവേദനങ്ങളിലും എന്തെങ്കിലും അധിക വിവരങ്ങൾ/രേഖകൾ ആവശ്യമായിട്ടുണ്ടെങ്കിൽ ആയത് അപേക്ഷകനെ ബോധ്യപ്പെടുത്തി അപേക്ഷ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അപേക്ഷകന് അറിയിപ്പ് നൽകേണ്ടതും അപേക്ഷകൻ ന്യൂനതകൾ പരിഹരിച്ച് നൽകിയാൽ എത്രയും വേഗം സേവനം നൽകേണ്ടതും അല്ലാത്ത പക്ഷം നിശ്ചിത സമയപരിധിക്കുള്ളിൽ കാണിച്ച് വ്യക്തമായ കാരണം കാണിച്ച് (നിയമ/ചട്ടവ്യവസ്ഥകൾ സർക്കാർ വകുപ്പുതല ഉത്തരവുകളും സർക്കുലറുകളും ഉൾപ്പെടെ) അപേക്ഷ നിരസിച്ച് നിയമാനുസരണം അപേക്ഷകനെ വിവരം അറിയിക്കേണ്ടതാണ്.

20) എല്ലാ ജീവനക്കാരും 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെയും അനുബന്ധ സർക്കാർ ഉത്തരവുകൾ/സർക്കുലറുകളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് സൂചന 7,8 സർക്കുലറുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

21) നിയമസഭാ ചോദ്യങ്ങൾ, നിയമസഭയുടെ വിവിധ കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ, വിവിധ നീതിന്യായ കോടതികളിൽ സമർപ്പിക്കേണ്ട സ്റ്റേറ്റ്മെന്റുകൾ, കോടതി ഉത്തരവുകൾ/വിധിന്യായങ്ങൾ സംബന്ധിച്ച തുടർനടപടികൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട സൂപ്പർവൈസറി ഉദ്യോഗസ്ഥർ പ്രഥമ പരിഗണന നൽകേണ്ടതും ആയതിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

22) തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ ഓഫീസിൽ നിന്ന്/സർക്കാരിൽ നിന്ന്/പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്ന തപാലുകൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇവയുടെ പുരോഗതി പരിശോധിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനും ഒരു നോഡൽ ഓഫീസറെ എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ചുമതലപ്പെടുത്തേണ്ടതും ഇത് സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗം പ്രത്യേക പരിശോധന നടത്തി തുടർനടപടി ഉറപ്പുവരുത്തേണ്ടതുമാണ്.

23) ജീവനക്കാര്യം സംബന്ധിച്ച വിഷയങ്ങളിൽ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാവിധി അനുവദിക്കുന്നുണ്ടെന്നും സേവനപുസ്തകങ്ങൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്നും സേവനത്തിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാവിധി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സർക്കാർ തലത്തിലും വകുപ്പുതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന അച്ചടക്കനടപടികളിന്മേൽ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതും വീഴ്ചകൾ യഥാവിധി ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

24)പഞ്ചായത്ത് ആഫീസുകളുടെ പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ പഞ്ചായത്തുകളിലെ പരിശോധനയിൽ സൂചന (9) മാന്വൽ പ്രകാരമുള്ള താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

ഫ്രണ്ട് ഡ്യൂട്ടി സംബന്ധിച്ച് ജീവനക്കാർക്ക് കൃത്യമായ ആഫീസ് ഉത്തരവ് നൽകിയിട്ടുണ്ടോ

1) ഫ്രണ്ടാഫീസിന്റെ പ്രവർത്തനസമയം, സേവനാവകാശ നിയമം, സംബന്ധിച്ച് ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണിക്കത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ
2) ഫ്രണ്ടാഫീസിൽ പൊതുജനങ്ങൾക്കുള്ള ഇരിപ്പിടങ്ങൾ കുടിവെള്ളം, സ്റ്റേഷനറി, ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ
3) ഫ്രണ്ടാഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നുണ്ടോ. പ്രതിദിന ഡ്യൂട്ടി കൈമാറ്റ വിവരം സാംഖ്യ, സൂചിക രസീത് നം. സഹിതം രേഖപ്പെടുത്തി ക്ലാർക്കുമാർ ഒപ്പു രേഖപ്പെടുത്തുകയും ആയത് ഫ്രണ്ടാഫീസ് സൂപ്പർവൈസർ പരിശോധിച്ച് ഒപ്പു വച്ചിട്ടുണ്ടോ
4) ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രിന്റ് എടുത്ത് അതാത് ദിവസത്തെ തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് വിതരണം നടത്തിയിട്ടുണ്ടോ. ആയത് ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ
5) ഫ്രണ്ടാഫീസ് ഡയറി യഥാവിധി എഴുതി സൂക്ഷിക്കുന്നുണ്ടോ. ആയത് പ്രകാരം സേവനം സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തന്നെയാണോ നൽകിയിട്ടുള്ളത്. സേവനം ലഭിച്ചയാൾ ഡയറിയിൽ ഒപ്പു വച്ചിട്ടുണ്ടോ.
6) ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടോ. ആയത് ജീവനക്കാർ ധരിക്കുന്നുണ്ടോ
7) മൂവ്മെന്റ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതിവരുന്നുണ്ടോ

8) പഞ്ചായത്താഫീസിൽ വരുന്ന ഇ മെയിൽ സന്ദേശങ്ങൾ പരിശോധിക്കുന്നതിനും ആയത് തപാലിൽ ചേർത്ത് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് വ്യക്തമായ ഓഫീസ് ഉത്തരവ് നൽകിയിട്ടുണ്ടോ

9) പഞ്ചായത്താഫീസിൽ ടെലഫോൺ സന്ദേശം മുഖേന ലഭിക്കുന്ന പരാതികളും വിവരങ്ങളും രേഖപ്പെടുത്തുന്നതിന് വ്യക്തമായ ഓഫീസ് ഉത്തരവ് രജിസ്റ്ററും ഉണ്ടോ

25) ഗ്രാമപഞ്ചായത്തിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിന് ക്ഷമയുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിശ്ചയിച്ച് ഉത്തരവു നൽകേണ്ടതും ഇത് സംബന്ധിച്ച മേൽനോട്ടം ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് നിർവഹിക്കേണ്ടതുമാണ്.

26) സഞ്ചയ ഡേറ്റാ സംവിധാനം കാലികമാക്കി സൂക്ഷിക്കുന്നതിനും വസ്തുനികുതി പിരിവ് 100% കൈവരിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജീവനക്കാർക്ക് അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് നൽകേണ്ടതും ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (അറിവിലേക്കും തുടർ നടപടികൾക്കായി)
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
3. എല്ലാ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
5. സിസ്റ്റം മാനേജർ, ഐ.റ്റി. ഇ-ഗവേർണൻസ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്- 1. പഞ്ചായത്ത് ഡയറക്ടറുടെ സി.എ
2. പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ സി.എ
3. പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ സി.എ

4. കരുതൽ/അധികം

ഉള്ളടക്കം- ഓഫീസ്ഉത്തരവിന്റെ മാതൃക

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========

തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്

സ.ഉ.(സാധാ)നം.1413/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22-5-2018

പരാമർശം:- 1) 12/4/2018 ൽ ചേർന്ന വികേന്ദ്രീയാസൂത്രണത്തിനുള്ള സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 2.16 നം തീരുമാനം

2) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14/5/2018 ൽ ചേർന്ന യോഗത്തിന്റെ മിനിട്സ്

ഉത്തരവ്

കേരള മുനിസിപ്പൽ നിയമം 42 എ(6) വകുപ്പും/പഞ്ചായത്ത് രാജ് നിയമം 3(6)വകുപ്പും നിഷ്കർഷിച്ച പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, എല്ലാ വർഷത്തെയും വാർഡ് സഭകളുടെയും ഗ്രാമസഭകളുടേയും ആദ്യയോഗത്തിൽ ആ സ്ഥാപനത്തെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വാർഷിക റിപ്പോർട്ട് മുനിസിപ്പൽ/പഞ്ചായത്ത് രാജ് നിയമങ്ങൾ യഥാക്രമം (295(15)/215(15)) വകുപ്പുകൾ അനുസരിച്ച് ഓഡിറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും 295(17), 215(17) പ്രകാരം ആയത് സമാഹരിച്ച് നിയമസഭയ്ക്ക് ലഭ്യമാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പരാമർശം 1 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ സമാഹരണവും അക്കൗണ്ടുകളുടെ സാക്ഷ്യപ്പെടുത്തലും നിർവ്വഹിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. വിവിധ ഏജൻസികളുടെ ഏകോപനത്തോടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുകയുണ്ടായി.

(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പൊതുവിവരങ്ങൾ സംസ്ഥാന തലത്തിൽ സമാഹരിക്കാനാവുംവിധം ഓഡിറ്റിന്റെ അംഗീകാരത്തോടെ തയ്യാറാക്കിയിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോർമാറ്റിൽ വെബ് സർവ്വീസ് മുഖേന സുലേഖ, സേവന (ജനന-മരണ), സേവന (പെൻഷൻ), സഞ്ജയ, സകർമ്മ, സങ്കേതം എന്നീ സോഫ്റ്റ്വെയറുകളിൽ നിന്നും ഡേറ്റ മൈനിംഗ്/ ഡേറ്റ പോർട്ടിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ശേഖരിക്കുന്ന വിവരങ്ങൾ ഐ.കെ.എം വെബ്പോർട്ടലിൽ ചുവടെ പറയും വിധം ഉള്ള നടപടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ഓഡിറ്റിനും പ്രത്യേക ലോഗിൻ വഴി ലഭ്യമാക്കേണ്ടതാണ്.

(a) വെബ് പോർട്ടലിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടിന്റെ ഫോർമാറ്റിൽ ഐ.കെ.എം ലഭ്യമാക്കുന്ന മേൽ വിവരങ്ങൾക്ക് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, തദ്ദേശ സ്ഥാപനത്തിന്റെ നിർവ്വഹണാധികാരികളുടെയും ഉദ്യോഗസ്ഥരുടെയും വിവിധ കമ്മിറ്റികളിലെ അംഗങ്ങളുടെയും പേര് വിവരവും യോഗങ്ങളുടെയും നടപടികളുടെയും വിവരങ്ങളും സ്ഥാപനത്തിന്റെ മറ്റ് അടിസ്ഥാന സ്ഥിതി വിവരങ്ങളും കൂടി ചേർത്ത ശേഷം ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നതിന് നൽകേണ്ടതാണ്.

(b) സെക്രട്ടറി സ്ഥാപനതല വിവരങ്ങൾ ചേർത്ത് പൂർണ്ണമാക്കിയ വാർഷിക റിപ്പോർട്ടിന്റെ ഓഡിറ്റിനായി ഓഡിറ്റ് സ്ഥാപനം സന്ദർശിച്ച് ആധികാരികതയും കൃത്യതയും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്

(c) വാർഷിക റിപ്പോർട്ടിന്റെ ഓഡിറ്റ് നടത്തി അംഗീകരിക്കുന്നതോടൊപ്പം ഇ-സബ്മിഷൻ മുഖേന എയിംസിൽ ലഭ്യമായ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് സർട്ടിഫിക്കേഷനും നടത്തേണ്ടതാണ്.

(d) ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയ വാർഷിക റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി വെബ് സർവ്വീസ് മുഖേന ഓഡിറ്റ് വകുപ്പിന് എയിംസിൽ ഇ-സബ്മിഷനിലൂടെ ലഭ്യമാക്കേണ്ടതാണ്.

(e) ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളുടെ ഓഡിറ്റ് സർട്ടിഫിക്കറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സെക്രട്ടറി സമർപ്പിക്കേണ്ടതാണ്.

(f) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിന്റെ വിവരം തീരുമാന നമ്പർ സഹിതം സെക്രട്ടറി എയിംസിൽ അപ്‌ലോഡ് ചെയ്യുന്നതോടെ വാർഷിക റിപ്പോർട്ടിന്റെ സമർപ്പണം ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെടേണ്ടതാണ്

(g) ഇപ്രകാരം വെബ് സർവ്വീസ് മുഖേന എയിംസിൽ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ എയിംസിൽ പ്രത്യേകമായി വികസിപ്പിച്ചെടുക്കുന്ന മോഡ്യൂളിൽ ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ചും വിശകലനം നടത്തിയും ഓഡിറ്റ് വകുപ്പ് സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പിനും സർക്കാർ മുഖേന സമാഹൃത ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ബഹു. നിയമസഭയ്ക്ക മുമ്പാകെയും സമർപ്പിക്കേണ്ടതാണ്.

(3) ഇപ്രകാരം എയിംസ് സോഫ്റ്റ്‌വെയറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ വേണ്ടി പ്രത്യേകം മോഡ്യൂൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി വികസിപ്പിച്ചശേഷം, ലഭിക്കുന്ന വാർഷിക റിപ്പോർട്ടുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സമയബന്ധിതമായി ക്രോഡീകരിച്ച് 2017-18 ലെ ഓഡിറ്റ് വകുപ്പിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനോടൊപ്പം സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 ലെ വാർഷിക റിപ്പോർട്ടും പുറപ്പെടുവിക്കുന്നതുവഴി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടബിലിറ്റി സംബന്ധിച്ച് 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശം 2018 സെപ്തംബർ 30 നകം നടപ്പിൽ വരുത്തി എന്ന് ഉറപ്പാക്കാനാവുന്നതാണ്.

(4) സർക്കാർ മേൽ നിർദ്ദേശം വിശദമായി പരിശോധിക്കുകയുണ്ടായി. അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം നിർദ്ദേശിച്ച നടപടിക്രമം അംഗീകരിച്ചു കൊണ്ട്, കേരള പഞ്ചായത്ത് രാജ്/മുനിസിപ്പൽ നിയമങ്ങളിലെയും ചട്ടങ്ങളിലെയും നിഷ്കർഷകളും ധനകാര്യ കമ്മീഷൻ ശുപാർശകളും പാലിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സമയക്രമവും നടപടികളും ഉൾപ്പെടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

ക്രമ നം	നടപടി	ഉത്തരവാദിത്തം	സമയപരിധി	
			2018-19	2019-20 മുതൽ
1	വെബ് പോർട്ടൽ മുഖേന സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട് ലഭ്യമാക്കുക (വാർഷിക കണക്കുകൾ ഇ-സബ്മിഷൻ നടത്തുന്ന സ്ഥാപനങ്ങളുടെ മുൻഗണനാക്രമത്തിൽ)	ഐ.കെ.എം	22.05.18	ഏപ്രിൽ 15
2	വെബ് സർവ്വീസ് മുഖേന ലഭ്യമാകുന്ന വാർഷിക റിപ്പോർട്ടിൽ സ്ഥാപനതല വിവരങ്ങൾ ചേർത്ത് ഓഡിറ്റിനെ അറിയിക്കുക	സെക്രട്ടറി പഞ്ചായത്ത് /നഗരസഭ/കോർപറേഷൻ	29.05.18	ഏപ്രിൽ 30
3	വാർഷിക റിപ്പോർട്ടിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടേയും പരിശോധനയും സാക്ഷ്യപ്പെടുത്തലും	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	01.06.18 മുതൽ 16.07.18 വരെ	മെയ് 1 മുതൽ ജൂൺ 15 വരെ
4	ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയ വാർഷിക റിപ്പോർട്ടുകൾ വെബ് സർവ്വീസ് മുഖേന AIMS ൽ അപ്‌ലോഡ് ചെയ്യൽ	സെക്രട്ടറി	ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയാൽ ഉടൻ തന്നെ	
5	വാർഷിക റിപ്പോർട്ട് അംഗീകരിച്ച തീരുമാന നമ്പർ എയിംസിൽ അപ്‌ലോഡ് ചെയ്യൽ	സെക്രട്ടറി	ഓഡിറ്റിന് ശേഷം 15 ദിവസത്തിനകം	
6	വാർഷിക റിപ്പോർട്ടുകളുടെ ജില്ലാ /സംസ്ഥാനതലത്തിലുള്ള ക്രോഡീകരണവും സമാഹരണവും	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	30.07.18	ജൂലൈ 30
7	സമാഹൃത വാർഷിക റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	16.08.18	ഒക്ടോബർ 16

	ലഭ്യമാക്കൽ			
8	സമാഹൃത വാർഷിക റിപ്പോർട്ട് സർക്കാരിന് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കൽ	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	30.09.18	സെപ്തംബർ30
9	പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017- 18 വർഷത്തെ വിശദമായ വാർഷിക ഓഡിറ്റും ഓഡിറ്റ് റിപ്പോർട്ടും	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	16. 7. 18 മുതൽ 15. 1 19 വരെ	ജൂൺ 15 മുതൽ ഡിസംബർ 15 വരെ

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ എബ്രഹാം

ഗവണ്മെന്റ് അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട് ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (LBA), തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ല പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

പകർപ്പ്- (1) ബഹു : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
(2) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേർസണൽ സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner

കേരള സർക്കാർ

ഡിസാസ്റ്റർ മാനേജ്മെന്റ് (എ) വകുപ്പ്

പരിപത്രം

നമ്പർ. ഡി.എം.1/217/2018/ഡി.എം.ഡി. തിരുവനന്തപുരം,
തീയതി : 28/05/2018

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ 16.05.2018-ലെ കാലവർഷ തുലാവർഷ മുന്നൊരുക്ക യോഗ നടപടിക്കുറിപ്പുകൾ.

മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും വിവിധ വകുപ്പുകളും അടിയന്തിരമായി സ്വീകരിക്കേണ്ട പ്രതിരോധ/ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എല്ലാ ജില്ലകളും ഹരിത കേരളം, തൊഴിലുറപ്പ് എന്നീ പദ്ധതികൾ ഉപയോഗിച്ച് ജല സംരക്ഷണത്തിന് കുളങ്ങളും, തോടുകളും, മറ്റ് ജലാശയങ്ങൾ, കിണറുകൾ എന്നിവയെല്ലാം ശുദ്ധമാക്കുവാനും പരമാവധി ജല സംഭരണം ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) കാലവർഷ ആരംഭത്തിൽ ലഭിക്കുന്ന മഴ പരമാവധി സംഭരിച്ച് വിനിയോഗം കാര്യക്ഷമമാക്കുവാൻ ഉതകുന്ന നടപടികൾ ജലസേചന വകുപ്പ്, വാട്ടർ അതോറിറ്റി, KSEB എന്നിവർ സ്വീകരിക്കേണ്ടതാണ്. ജല സംരക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ ജലസേചന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

(3) കാലവർഷ-തുലാവർഷ തയാറെടുപ്പ് പ്രവർത്തനങ്ങളുടെ അവലോകനത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗങ്ങൾ മെയ് 30 ന് മുൻപ് ചേരേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹ-അദ്ധ്യക്ഷനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തല അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്.

(4) കേരളത്തിലെ വഴിയരികുകളിലും, കടത്തിണ്ണകളിലും, ബസ് സ്റ്റാന്റുകളിലും അന്തിയുറങ്ങുന്ന ആളുകൾക്ക് മഴക്കാലം ദുരന്ത പൂർണമാണ്. ഇത് ഒഴിവാക്കുവാനും, ഇവർക്ക് ഈ മഴക്കാലത്ത് രാത്രികാലങ്ങളിൽ ഉറങ്ങാനും, അത്താഴം നൽകുവാനും ഉള്ള സംവിധാനം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാമൂഹിക സുരക്ഷാ വകുപ്പ് ഒരുക്കേണ്ടതാണ്.

(5) എല്ലാ ജില്ലകളിലും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ റവന്യൂ പോലീസ് (പോലീസ് VHF റേഡിയോ സഹിതം), അഗ്നിശമന സേന എന്നീ വകുപ്പുകളുടെ പ്രതിനിധികളെ ഷിഫ്റ്റ് വ്യവസ്ഥയിൽ ഉൾപെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട് എന്ന് Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala (http://sdma.kerala.gov.in/publications/Handbook/SEOC,%202015.pdf)ൽ നിഷ്കർഷിച്ചിരിക്കുന്നത് പോലെ ഉറപ്പ് വരുത്തണം. ഇതിനായി ജില്ലാ ദുരന്ത നിവാരണ

-1-

അതോറിറ്റി ചെയർമാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (xviii) പ്രകാരം ജില്ലാതല വകുപ്പ് മേധാവികൾക്ക് ഉത്തരവ് നൽകേണ്ടതാണ്. ആലപ്പുഴ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഈ വിഷയത്തിൽ 2013 മുതൽ സ്വീകരിച്ചിട്ടുള്ള പ്രവൃത്തികൾ അനുകരണീയമാണ്.

(6) Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala (http://sdma.kerala.gov.in/wp-content/uploads/EOCESFP2015-Edition-2.pdf)ൽ നിഷ്കർഷിച്ചിരിക്കുന്നത് പോലെ എല്ലാ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും രണ്ട് സ്ഥിരം മൊബൈൽ ഫോണും നമ്പറുകളും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ സ്ഥാപിച്ച്, പ്രസ്തുത നമ്പർ revenuedmdk@gmail.com, seoc.gok@gmail.com എന്നീ ഇമെയിലുകളിൽ അറിയിക്കുക. ഈ നമ്പർ ഏതെങ്കിലും വ്യക്തിയുടെതോ, ഉദ്യോഗസ്ഥന്റേയോ ആയിരിക്കരുത്. ഈ മൊബൈൽ ഫോൺ നമ്പറിൽ WhatsApp ഉണ്ടാകേണ്ടതാണ്. ദുരന്ത സംബന്ധിയായി ജില്ലയെ സംബന്ധിച്ച് ലഭിക്കുന്ന മുന്നറിയിപ്പുകൾ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലും, ജില്ലാ കളക്ടറുടെ ഔദ്യോഗിക മൊബൈൽ നമ്പറിലും ആയിരിക്കും പ്രധാനമായി സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും അറിയിക്കുക. ജില്ലാതലത്തിൽ ആവശ്യമായ വകുപ്പുകൾക്കും, ജന പ്രതിനിധികൾക്കും അറിയിപ്പുകൾ നൽകേണ്ടുന്ന ചുമതല ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിനായിരിക്കും.

(7) വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൈവശം ഉള്ള ഭൂമിയിൽ ഉള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം എല്ലാ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു. ഇതിനായി വകുപ്പുകൾ സ്വന്തമായി പണം കണ്ടെത്തണം. അപകടകരം എന്നും അടിയന്തിരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങളും മരച്ചില്ലകളും മുറിക്കുവാനുള്ള അനുമതി നൽകുന്നതിന് പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുക. ഈ സമിതിയുടെ ശിപാർശയ്ക്ക് വിധേയമായി അടിയന്തിരമായി മുറിക്കേണ്ട മരങ്ങളും മരച്ചില്ലകളും മുറിക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഈ നിർദ്ദേശം അനുസരിക്കാത്ത വകുപ്പുകൾക്കായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത. അടിയന്തിരമല്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിന്റെ പ്രാദേശിക ടീ കമ്മിറ്റിയുടെ അനുമതിക്ക് ശേഷം മാത്രമേ മരം മുറിക്കുവാൻ പാടുള്ളൂ. മറ്റ് വകുപ്പുകളുടെ ഭൂമിയിൽ ഉള്ള മരം കോതി ഒതുക്കുവാനും മുറിച്ച് മാറ്റുവാനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പണം വിനിയോഗിക്കുവാൻ പാടില്ല. എന്നാൽ അംഗീകൃത ദുരന്തത്തിൽ മറിഞ്ഞു വീഴുന്ന മരം മുറിച്ച് മാറ്റി ഗതാഗതം പുനസ്ഥാപിക്കുവാനും, Search and Rescue വിനായും മരം മുറിച്ച് മാറ്റുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദനീയമാണ്.

(8) സ്വകാര്യ ഭൂമിയിലുള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം പൊതുജനങ്ങൾക്ക് പത്ര-മാധ്യമങ്ങൾ വഴി നിർദ്ദേശം നൽകുക. ഈ നിർദ്ദേശം അനുസരിക്കാത്ത വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത എന്നത് പരസ്യപ്പെടുത്തുക.

(9) എല്ലാ വകുപ്പുകളും അവരവരിൽ നിക്ഷിപ്തമായ ദുരന്ത പ്രതികരണ ചുമതലകൾ Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala available at (http://sdma.kerala.gov.in/wp-content/uploads/EOCESFP2015-Edition-2.pdf)ൽ നിന്നും മനസിലാക്കുകയും ആവശ്യമായ വകുപ്പുതല തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുക.

(10) Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala available at (http://sdma.kerala.gov.in/wp-content/uploads/EOCESFP2015-Edition-2.pdf)ൽ നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റിൽ എല്ലാ വകുപ്പുകളും മഴക്കാല ദുരന്തങ്ങൾ ,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് നടപ്പിൽ വരുത്തുന്നതിന് ഒരു നോഡൽ ഓഫീസറെ നിയമിച്ച് 29 May 2018 നകം ഈ ഇമെയിലുകളിൽ അറിയിക്കുക revenuedmdk@gmail.com, seoc.gok@gmail.com.

(11) കേരളത്തിൽ, ജില്ല തിരിച്ച് ദുരന്ത പ്രതികരണത്തിന് ഉപയോഗിക്കാവുന്ന ഒട്ടനവധി ഉപകരണങ്ങളുടെ പട്ടിക Indian Disaster Resource Network http://sdma.kerala.gov.in/idrn/ എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഈ പട്ടിക എല്ലാ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലും, താലൂക്ക് ഓഫീസുകളിലും പ്രിൻറ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരം പ്രാദേശികമായി ശേഖരിച്ചും സൂക്ഷിക്കുക.

(12) എല്ലാ താലൂക്കിലും അഗ്നിശമന സേനയുടെയോ, പോലീസിന്റേയോ ഒരു ASKA light എങ്കിലും ഉണ്ട് എന്ന് ജില്ലാ കളക്ടർ ഉറപ്പു വരുത്തുക.

(13) ജില്ലാ തലത്തിൽ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ tarpaulin-നും, ചെറിയ പന്തലും മറ്റും കെട്ടി നൽകുന്നവരുമായും കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Keralaൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(14) അത്യാഹിത സാഹചര്യങ്ങളിൽ ഉപയോഗിക്കുവാൻ ആവശ്യമായ വണ്ടികൾ, ക്രെയിനുകൾ, മണ്ണ് മാന്തികൾ ദുരിതാശ്വാസത്തിനാവശ്യമായ മറ്റ് വസ്തുവകകൾ (വിറക്, പാത്രങ്ങൾ എന്നിവ) കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Keralaൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(15) ജില്ലാ ദുരന്ത ലഘൂകരണ പദ്ധതിയിൽ (District Disaster Management Plan) നൽകിയിട്ടുള്ള എല്ലാ ദുരന്ത സാധ്യതാ മേഖലകളിലും, വില്ലേജിൽ ഒന്ന് എന്ന കണക്കിൽ അടിയന്തിരഘട്ടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുവാൻ ആവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും ഇവയുടെ പട്ടിക ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ സൂക്ഷിക്കുകയും ചെയ്യുക. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ ഒരു താക്കോൽ അതാത് വില്ലേജ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്.

(16) വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളായ കുട്ടനാട്ടിലും, കോൾ നിലങ്ങളിലും, പൊക്കാളി മേഖലയിലും, അടിയന്തിരഘട്ടങ്ങളിൽ മൃഗ സംരക്ഷണ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുവാൻ ആവശ്യമായ തയ്യാറെടുപ്പുകൾ മൃഗ സംരക്ഷണ വകുപ്പ് കൈക്കൊള്ളണം. ഇത്തരം ക്യാമ്പുകളിൽ ലഭ്യമാക്കുവാൻ ആവശ്യമായ വൈക്കോൽ, തീറ്റ, പുല്ല്, മരുന്ന് എന്നിവയ്ക്ക് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ. ഇത്തരം ക്യാമ്പുകൾ ആരംഭിക്കുന്നതിന് 30 ദിവസം വരെ ജില്ലാ കളക്ടർക്ക് നേരിട്ട് അനുമതി നൽകാവുന്നതാണ്.

(17) തീരശോഷണ ആഘാതം ലഘൂകരിക്കുവാൻ ആവശ്യമായ രീതിയിൽ ജലസേചന വകുപ്പ് കടൽ ഭിത്തികൾക്കുള്ള കേടുപാടുകൾ അടിയന്തിരമായി പരിശോധിച്ച്, പരിഹരിക്കുക. അടിയന്തിരഘട്ടങ്ങളിൽ തീരത്തെ വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ, കടൽ ഭിത്തികൾക്ക് ബലം കുറഞ്ഞ സ്ഥലങ്ങളിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ് നടത്തുക. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കടൽ ഭിത്തികൾക്കുള്ള കേടുപാടുകൾ പരിഹരിക്കുവാൻ അനുമതി ഇല്ല. ജലസേചന വകുപ്പ് ഇതിനാവശ്യമായ പണം കണ്ടെത്തേണ്ടതാണ്.

(18) തീരശോഷണം സംബന്ധിച്ച മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളികൾക്കും, തീരദേശ നിവാസികൾക്കും സമയ ബന്ധിതമായി നൽകുവാൻ തീരദേശ പോലീസും, ഫിഷറീസ് വകുപ്പും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക. തീരശോഷണം സംബന്ധിച്ച മുന്നറിയിപ്പ് ലഭിക്കുമ്പോൾ തീരത്ത് അടുപ്പിച്ചിരിക്കുന്ന വള്ളവും വലയും സുരക്ഷിതമാണെന്ന് ഉറപ്പാക്കുവാൻ മത്സ്യ തൊഴിലാളികൾക്ക് തീരദേശ പോലീസും ഫിഷറീസ് വകുപ്പും ആവശ്യമായ നിർദ്ദേശം നൽകണം. വള്ളവും വലയും ഏറ്റവും അടുത്തുള്ള fishing harbor ൽ സൂക്ഷിക്കുന്നതാണ് തീരശോഷണത്തിൽ നിന്നും, കള്ളകടലിൽ നിന്നും ഇവ സംരക്ഷിക്കുവാൻ ഏറ്റവും ഉചിതം.

(19) ഫിഷറീസ്, ജലസേചനം, വൈദ്യുതി, ഡാം സേഫ്റ്റി അതോറിറ്റി, കൃഷി വകുപ്പ് എന്നീ വകുപ്പുകൾ അടിയന്തിരമായി വകുപ്പ് തല ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(20) കുട്ടനാട്ടിലും, കോൾ നിലങ്ങളിലും വെള്ളപ്പൊക്ക സമയത്ത് ഉണ്ടാകുന്ന മടവീഴ്ചയിൽ കൃഷി നാശം പരമാവധി കുറയ്ക്കുവാൻ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ തയ്യാറാക്കി സൂക്ഷിക്കുകയും, അതിശക്തമായ പമ്പ് സെറ്റുകൾക്ക് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home

Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(21) മത്സ്യ തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെടുമ്പോൾ അടിയന്തിര രക്ഷാആവശ്യങ്ങൾക്കായി തീരദേശ പോലീസും, ഫിഷറീസ് വകുപ്പും fishing harbor കൾ കേന്ദ്രീകരിച്ച് ഒരു അതിവേഗ കടൽയാനം (sea worthy boat) എങ്കിലും വാടകയ്ക്ക് എടുക്കുക. ഇതിനായി കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. തീരശോഷണം, ശക്തമായ കാറ്റ്, സുനാമി, ചുഴലിക്കാറ്റ് എന്നിവയോടനുബന്ധിച്ചുള്ള അടിയന്തിരഘട്ടത്തിൽ ഈ ബോട്ടുകളുടെ ഉപയോഗത്തിന് ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കാവുന്നതാണ്. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(22) എല്ലാ താലൂക്കിലും ഉള്ള സപ്ലൈ ഓഫീസർമാർ മുഖാന്തരം 100 കിലോ അരി, 50 കിലോ പയർ, 10 കിലോ എണ്ണ, 75 കിലോ മണ്ണെണ്ണ എന്നിവ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാനായി സംഭരിച്ച് സൂക്ഷിക്കുക. അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായ ക്യാമ്പുകളിൽ ഇത്തരത്തിൽ സംഭരിച്ചിട്ടുള്ള ഭക്ഷ്യ-ധാന്യങ്ങളും, എണ്ണയും, മണ്ണെണ്ണയും സപ്ലൈ ഓഫീസർമാർ തഹസിൽദാർ ആവശ്യപ്പെടുമ്പോൾ നേരിട്ട് എത്തിക്കേണ്ടതാണ്.

(23) ക്യാമ്പുകളിൽ ആവശ്യമായ എല്ലാ ഭക്ഷ്യ-ധാന്യങ്ങളും, പച്ചക്കറിയും, മത്സ്യവും, മാംസവും, എണ്ണയും, മണ്ണെണ്ണയും, പാചക വാതകവും സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ്, മത്സ്യ ഫെഡ്, കെപ്കോ, എന്നിവയിൽ നിന്നുമാത്രമേ വാങ്ങുവാൻ പാടുള്ളൂ. ഇവയുടെ ലഭ്യത ക്യാമ്പുകൾക്ക് ഉറപ്പുവരുത്തുവാൻ ഈ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർക്ക് മുൻകൂട്ടി നിർദ്ദേശം നൽകുകയും. കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുകയും ചെയ്യുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ. പ്രൈവറ്റ് ആയി ഇത്തരം അവശ്യസാധനങ്ങൾ വാങ്ങേണ്ടുന്ന സ്ഥിതി സംജാതമായാൽ ഇവ മേൽ സൂചിപ്പിച്ച

സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമല്ല എന്ന് അതാത് സ്ഥാപനങ്ങളുടെ താലൂക്ക്/ജില്ലാതല അധികാരിയിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

(24) ക്യാമ്പുകളിലെ അടുക്കളയിൽ മണ്ണെണ്ണയോ, പാചക വാതകകമോ ഉപയോഗിക്കുവാൻ ശ്രമിക്കുക. വിറക് ആവശ്യമാണെങ്കിൽ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിച്ച വ്യക്തിയിൽ നിന്നുമാത്രം സംഭരിക്കുക. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ആലപ്പുഴ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഇത്തരം സംവിധാനങ്ങൾ 2013 മുതൽ സപ്ലൈ കോ. കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ്പ് എന്നിവരുമായി ചേർന്ന് ഏർപ്പെടുത്തി വരുന്നു. ഇതിനായി ഒരു ബുക്ക് ലെറ്റും ആലപ്പുഴ ജില്ലയിൽ തയ്യാറാക്കിയിട്ടുണ്ട്.

(25) പുഴക്കടവുകളിലും, ബീച്ചുകളിലും, അപകടകരമായ കയം ഉള്ള പ്രദേശങ്ങളിലും അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുവാൻ ജില്ലാ വിനോദസഞ്ചാര വികസന സമിതിക്ക് നിർദ്ദേശം നൽകുക. ശക്തമായ കാറ്റും, തീരശോഷണവും, തിരയും ഉള്ള സമയത്തും ഇത്തരം അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ജല ക്രീഡകളിൽ ഏർപ്പെടുവാൻ ആരെയും അനുവദിക്കരുത്. ഇതിന് ആവശ്യമായ നടപടികൾ ജില്ലാ വിനോദസഞ്ചാര വികസന സമിതി (DTPC) സ്വീകരിച്ചു എന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തുക.

(26) മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ കാലവർഷ-തുലാവർഷ കാലത്ത് വാഹനങ്ങൾ നിർത്തരുത് എന്ന അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ-സ്വയംഭരണ വകുപ്പ് എന്നിവയ്ക്ക് നിർദ്ദേശം നൽകുക. ഇതിനാവശ്യമായ ചിലവ് പ്രസ്തുത വകുപ്പ് കണ്ടെത്തേണ്ടതാണ്.

(27) മലയോര മേഖലയിലെ പാലം, culvert എന്നിവയുടെ അടിയിലുള്ള തടസ്സങ്ങൾ നീക്കംചെയ്ത് ജല ബഹിർഗമനം സുഗമമാക്കുവാൻ തദ്ദേശ-സ്വയംഭരണ വകുപ്പ്, ഗ്രാമ വികസന വകുപ്പ് എന്നിവ നടപടി സ്വീകരിച്ചു എന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തുക.

(28) രണ്ട് ദിവസം അടുപ്പിച്ചു മഴ പെയ്താൽ, ഇത്തരത്തിൽ മഴ പെയ്യുന്ന വില്ലേജുകളിൽ ഉള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതു വരെ നിർത്തിവെക്കുവാൻ വില്ലേജ് ഓഫീസർമാർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ അധികാരം നൽകേണ്ടതാണ്.

(29) പാറമടകളിലെ കുളങ്ങൾക്ക് ചുറ്റും ഉറപ്പും, ഉയരവും ഉള്ള മുള്ള് വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഇത് ഉറപ്പുവരുത്തുവാൻ വില്ലേജ് ഓഫീസർമാർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് അധികാരം നൽകാവുന്നതാണ്. ഈ നിർദ്ദേശം എല്ലാ സ്വകാര്യ പാറമടയുടമസ്ഥരും 45 ദിവസത്തിനുള്ളിൽ പാലിച്ചു എന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഉറപ്പ് വരുത്തണം. പ്രവർത്തനം നിലച്ച പാറമട, കുളങ്ങൾ ഉള്ള പാറമട ഉടമസ്ഥർക്കും ഈ തീരുമാനം ബാധകമാക്കേണ്ടതാണ്. പുറമ്പോക്കിൽ ഉള്ള, നിലവിൽ പ്രവർത്തനം നിലച്ച പാറമടകളിൽ ഉള്ള ഇത്തരം കുളങ്ങൾക്ക് ചുറ്റും വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷിക്കേണ്ടതിന്റെ ചുമതല മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിനാണ്. ഇതിനാവശ്യമായ തുക പ്രസ്തുത വകുപ്പ് Quarry Safety Fund/District Mineral Foundation Fund ൽ നിന്നും കണ്ടെത്തേണ്ടുന്നതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഇതിനാവശ്യമായ നിർദ്ദേശം ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 30 (2) (v) വിനിയോഗിച്ച് സ്വകാര്യ പാറമട ഉടമസ്ഥർക്കും, ജില്ലയിലെ മൈനിംഗ് ആൻഡ് ജിയോളജി ഉദ്യോഗസ്ഥർക്കും നൽകാവുന്നതാണ്.

(30) മഴക്കാലത്ത് കേരളത്തിൽ റോഡ് അപകടങ്ങൾ, പ്രത്യേകിച്ച്, ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിക്കാറുണ്ട്. റോഡ് സുരക്ഷാ അതോറിറ്റി ഈ വിഷയത്തിൽ

പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ടാങ്കർ ലോറികൾ, പ്രത്യേകിച്ച് പെട്രോളിയം ഉത്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ ലോറികൾ സഞ്ചരിക്കുന്ന പ്രധാന പാതകളിൽ, രാത്രി 10 മണിക്കും പകൽ 6 മണിക്കും ഇടയിൽ അതാത് ജില്ലാ അതിർത്തികളിൽ വച്ച് ഇവയെ തടഞ്ഞ് ഡ്രൈവർമാർക്ക് ഒരു ചൂട് കാപ്പി/ചായ കുടിക്കുവാൻ നൽകുന്നതും, 30 മിനിറ്റ് സമയം ഇവർക്ക് നിർബന്ധിത വിശ്രമം നൽകുന്നതും ഉചിതമായിരിക്കും. ഇതിന് ആവശ്യമായ ഇക റോഡ് സുരക്ഷാ അതോറിറ്റികൾ കണ്ടെത്തേണ്ടതാണ്.

(31) അണക്കെട്ടുകളിൽ നിന്നും ജലം ഇറന്നു വിടുന്ന സാഹചര്യം ഉണ്ടായാൽ പ്രസ്തുത അണക്കെട്ടിന്റെ ചുമതലയുള്ള വകുപ്പ് (KSEB, Irrigation) 24 മണിക്കൂർ മുൻപ് നിർബന്ധമായും ഇറന്നുവിടുവാൻ സാധ്യതയുള്ള അണക്കെട്ടിന്റെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ (BSNL 1077 ൽ) അറിയിപ്പ് നൽകേണ്ടതാണ്.

(32) ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലും, താലൂക്കുകളിലും ഉള്ള എല്ലാ VHF റേഡിയോകളും പ്രവർത്തനക്ഷമമാക്കുവാൻ ജില്ലാ പോലീസ് ടെലികമ്മ്യൂണിക്കേഷൻസിന്റെ സഹായം തേടുക.

17. Natural Resources
18. Others (Please Specify)

Annex B

Name of MDB/IFI from which external assistance is sought

1. World Bank – IBRD
2. World Bank – IFC
3. Asian Development Bank (ADB)
4. IFAD
5. NDB
6. Others (Please specify)

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളോത്സവം 2018- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക ചെലവഴിക്കുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 1972/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 20/07/2018

പരാമർശം:- കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 21.06.2018 ലെ പി1-2860/വൈ.ഡബ്ല്യു.ബി നമ്പർ കത്ത്.

ഉത്തരവ്

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാകായിക-സാഹിത്യ കാർഷികശേഷികൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന പദ്ധതിയായ കേരളോത്സവം 2018 ന്റെ .സംഘാടനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാൻ അനുവാദം നൽകണമെന്ന് കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 2018 ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി ഇക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഗ്രാമ പഞ്ചായത്തുകൾ	-	60,000 /-
ബ്ലോക്ക് പഞ്ചായത്തുകൾ	-	1,20,000 /-
ജില്ലാ പഞ്ചായത്തുകൾ	-	2,40,000 /-
നഗരസഭകൾ	-	1,20,000 /-
കോർപ്പറേഷനുകൾ	-	1,45,000 /-

3. ഇങ്ങനെ ധനവിനിയോഗം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും 31.03.2019 വരെ 2018 കേരളോത്സവം ഇനത്തിലുണ്ടാകുന്ന വരവ് ചെലവ് കണക്കുകളുടെ കൗൺസിൽ/കമ്മിറ്റി അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും 2019 ഏപ്രിൽ 15 നകം കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന് നൽകേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി ജെ. ഷൂക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജന ക്ഷേമബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് ഭവൻ, ദൂരദർശൻ കേന്ദ്രത്തിനു സമീപം, കടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്പോർട്ട്സ് & യുവജനക്ഷേമവകുപ്പ് (SYA-B1/104/2018-SYA നമ്പർ ഫയൽ പ്രകാരം)
ധനകാര്യ (എസ്.എഫ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തെരഞ്ഞെടുപ്പ് വിഭാഗം - ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ സ്ഥാപനമായ M/s TQ Services-ന് പഞ്ചായത്ത് ഡയറക്ടറുമായി ഫൈൻ ഈടാക്കിക്കൊണ്ട്, കരാർ ഒപ്പ് വയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.**2147/2018**/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/08/2018

പരാമർശം:- 1. 27.03.2018-ലെ സ.ഉ. (സാധാ) 839/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. 12.06.2018, 07.07.2018, 17.07.2018 എന്നീ തീയതികളിലെ പഞ്ചായത്ത് ഡയറക്ടറുടെ ജെ4/1024/2016-ാം നമ്പർ കത്തുകൾ.

ഉത്തരവ്

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 700 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകുന്നതിനായി 3.80 കോടി രൂപ ചെലവിൽ M/s TQ Services-മായി കരാറിൽ ഏർപ്പെടാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ വയ്ക്കുവാൻ പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ട എങ്കിലും യഥാസമയം കരാർ ഒപ്പ് വയ്ക്കുകയുണ്ടായില്ല. ഈ കാലതാമസം മാപ്പാക്കി 19.05.2018-ൽ മുൻകാല പ്രാബല്യത്തോടെ M/s TQ Services-മായി കരാർ വയ്ക്കുന്നതിന് അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ സൂചന (2)-ലെ കത്തുകൾ മുഖേന അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട M/s TQ Services-ൽ നിന്നും ദിവസം **250/-** രൂപ നിരക്കിൽ കരാർ ഒപ്പ് വയ്ക്കുന്ന തീയതി വരെ ഫൈൻ ഈടാക്കിക്കൊണ്ട്, കരാർ ഒപ്പ് വയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള.
ധനകാര്യ വകുപ്പ്.

ടീം ലീഡർ, രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ - ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ - നിർദ്ദേശങ്ങൾ നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം.**114/2018/തസ്വഭവ.** തീയതി, തിരുവനന്തപുരം, **17/08/2018.**

പരാമർശം :- സ.ഉ(കൈ) നം. 13/2018 ദു.നി.വ തീയതി 16/08/2018.

ഉത്തരവ്

സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടായ സാഹചര്യത്തിൽ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലുംപെട്ട് വീടുകളിലും മറ്റ് കെട്ടിടങ്ങളിലും കുടുങ്ങപ്പോയിട്ടുള്ള ആൾക്കാർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, മുൻസിപ്പാലിറ്റി ചെയർമാൻ / സെക്രട്ടറി, കോർപ്പറേഷൻ ചെയർമാൻ / സെക്രട്ടറിമാർ നേതൃത്വം വഹിക്കേണ്ടതാണ്.

2. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതും ഇത് ഡ്യൂട്ടിയുടെ ഭാഗമായി തന്നെ പരിഗണിക്കുന്നതുമാണ്. അടിയന്തിര ഘട്ടങ്ങളിലല്ലാതെ ജീവനക്കാർക്ക് അവധി അനുവദിക്കേണ്ടതില്ല.

3. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒഴിവാക്കി കല്യാണമണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യപ്രദമായ മറ്റ ഹാളുകൾ മുതലായവ കണ്ടെത്തി വാടകയ്ക്കെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ സഹായിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഠൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.
പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പി.എസിന്
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2267/2018/തസ്വഭവ തിരുവനന്തപുരം, തീയതി 17.08.2018

പരാമർശം :-1. മഴക്കെടുതികൾ മൂലമുണ്ടായ നാശ നഷ്ടങ്ങൾ സംബന്ധിച്ച് അവലോകനം ചെയ്യുന്നതിന് ബഹു.മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ 08.08.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

2. ദുരന്ത നിവാരണ (എ) വകുപ്പിന്റെ 10.08.2018 ലെ സ.ഉ(കൈ)നം.12/2018/DMD നമ്പർ ഉത്തരവ്

ഉത്തരവ്

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും വെള്ളപ്പൊക്കവും അതീവ ഗുരുതരമായതിനാൽ ദുരന്ത നിവാരണത്തിനായി കൂടുതൽ യോജിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭാസ സ്ഥാപനങ്ങൾ ഒഴിവാക്കി കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യ പ്രദമായ മറ്റ് ഹാളുകൾ/ കെട്ടിടങ്ങൾ മുതലായവ വാടകയ്ക്കോ സൗജന്യമായോ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരും സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതാണ് .

മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും കിണറുകളിലും മറ്റും മണ്ണും ചെളിയും ഉൾപ്പെടയുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുണ്ട്. പ്രസ്തുത മാലിന്യങ്ങൾ നീക്കം ചെയ്ത് വീടുകളും സ്ഥാപനങ്ങളും കിണറുകളും ഉപയോഗ യോഗ്യമാക്കുന്നതിന് ശുചീകരണ നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ താഴെ പറയുന്ന ശുചീകരണ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

- വെള്ളപ്പൊക്കവും മഴക്കെടുതിയും ശമിച്ചാലുടൻതന്നെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ശുചിത്വ മിഷനും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി യോജിച്ച് പ്രവർത്തിക്കേണ്ടതും ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നേതൃത്വം നൽകേണ്ടതുമാണ്. ഇക്കാര്യത്തിലേക്കായി ഡംപിങ് സ്ഥലങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

- ക്ലോറിനേഷൻ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരുടെയും, ഹരിതകർമ്മ സേനയുടെയും, സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും, യുവജന-വിദ്യാർത്ഥി സംഘടനകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
- മലിനജലം കലർന്ന കിണറുകളുടെ ക്ലോറിനേഷൻ (well sanitation)) നടത്തി ഉപയോഗ യോഗ്യമാക്കുന്നതിനു പ്രാഥമിക പരിഗണന നൽകേണ്ടതാണ്.
- കയ്യുറ, മാസ്ക് തുടങ്ങി ക്ലോറിനേഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വസ്തുക്കളുടെ ലഭ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്
- പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിൽ പാമ്പ് ഉൾപ്പെടുയുള്ള ജീവികളുടെ സാന്നിധ്യം മുന്നിൽ കണ്ട് ക്ലോറിനേഷൻ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- വെള്ളപ്പൊക്കവും മഴക്കെടുതികളുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാധ്യതയുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
കെ. ഗോപാലകൃഷ്ണ ഭട്ട്
ഗവ. സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ക്ലോറിനേഷൻ മിഷൻ
എല്ലാ ഗ്രാമ പഞ്ചായത്ത് അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷൻ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്ന് തന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ OA.2432 തീയതി 16.08.2018)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ സ് പെഷ്യൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിന് താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2556/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 04/10/2018

പരാമർശം :- (1) 06/01/2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നടപടിക്കുറിപ്പ്

(2) സ.ഉ.(സാധാ)നം.687/2016/തസ്വഭവ തീയതി 19.02.2016.

(3) 01/02/2017 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നടപടിക്കുറിപ്പ്

ഉത്തരവ്

പരാമർശം (1) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) ഉത്തരവ് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിന് അനുമതി നല്കിയും, ജി.ഐ.എസ്. മാപ്പിംഗിനുള്ള നിരക്ക് നിശ്ചയിക്കുന്നതിനും ഏജൻസിയെ വിലയിരുത്തുന്നതിനുമായി സ്പെഷ്യൽ സെക്രട്ടറി (പഞ്ചായത്ത്), സ്റ്റേറ്റ് പെർഫോൻസ് ഓഡിറ്റർ, നാഷണൽ ഇൻഫർമാറ്റിക് സെന്റർ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നീ ഉദ്യോഗസ്ഥരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിരുന്നു.

- ജി.ഐ.എസ് മാപ്പിംഗിന് ഐ.കെ.എം. സൂപ്പർവൈസ് ചെയ്യേണ്ടതാണ്.
- ഐ.കെ.എം. ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ്. മാപ്പിംഗ് നടത്താൻ.
- പ്രോപ്പർട്ടി അസ്സസ്മെന്റിന് ജി.ഐ.എസ്. മാപ്പിംഗ് ഉപകരിക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോഇക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണം.

ജി.ഐ.എസ്. മാപ്പിംഗിന് പ്രസ്തുത കമ്മിറ്റി 2016-ൽ അംഗീകരിച്ച നിരക്ക് ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

- Rs.110/household
- Rs.7000/Square Km which includes detailed road survey
- Software development-Nil

2) 01/02/2017-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാപ്പിംഗിനും, കെട്ടിടങ്ങൾ, റോഡുകൾ മുതലായവയുടെ ഡിജിറ്റൽ വിവരശേഖരണത്തിനുമായുള്ള ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ച് നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച് വകുപ്പ്തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് തീരുമാനിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ നിരക്കിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിന് താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർഡ്‌വെയർ പ്രോക്യുർമെന്റ് (hardware procurement) ഇ-ടെണ്ടർ/കേന്ദ്രീകൃത പ്രോക്യുമെന്റ് പ്ലാറ്റ്ഫോം മുഖേന ആയിരിക്കണം.

2. പ്രോജക്ടിലെ സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് & ടെക്നിക്കൽ സപ്പോർട്ട് ഘടകത്തിന്റെ (software development and technical support component) കോസ്റ്റ് 50 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ഇ-ടെണ്ടർ നടപടികളിലൂടെ മാത്രമേ അവാർഡ് ചെയ്യാവൂ.

3. പ്രോജക്ട് കോസ്റ്റ് 50 ലക്ഷത്തിന് മുകളിൽ ആണെങ്കിലും സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് & ടെക്നിക്കിൽ സപോർട്ട് ഘടകത്തിന്റെ കോസ്റ്റ് 50 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ വർക്ക് നേരിട്ട് (ടെണ്ടർ നടപടികൾ ഇല്ലാതെ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അവാർഡ് ചെയ്യാവുന്നതാണ്. ഇപ്രകാരം വർക്ക് അവാർഡ് ചെയ്യുമ്പോഴും ഹാർഡ്‌വെയർ പ്രോക്യുർമെന്റ് ഇ-ടെണ്ടർ/കേന്ദ്രീകൃത പ്രോക്യുർമെന്റ് പ്ലാറ്റ്ഫോം മുഖേന ആയിരിക്കണം.

4. ജി.ഐ.എസ്. മാപ്പിംഗിന് 19/02/2016 ലെ സ.ഉ.(സാധാ)687/2016/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
മിനിമോൾ.ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മടപ്പള്ളി കോളേജ് പോസ്റ്റ്, വടകര, കോഴിക്കോട്.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O.No.Dev-3/135/2016/Fin., Dated, 12/09/2018 പ്രകാരം)
ഇലക്ട്രോണിക്സും വിവരസാങ്കേതികവും വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

കേരള സർക്കാർ

നം.ആർ.സി.2/41/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി, 06/10/2018

പരിപത്രം

വിഷയം: ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - അധിക മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1) 07.03.2018 തീയതിയിലെ 41/ആർ.സി2/2018/തസ്വഭവ നമ്പർ പരിപത്രം

2) 22750/2018 നമ്പർ റിട്ട് പെറ്റീഷനിന്മേൽ ബഹു. ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവ്

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയപാർട്ടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതായും ഇവ റോഡിലേക്ക് തള്ളി നിൽക്കുന്നതായും അതുവഴി അപകടങ്ങൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിന് സൂചന 1 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയുന്നത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ട്, താഴെപ്പറയുന്ന നിബന്ധനകൾ കർശനമായും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

(1) പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ എന്നിവ സ്ഥാപിക്കുന്ന സംഘടനകൾ/വ്യക്തികൾ/സ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരം അനുമതി വാങ്ങിയിട്ടുണ്ടോ എന്ന കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(2) പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ തുടങ്ങിയവയിൽ ഉൾക്കൊള്ളിക്കുന്ന പരസ്യം/അറിയിപ്പിന്റെ പകർപ്പ് അനുമതി അപേക്ഷയോടൊപ്പം തദ്ദേശസ്വയംഭരണ സെക്രട്ടറി വാങ്ങേണ്ടതാണ്. പ്രകോപനപരമായതും മതവികാരം വ്രണപ്പെടുത്തുന്നതും കൊലപാതകദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ബീഭത്സമായ രംഗങ്ങൾ ചിത്രീകരിക്കുന്നതുമായ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകരുത്.

(3) യാത്രക്കാർക്കും കാൽനടയാത്രക്കാർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത ഇടങ്ങളിൽ മാത്രമേ പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ /

ബാനറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ. നടപ്പാതയിലും നടപ്പാതയ്ക്ക് ഇരുവശവും റോഡുകളുടെ വളവുകളിലും പാലങ്ങളിലും റോഡുകൾക്ക് കുറുകെ ഗതാഗത തടസ്സം ഉണ്ടാക്കുന്നവിധവും ബോർഡുകളും ബാനറുകളും സ്ഥാപിക്കുവാൻ അനുമതി നൽകരുത്. ഇതിന് വിരുദ്ധമായിട്ടുള്ള ബോർഡുകളും ഹോർഡിങ്ങുകളും ബാനറുകളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ഉടനടി നീക്കംചെയ്യേണ്ടതും അത് സ്ഥാപിച്ചവർക്കെതിരെ നിയമപ്രകാരം നടപടി എടുക്കേണ്ടതുമാണ്.

(4) 1994 ലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (സി) പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ പഞ്ചായത്ത് സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. 1994 ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 275 പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക്നീക്കംചെയ്യാവുന്നതാണ്. വ്യക്തികൾ/ സ്ഥാപനങ്ങൾ/ സംഘടനകൾ ചട്ടവിരുദ്ധമായി പരസ്യബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ എന്നിവസ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നീക്കം ചെയ്യാൻ ആവശ്യമായനടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

(5) ഉപയോഗം അവസാനിക്കുമ്പോൾ ബോർഡുകൾ നീക്കംചെയ്യേണ്ട ചുമതല ഇവ സ്ഥാപിക്കുന്നതിന് അനുമതി വാങ്ങുന്ന വ്യക്തി/സ്ഥാപനത്തിനായിരിക്കും. തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടേയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 60 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിച്ച തീയതിയായും നിശ്ചയിക്കേണ്ടതാണ്. പരസ്യം കൂടുതൽ സമയത്തേയ്ക്ക് നിലനിർത്തണമെങ്കിൽ 60 ദിവസത്തിനുമുമ്പാകെ ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി വാങ്ങേണ്ടതാണ്.

(6) പ്രദർശിപ്പിക്കുന്ന ബോർഡുകൾ, ബാനറുകൾ ഉപയോഗം അവസാനിക്കുന്ന തീയതിക്കു ശേഷം പരമാവധി 7 ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ എടുത്തുമാറ്റേണ്ടതാണ്. ഉപയോഗം അവസാനിക്കുന്ന തീയതി കഴിഞ്ഞ് 7 ദിവസത്തിനു ശേഷവും എടുത്തുമാറ്റാത്ത പക്ഷം ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിംഗ്രകൾ എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ എടുത്തുമാറ്റാൻവേണ്ട നടപടി സ്വീകരിക്കേണ്ടതും അതിനുവേണ്ടിവരുന്ന ചെലവ് ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗ്രകൾ സ്ഥാപിച്ചവരിൽ നിന്നും ഈടാക്കേണ്ടതും ഇവർക്കെതിരെ ഫൈനുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(7) ഈ സർക്കുലറിൽ പ്രതിപാദിക്കുന്ന വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രചാരണം നൽകേണ്ടതും നോട്ടീസ് ബോർഡിൽ ഈ പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കേണ്ടതുമാണ്.

(8) ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകൾ 2018 ഒക്ടോബർ 15 ന് മുമ്പായി നീക്കം ചെയ്യേണ്ടതും ബോർഡുകൾ നീക്കംചെയ്തതത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/റീജിയണൽ ഡയറക്ടർക്ക് ഒക്ടോബർ 25 ന് മുമ്പായി റിപ്പോർട്ട് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭ തലത്തിൽ നടന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നഗരകാര്യ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം ഒക്ടോബർ 30 ന് മുമ്പാകെ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. സൂചന (2) ലെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യങ്ങളും സമയബന്ധിതമായിതന്നെ നീക്കം ചെയ്യേണ്ടതാണ്.

(9) പരിപത്രത്തിലെ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ കർശനമായും പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം ബന്ധപ്പെട്ടവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

കെ. ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി (ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
സെക്രട്ടറി, ഗതാഗത വകുപ്പ്
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.648 /ഡി.സി.1/17/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
തിരുവനന്തപുരം,തീയതി 09.10.2018

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്- ഹയർസെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ പരിശോധന നടത്തുന്നത് സംബന്ധിച്ച്

സൂചന: ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾ സമർപ്പിച്ച സി.ആർ.എം.പി നം. 5016/01/LA1/2015/ കെ.ഇ.എസ് .സി.പി.സി.ആർ നമ്പർ പരാതിയിന്മേൽ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 18.01.2016 ലെ ഉത്തരവ്

ഹയർസെക്കണ്ടറി തലത്തിൽ അധ്യയനസമയം വർധിപ്പിച്ച സാഹചര്യത്തിൽ, സ്കൂളിലെ ജല ലഭ്യതയുടെ അഭാവവും ശുചിത്വമില്ലായ്മയും മൂലം വിദ്യാർത്ഥിനികൾ നേരിടേണ്ടി വരുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തണമെന്നാവശ്യപ്പെട്ട് ബാലാവകാശ സംരക്ഷണ കമ്മീഷൻ മുൻപാകെ ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾ പരാതി സമർപ്പിച്ചിരുന്നു.

2) ശുദ്ധമായ കുടിവെള്ളം, സ്കൂളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജലലഭ്യതയോട്ടു കൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിങ് മെഷീൻ, ഇൻസിനറേറ്റർ അഥവാ വേസ്റ്റ് ഡിസ്പോസിങ് സൗകര്യം എന്നിവ സ്കൂൾനടത്തിപ്പിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമാക്കുകയും ആയത് എല്ലാ സ്കൂളുകൾക്കും (ഗവണ്മെന്റ്, എയ്ഡഡ്, അൺ എയ്ഡഡ്) ബാധകമാണെന്ന് നിർദേശിക്കുകയും പരിശോധന വേളയിൽ ഇത്തരം സൗകര്യങ്ങൾ ഇല്ലാത്ത സ്കൂൾ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് വിദ്യാഭാസ വകുപ്പ് സർക്കുലർ പുറപ്പെടുവിക്കണമെന്നും, മേൽ നിർദേശം എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ ഒരു അധ്യയന വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകൾ പരിശോധിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് നിർദേശം നൽകണമെന്നും ബാലാവകാശ സംരക്ഷണ കമ്മീഷൻ മേൽ പരാമർശം പ്രകാരം ഉത്തരവിട്ടിരുന്നു

3) മേൽ സാഹചര്യത്തിൽ ശുദ്ധമായ കുടിവെള്ളം, സ്കൂളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജലലഭ്യതയോട്ടു കൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിങ് മെഷീൻ, ഇൻസിനറേറ്റർ അഥവാ മാലിന്യ നിർമാർജ്ജന സൗകര്യം എന്നിവ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്) ഏർപ്പെടുത്തിയിട്ടിട്ടുണ്ടെന്നും ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട

തദ്ദേശസ്വയംഭരണസ്ഥാപനാധികൃതർ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ പരിശോധന നടത്തേണ്ടതാണ്

സിന്ധു എൽ.
ഗവ. സ്പെഷ്യൽ സെക്രട്ടറി

രജിസ്ട്രാർ,കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,തിരുവനന്തപുരം
(with C/L)
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
(ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പൊതു വിദ്യാഭാസ (യു) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

PAN/23995/2018-C7(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ്,വികാസ് ഭവൻ പി ഓ
തിരുവനന്തപുരം, 695033 ,0471-2786318
directorofpanchayatcsection@gmail.com
തീയതി :15/10/2018

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് -പൊതു നിരത്തുകളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള - പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (എ),209 (ബി),209 (സി)

2. സ.ഉ.(കൈ)നമ്പർ 194/2014/തസ്വഭവ തീയതി 06.11.2014

3. സ.ഉ.(കൈ)നമ്പർ 195/2014/തസ്വഭവ തീയതി 06.11.2014

4. ജി.ഒ (എം എസ്) നമ്പർ 06/2016/ടാൻ തീയതി 02.02.2016

5. സർക്കാരിന്റെ 21.08.2008 ലെ 44301/ആർ.എ 3/03/08/തസ്വഭവ നമ്പർ സർക്കുലർ

6. സർക്കാരിന്റെ 02.01.2014 ലെ 75667/ആർ.സി2/2013/തസ്വഭവ നമ്പർ സർക്കുലർ.

7. സർക്കാരിന്റെ 07.03.2018 ലെ 41/ആർ.സി2/2018/തസ്വഭവ നമ്പർ പരിപത്രം

8. 22750/2018 നമ്പർ ഹർജിയിൻമേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള 18.09.2018,03.10.2018 തീയതികളിലെ ഉത്തരവുകൾ.

9. സർക്കാരിന്റെ 06.10.2018 ലെ 41/ആർ.സി2/2018/തസ്വഭവ നമ്പർ പരിപത്രം

10. ഈ ആഫീസിലെ 09.10.2018 ലെ PAN/23995/2018-C7(DP) നമ്പർ കത്ത്.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വിവിധ സ്ഥാപനങ്ങളും സംഘടനകളും പരസ്യ ഏജൻസികളും പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (എ) പ്രകാരം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. എന്നാൽ വിവിധ സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും സംഘടനകളും പരസ്യ ഏജൻസികളും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതായും ഇവ റോഡിലേക്ക് തള്ളിനിൽക്കുന്നതായും പരസ്യബോർഡുകൾ ഡ്രൈവർമാരുടെ കാഴ്ച മറക്കുന്നതായും അതു വഴി റോഡപകടങ്ങൾ ഉണ്ടാകുന്നതായും കാൽനട യാത്രക്കാർ ബുദ്ധിമുട്ടുകൾ നേരിടുന്നതായും 2017 ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം പ്രകാരം പരസ്യ നികുതി ഈടാക്കൽ നികുതി വകുപ്പിന്റെ അധികാരം ആയതിനാൽ ഇതു സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുകൾ നിയന്ത്രണ നടപടികൾ ഒന്നും തന്നെ സ്വീകരിക്കുന്നില്ലെന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വിവിധ സ്ഥാപനങ്ങളും സംഘടനകളും

പരസ്യ ഏജൻസികളും പരസ്യങ്ങൾ സ്ഥാപിക്കുമ്പോൾ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൽ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേങ്ങൾ സൂചന (2) (3) (4) ഉത്തരവുകളിലൂടെയും സൂചന (5) (6) (7) സർക്കുലറുകളിലൂടെയും സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു.പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടത് സംബന്ധിച്ചും അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടത് സംബന്ധിച്ചും ബഹു കേരള ഹൈക്കോടതി സൂചന (9) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും അതിൻമേലുള്ള സർക്കാരിന്റെ സൂചന (10) അധിക മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി നടപ്പാക്കേണ്ടത് സംബന്ധിച്ച് താഴെ പറയുന്ന വകുപ്പതല മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (സി) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ ,ആയത് സ്ഥാപിച്ചവർക്ക് സ്വമേധയാ നീക്കം ചെയ്യുന്നതിന് വ്യപകമായ അറിയിപ്പുകൾ പത്ര,ദൃശ്യ മാധ്യമങ്ങളിലൂടെ ഗ്രാമപഞ്ചായത്തുകൾ നല്കേണ്ടതും അറിയിപ്പ് നല്കി 3 ദിവസത്തിനുള്ളിൽ നീക്കം ചെയ്യാത്തവ കണ്ടെത്തി 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നല്കേണ്ടതും എന്നിട്ടും നീക്കം ചെയ്യാത്തവ ഗ്രാമ പഞ്ചായത്ത് നീക്കം ചെയ്യേണ്ടതും ആയതിനുണ്ടാകുന്ന ചെലവ് ബന്ധപ്പെട്ടവരിൽ നിന്നും നിയമാനുസരണം ഈടാക്കേണ്ടതുമാണ്.മേൽ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച ജില്ലാതല റിപ്പോർട്ട് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും നിശ്ചിത പ്രൊഫോർമയിൽ 26.10.2018 ന് മുമ്പ് വീഴ്ച കൂടാതെ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിംഗ്രകൾ എന്നിവ സ്ഥാപിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (എ) പ്രകാരം അനുമതി ആവശ്യമാണെന്ന് ഗ്രാമ പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും അനുമതി ഇല്ലാതെ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതും അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

(i) ഒരു സാമ്പത്തിക വർഷത്തേക്കാണ് അനുമതി നല്കേണ്ടത്.

(ii) പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ മുതലായവ പൊതു നിരത്തുകലളിൽ സ്ഥാപിച്ചതു മൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വവും നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ അതിന്റെ പൂർണ്ണ ബാദ്ധ്യതയും ഏറ്റെടുത്തുകൊള്ളാമെന്നും കാലാവധിക്ക് ശേഷം /ആവശ്യങ്ങൾക്ക് ശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ എടുത്തു മാറ്റുന്നതാണെന്നുമുള്ള നിബന്ധന ചേർത്ത് 200/- രൂപ മുദ്രപത്രത്തിൽ അപേക്ഷകനെകൊണ്ട് കരാർ വയ്പിക്കേണ്ടതാണ് . ഇത് സംബന്ധിച്ച് സൂചന (10) സർക്കുലറിലെ ഖണ്ഡിക (5),(6) നിബന്ധനകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

(iii) പരസ്യ ബോർഡിന്/ഹോർഡിങ്ങിന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്.

(iv) അപേക്ഷയോടൊപ്പം പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്ന റോഡിന്റെ പേര്/വീതി,സ്ഥല ഉടമയുടെ വിശദാംശങ്ങൾ സമ്മതപത്രം ,ലൊക്കേഷൻ പ്ലാൻ,പരസ്യത്തിന്റെ വിസ്തീർണ്ണം,എഗ്രിമെന്റ് ,ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ,ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് , സ്ഥാപിക്കുന്ന കാലയളവ്,ഒന്നിലധികം സാമ്പത്തിക വർഷത്തേക്കാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം അപേക്ഷ പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം. എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(v) റോഡ് സേഫ്റ്റി അതോറിറ്റിയുടെ /ദുരന്തനിവാരണ അതോറിട്ടിയുടെ സമ്മതപത്രം

(vi) ഏതെങ്കിലും തരത്തിലുള്ള നിരോധിത മേഖലക്ക് അഭിമുഖമായി പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(vii) പരസ്യ ബോർഡുകൾ /ബാനറുകൾ/ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 271,272,273,274,275,276 എന്നീ വകുപ്പുകളും പഞ്ചായത്തിന്റെ നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കുന്നതാണെന്ന സത്യപ്രസ്ഥാവന അപേക്ഷകരിൽ നിന്നും വാങ്ങേണ്ടതാണ്.

(viii) ഡിസ്പ്ലേ ചെയ്യുന്ന പരസ്യത്തിന്റെ പകർപ്പ് അനുമതി അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.പ്രകോപനപരമായതും ബീഭത്സമായ രംഗങ്ങൾ ഉൾക്കൊള്ളുന്നതുമായ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നല്കാൻ പാടുള്ളതല്ല.

(ix) അനുവാദം നല്കുന്നതിന് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

3) 14591/2011 നമ്പർ റിട്ട് പെറ്റീഷൻ ബഹു ഹൈക്കോടതി 02.12.2013 ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായ പ്രകാരവും സൂചന (7) സർക്കുലർ പ്രകാരവും റോഡ് സൈഡിലും മറ്റു പൊതു സ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങളിൽ ആണി ഉപയോഗിച്ചോ മറ്റ് രീതികളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.ഇത് ലംഘിക്കുന്നവർക്കെതിരെ നിയമാനുസരണ നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

4) നിയമാനുസൃതമായ അനുമതി കൂടാതെയും ട്രാഫിക്ക് തടസ്സം ഉണ്ടാകുന്ന രീതിയിലും പരസ്യാവശ്യത്തിനും പ്രചരണത്തിനുമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

5) ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് അവിടെ മാത്രമെ അവ പ്രദർശിപ്പിക്കാൻ അനുമതി നല്കാവൂ.അനുമതി ഇല്ലാത്ത മേഖലകളിലും നിരോധിത മേഖലകളിലും ,കാലാവധിക്ക് ശേഷവും പ്രദർശിപ്പിക്കുന്ന ഫ്ലക്സ് ബോർഡുകൾ ചട്ട പ്രകാരം നീക്കം ചെയ്യേണ്ടതും വ്യവസ്ഥ ലംഘിക്കുന്നവർക്ക് നിയമാനുസൃത പിഴ ചുമത്തേണ്ടതുമാണ്.

6) പ്ലാസ്റ്റിക്ക് ഫ്ലക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച സൂചന(4) ഉത്തരവിലെ വ്യവസ്ഥകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

7) 2005 ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 21 (1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ റോഡ് സുരക്ഷക്ക് ഭംഗം വരുന്ന രീതിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ മുതലായവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.

8) സൂചന(10) സർക്കുലറിലെ നിബന്ധനകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9) ഇത് സംബന്ധിച്ച ജില്ലാതല പുരോഗതി റിപ്പോർട്ട് നിശ്ചിത മാതൃകയിൽ 17.10.2018,22.10.2018,24.10.2018 തീയതികളിലും ജില്ലാതല പ്രവർത്തനങ്ങൾ ക്രോഡീകരിച്ച അന്തിമ റിപ്പോർട്ട് 26.10.2018 തീയതിയിലും directorofpanchayatcsection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ വീഴ്ച കൂടാതെ ലഭ്യമാക്കേണ്ടതാണ്.

File No.PAN/23995/2018-C7(DP)

സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.ഇത് സംബന്ധിച്ചുള്ള വീഴ്ചകൾ ഗൗരവമായി കണ്ട് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

എച്ച് .ദിനേശൻ
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർമാർക്കും
3) എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും
4) എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടരിമാർക്കും
5) സിസ്റ്റം മാനേജർ,പഞ്ചായത്ത് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) ഫയൽ/കരുതൽ/അധികം

GOVERNMENT OF KERALA

Abstract

Finance Department - Formalities/ Procedures to be followed for deducting and depositing the TDS by the Drawing and Disbursing Officers under GST Act – Facilities provided in the bill generating system – Approved -- Orders issued.

Finance (Streamlining) Department

G.O.(P)No.162/2018/Fin. Dated, Thiruvananthapuram, **22/10/2018**

Read:-
1. Circular No. B1/157/2017/Taxes dated 24.10.2017.
2. Circular No.65/39/2018-DOR dated 14.09.2018 (Letter No.31011/11/2018-ST-1-DOR) of Ministry of Finance, Department of Revenue, Government of India.
3. GO (P) No.156/2018/Taxes dated 28.09.2018 (SRO No.680/2018)
4. Letter No. e-treasury 19122/2018 dated 04.10.2018 from the Director of Treasuries.
5. Minutes of the meeting held by Principal Secretary (Fin-Resources) on 11.10.2018.

ORDER

As per the circular read as 1st paper above, it was clarified that for the purpose of Section 51 of GST Act, the Drawing and Disbursing officers (DDOs) shall obtain separate TDS registration based on TAN issued by Income Tax Department. Subsequently, Government of India vide circular read as second paper above, have issued detailed guidelines for deduction and deposit of TDS by the DDOs under GST Act as the same is to be done from 01.10.2018. To facilitate the deduction and deposit of TDS by the DDOs under Government of Kerala, a provision has to be enabled in the bill generating applications, BiMS, EMLI, SANKHYA etc. Accordingly, Director of Treasuries was directed to submit a proposal to implement the system and as per the letter read as 4th paper above, Director of Treasuries furnished the proposal and requested to issue formal orders to put the facility in operation by the DDOs.

A meeting to discuss the points/procedure submitted by the Director of Treasuries was held vide paper read fifth above and decided to accept the proposal by Director of Treasuries and to issue formal direction in this regard.

In the above circumstances, Government are pleased to issue the following guidelines/ procedure to be observed by the DDOs to effect the deduction and deposit of TDS as per GST Act.

1. As a pre-requisite, the DDO/Deductor should be registered in GSTN and obtain registration number in GSTN as tax deductor, as per the circular first paper above.
2. The DDO should generate a chalan in the GSTN for the amount which has to be deducted as TDS before generating the bill and to note down the "CPIN" obtained.
3. While generating the chalan the following points are to be noted.
   (a) Component of GST shall be properly classified(SGST, CGST, IGST etc.)

(b) The mode of remittance shall be NEFT/RTGS.
(c) Select the name of Bank as 'Reserve Bank of India'.

4. After generating the chalan in GSTN, the DDO should generate bill through the appropriate application (for work bill of PWD etc, through EMLI, for Local body it is SANKHYA and other DDOs it is BiMS).
5. While preparing the bill add one more beneficiary in the beneficiary option by entering IFSC code of RBI (RBIS0GSTPMT) in IFSC column, 'CPIN' of the chalan generated in GST system as beneficiary account number and chalan amount as beneficiary amount.
6. Submit the bill to treasury with copy of chalan generated attached to physical copy of the bill.
7. When treasury passes the bill the TDS amount will be remitted to RBI and that information will be updated in the GST system which is reflected in the ledger of the registered DDO also.
8. The DDO should file the return before 10th of the next month as per the guidelines prescribed in the circular issued by GST Department.
9. The validity of chalan generated in GST system is 15 days. Hence, DDO should ensure that the bill is encashed within 15 days of generation of chalan in GSTN.
10. In the case of bills generated through EMLI, an option for entering a valid CPIN, just before e-submitting the bill to treasury will be there, as these bills are to be cleared under LoC system, which will take more than 15 days in some cases.

All Heads of Departments and DDOs are instructed to follow these directions promptly.

(BY ORDER OF THE GOVERNOR)

SANJEEV KAUSHIK IAS
PRINCIPAL SECRETARY (FIN-RESOURCES)

To

The Principal Accountant General (A&E/G&SSA), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Administrative Departments in Secretariat (through e-office notice board).
All Sections in Finance Department (through e-office notice board).
The Director of Treasuries, Thiruvananthapuram.
State Informatics Officer, NIC, Thiruvananthapuram.
Head of all Departments/ PSUs/Autonomous Bodies
Taxes Department.
The Commissioner of SGST, Karamana, Thiruvananthapuram.
Finance (Planning-A/SS/Ind &PW-A,B, Accounts-A)Department.
Nodal Officer, www.finance.kerala.gov.in.
Stock File/Office Copy

Forwarded / By Order,

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി 22750/18, 22784/18 എന്നീ റിട്ട് പെറ്റീഷനുകളിൻ മേൽ 23.10.2018 ൽ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ) നം.2733/2018/ത.സ്വ.ഭ.വ , തീയ്യതി, തിരുവനന്തപുരം: 26/10/2018.

പരാമർശം: 1) 07.03.2018 ലെ 41/ആർസി2/2018/ത.സ്വ.ഭ.വ നമ്പർ പരിപത്രം.
2) 22750/18, 22784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച പൊതു ഉത്തരവുകൾ.
3) 06.10.2018 ലെ ആർസി2/41/2018/ത.സ്വ.ഭ.വ നമ്പർ പരിപത്രം
4) 22750/18, 22784/18 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.

ഉത്തരവ്

ബഹു. ഹൈക്കോടതിയുടെ പരാമർശം (2) ലെ ഉത്തരവ് പാലിച്ചുകൊണ്ട് സംസ്ഥാനത്തെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കൂടാതെ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും അത്തരത്തിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും നീക്കം ചെയ്തത് 30.10.2018 നകം സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയും പരാമർശം (3) പ്രകാരം സർക്കാർ പരിപത്രം പുറപ്പെടുവിച്ചിരുന്നു.

(2) സംസ്ഥാനത്ത് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ 30.10.2018 ന് ശേഷവും നീക്കം ചെയ്യാതിരുന്നാൽ ആയതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ഫീൽഡ്സ്റ്റാഫും ഉത്തരവാദികളായിരിക്കുന്നതാണ് എന്നും ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എടുത്തുമാറ്റുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുണ്ടാകുന്ന ചെലവും ടി ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ ചുമത്തേണ്ട പിഴയും അവരിൽനിന്നും ഈടാക്കേണ്ട പരസ്യ നികുതിയും ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/കൊടികൾ യഥാസമയം എടുത്തു മാറ്റുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നും ഫീൽഡ് സ്റ്റാഫിൽ നിന്നും ഈടാക്കേണ്ടതാണെന്നും വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് എതിരെയും ഫീൽഡ്

സ്റ്റാഫിനെതിരെയും അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണെന്നും പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(3) 2007 ലെ കേരള റോഡ് സേഫ്റ്റി ആക്ട് പ്രകാരം കളക്ടർമാരിലും ജില്ലാ പോലീസ് സൂപ്രണ്ടുമാരിലും നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് സൂപ്രണ്ടുമാരും, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/കൊടികൾ എന്നിവ നീക്കം ചെയ്യുന്നതിനായി അടിയന്തിരവും സമയബന്ധിതവുമായ നടപടി സ്വീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകണമെന്നും ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്.

(4) ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ 22750/2018, 22784/18 എന്നീ റിട്ട് പെറ്റീഷനുകളിൽ 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ് സർക്കാർ വിശദമായി പരിശോധിച്ച് ടി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) സംസ്ഥാനത്ത് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ 30.10.2018 ന് ശേഷവും നീക്കം ചെയ്യാതിരുന്നാൽ ടി ബോർഡുകൾ /ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എടുത്തുമാറ്റുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുണ്ടാകുന്ന ചെലവും ടി ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ ചുമത്തേണ്ട പിഴയും അവരിൽനിന്നും ഈടാക്കേണ്ട പരസ്യ നികുതിയും ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/ കൊടികൾ യഥാസമയം എടുത്തു മാറ്റുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും ഫീൽഡ് സ്റ്റാഫിൽ നിന്നും ഈടാക്കി വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് എതിരെയും ഫീൽഡ് സ്റ്റാഫിനെതിരെയും അച്ചടക്കനടപടി സ്വീകരിക്കുന്നതാണ് .

(ii) 2007 ലെ കേരള റോഡ് സേഫ്റ്റി ആക്ട് പ്രകാരം കളക്ടർമാരിലും ജില്ലാ പോലീസ് സൂപ്രണ്ടുമാരിലും നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവികളും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/കൊടികൾ 30-10-2018 നകം നീക്കം ചെയ്ത് സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(iii) പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും നിയോഗിച്ചിട്ടുള്ള നോഡൽ ഓഫീസറും, നഗരസഭ/കോർപ്പറേഷൻ പരിധിയിലുള്ള അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കാനായി നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നിയോഗിച്ചിട്ടുള്ള നോഡൽ ഓഫീസറും, ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നില്ലായെന്ന് ആരോപിച്ചുകൊണ്ട് പൊതുജനങ്ങളിൽ നിന്നും വരുന്ന പരാതികൾ സ്വീകരിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

(5) അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ /കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം നൽകാൻ നഗരകാര്യ വകുപ്പിലും

പഞ്ചായത്ത് വകുപ്പിലും നോഡൽ ഓഫീസർമാരെ നിയമിച്ച വിവരവും പൊതുജനങ്ങൾക്ക് അനധികൃത പരസ്യ ബോർഡുകൾ സംബന്ധിച്ച പരാതി നോഡൽ ഓഫീസർമാർ മുൻപാകെ നൽകാമെന്നുമുള്ള വിവരവും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) ബഹു. ഹൈക്കോടതിയുടെ പരാമർശം (4) ലെ റിട്ട് ഹർജികളിന്മേലുള്ള പൊതു ഉത്തരവ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എത്തിക്കണമെന്ന് കോടതി ഉത്തരവായിട്ടുള്ളതിനാൽ പരാമർശം (4)ലെ കോടതി ഉത്തരവിന്റെ പകർപ്പ് ഈ സർക്കാർ ഉത്തരവിനോടൊപ്പം സമയബന്ധിതമായി തന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എത്തിക്കുവാൻ വേണ്ട നടപടി പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം).
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി (ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി (ആമുഖ കത്ത് സഹിതം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
സംസ്ഥാന പോലീസ് മേധാവി, കേരളം (ഉത്തരവിന്റെ പകർപ്പ് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്)
സെക്രട്ടറി, ഗതാഗത വകുപ്പ്.
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും (അടിയന്തിര നടപടിയ്ക്കായി).
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (അടിയന്തിര നടപടിയ്ക്കായി).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

'ഭരണഭാഷ - മാതൃഭാഷ'

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 08.11.2018

സി2- 15471/18

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്സ് വകുപ്പ് 169, 218, 279, 242
2. 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ
3. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ
4. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ
5. 1960 ലെ കേരള ഭൂമി പതിവ് നിയമവും 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളും
6. 1957 ലെ ഭൂസംരക്ഷണ നിയമവും 1958 ലെ ചട്ടങ്ങളും 2009 ലെ ഭേദഗതി ചട്ടങ്ങളും
7. 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമവും 1963 ലെ ചട്ടങ്ങളും
8. 1967 ലെ കേരള ഭൂ വിനിയോഗ ഉത്തരവ്
9. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും
10. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ
11. സർക്കുലർ നം. 22034/സി1/എൽ.എ.ഡി/തീയതി 06.03.1995
12. സർക്കുലർ നം. 58577/സി1/95/തഭവ തീയതി 06.01.1996
13. സർക്കുലർ നം. 15018/സി1/97/തഭവ തീയതി 16.04.1997
14. സർക്കുലർ നം. 14989/ബി2/97/തഭവ തീയതി 04.03.1998
15. സർക്കുലർ നം. 29862/ഡി8/98/തസ്വഭവ തീയതി 08.10.1998
16. സർക്കുലർ നം. 31259/പി2/99/തസ്വഭവ തീയതി 03.11.1999

17. സർക്കുലർ നം. 71734/പി1/2004/റവന്യൂ തീയതി 01.02.2005
18. സർക്കുലർ നം. 20332/ആർ.സി3/2011/തസ്വഭവ തീയതി 13.07.2011
19. സർക്കുലർ നം. 55178/എഫ്.എം3/08/തസ്വഭവ തീയതി 24.08.2008
20. സർക്കുലർ നം. 46951/ഡിബി2/08/തസ്വഭവ തീയതി 17.09.2008
21. സർക്കുലർ നം. 41630/ആർ.സി4/14/തസ്വഭവ തീയതി 25.09.2014
22. ഈ ഓഫീസിലെ 16.05.2018 ലെ സി1-15471/2018 നമ്പർ സർക്കുലർ
23. സർക്കുലർ നം. ഡി.ബി1/521/2018/തസ്വഭവ തീയതി 30.08.2018
24. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 ലെ യോഗത്തിലെ 3.3-ാം നമ്പർ തീരുമാനം.
25. സർക്കാരിന്റെ 24.10.2018 ലെ ആർ.സി4/227/2018/തസ്വഭവ നമ്പർ കത്ത്.

****

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ പൊതു ജല മാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും ചെറു പുഴകളും ജലമാർഗ്ഗങ്ങളും കെട്ടി നിൽക്കുന്നതും ഒഴുകി പോകുന്നതുമായ എല്ലാ നീരുറവകളും ജല സംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. എന്നാൽ പുഴകളും തോടുകളും കനാലുകളും കൈയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂലം ജലാശയങ്ങളുടെ സ്വതസിദ്ധമായ വീതി കുറയുകയും മാലിന്യങ്ങളും മറ്റും അടിഞ്ഞ് അവയുടെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. പുഴകളുടേയും തോടുകളുടേയും കനാലുകളുടേയും തീരങ്ങൾ കൈയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും കൃഷി ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങളുമാണ് 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിന്റെ ഫലമായുണ്ടായ നാശനഷ്ടങ്ങളുടെ വ്യാപ്തി വർദ്ധിക്കുവാൻ കാരണമായിട്ടുള്ളത്. വെള്ളപ്പൊക്കത്തെ തുടർന്ന് ഒട്ടു മിക്ക പുഴകളിലെയും തോടുകളിലേയും കൈയ്യേറ്റങ്ങൾ ഒഴിവായിട്ടുണ്ടെങ്കിലും ആയത് വീണ്ടും കൈയ്യേറി കൃഷി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായും ഇതിനെതിരെ ഗ്രാമ പഞ്ചായത്തുകൾ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ലെന്നും സംസ്ഥാന സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയവ ഉൾപ്പെടെ ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായും ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലും സംരക്ഷിക്കേണ്ട പുറമ്പോക്ക് സ്ഥലങ്ങൾ കൈയ്യേറുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നില്ലെന്നും ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ ആസ്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും ഗ്രാമ പഞ്ചായത്തുകൾ വേണ്ടത്ര ശ്രദ്ധാന്തി കാണിക്കുന്നില്ലെന്നുമുള്ള കാര്യങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയവ ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും ഭൂമി കൈയ്യേറ്റം തടയുന്നതിനും താഴെപ്പറയുന്ന വകുപ്പ് തല മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് നിയമം വകുപ്പ് 169 പ്രകാരം 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ ദേശീയ പാതയോ സംസ്ഥാന പാതയോ മേജർ ജില്ലാ റോഡോ ആയി തരംതിരിച്ചിട്ടുള്ള റോഡുകൾ ഒഴികെ ഒരു പഞ്ചായത്തിന്റെ പ്രദേശത്തിനുള്ളിലുള്ള എല്ലാ റോഡുകളും പൊതുവഴികളും, പാലങ്ങളും കലുങ്കുകളും കിടങ്ങുകളും അണകളും അവയ്ക്ക് മുകളിലോ വശങ്ങളിലോ ഉള്ള വേലികളും സംരക്ഷണ സംവിധാനവും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ സ്ഥാവര ജംഗമ സ്വത്തുകളും വകുപ്പ് 218 പ്രകാരം എല്ലാ പൊതുജല സ്രോതസ്സുകളും, അവയോട് ചേർന്നുള്ള സ്വകാര്യ വസ്തു അല്ലാത്ത ഭൂമിയും വകുപ്പ് 279 പ്രകാരം കന്നുകാലി മേച്ചിൽ സ്ഥലം, ശ്മശാനം, വണ്ടിത്താവളം എന്നിവയും പൂർണ്ണമായും ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള മേൽ പൊതുസ്ഥലങ്ങൾ സർക്കാർ അനുമതി കൂടാതെ കൈയ്യൊഴിയുന്നതിനോ വിൽക്കുന്നതിനോ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമില്ലാത്തതും ആയതിനാൽ തന്നെ ഇത്തരം സ്ഥലങ്ങൾ അന്യാധീനപ്പെടുത്താൻ പാടില്ലാത്തത് ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും കൈമാറിക്കിട്ടിയവ ഉൾപ്പെടെ തങ്ങളുടെ അധീനതയിലുള്ള ആസ്തികൾ അടിയന്തിരമായി തിട്ടപ്പെടുത്തണം. വെള്ളപ്പൊക്കത്തെ തുടർന്ന് ഒട്ടുമിക്ക പുഴകളിലേയും തോടുകളിലേയും കൈയ്യേറ്റങ്ങൾ ഇപ്പോൾ ഒഴിവായിട്ടുണ്ട്. ഇത് വീണ്ടും കൈയ്യേറ്റുന്നത് തടയുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള പുഴകൾ, കനാലുകൾ, തോടുകൾ തുടങ്ങിയവയുടെ അതിർത്തി അടിയന്തിരമായി റീസർവ്വേ നടത്തി കല്ലിട്ട് വേർതിരിക്കേണ്ടതും സംരക്ഷണ വേലി കെട്ടി ഉടമസ്ഥാവകാശം കാണിക്കുന്ന പരസ്യ ബോർഡ് പ്രദർശിപ്പിക്കേണ്ടതും ഇത്തരത്തിൽ വേർതിരിച്ച സ്ഥലങ്ങളിൽ വീണ്ടും കയ്യേറ്റമുണ്ടാകുന്നില്ലെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ കൂടെക്കൂടെ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. പുറമ്പോക്ക് സ്ഥലങ്ങൾ പുഴകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥാനവും വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 242 പ്രകാരവും സൂചന (3) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെയും വില്ലേജ് ഓഫീസർമാരുടേയും സഹായം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് തേടാവുന്നതാണ്. മേൽ പ്രവർത്തി എല്ലാ ഗ്രാമ പഞ്ചായത്തുകളും31.12.2018 നകം പൂർത്തീകരിക്കേണ്ടതും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ആസ്തി രജിസ്റ്ററിൽ വരുത്തി പൂർത്തീകരണ സാക്ഷ്യപത്രം 10.01.2019 നകം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിയ്ക്കേണ്ടതും ജില്ലാ തല പൂർത്തീകരണ സാക്ഷ്യപത്രം 15.01.2019 നകം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയം വളരെ ഗൗരവപൂർവ്വം കണ്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ സത്വര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള പൊതു സ്ഥലങ്ങൾ പ്രളയം പ്രകൃതിക്ഷോഭങ്ങൾ എന്നിവ മൂലം കൈയ്യേറ്റം ഒഴിവായ സ്ഥലങ്ങൾ, പുഴകൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ എന്നിടങ്ങളിൽ വീണ്ടും കയ്യേറ്റം ഉണ്ടാകാതിരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ഫലപ്രദവും സമയ ബന്ധിതവുമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരും പഞ്ചായത്ത്

ഡെപ്യൂട്ടി ഡയറക്ടർമാരും പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വീഴ്ച വരുത്തുന്നവർ ക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

2. സംസ്ഥാന സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്ത് കിട്ടിയവ ഉൾപ്പെടെ ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള ആസ്തികൾ അന്യാധീനപ്പെടുത്താനോ, കടപ്പെടുത്താനോ ബാദ്ധ്യതപ്പെടുത്താനോ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള തോട്, പുഴ പുറമ്പോക്കുകൾ പതിച്ച് നൽകുന്നത് നിയമവിരുദ്ധമാണ്. തോട് പുഴ പുറമ്പോക്കുകൾ കൈയ്യേറുന്നത് മൂലം വർഷകാലങ്ങളിൽ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും ആയത് പ്രളയത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ തോട് പുഴ പുറമ്പോക്ക് ഉൾപ്പെടെയുള്ള എല്ലാ കൈയ്യേറ്റ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി സൂചന (2) പ്രകാരമുള്ള 1996 ലെ കേരള പഞ്ചായത്ത് രാജ് (കൈയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും, ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാൻ എല്ലാ ഗ്രാമ പഞ്ചായത്തുകളും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഘടക സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്കായതിനാൽ കൈമാറിക്കിട്ടിയവ ഉൾപ്പെടെ തങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഗ്രാമ പഞ്ചായത്തുകൾ ഉറപ്പ് വരുത്തേണ്ടതും ആസ്തി രജിസ്റ്ററുകളിൽ പൊതുവായി കണ്ടുവരുന്ന താഴെപ്പറയുന്ന ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

(എ) കെട്ടിടങ്ങളുടെ വിസ്തീർണ്ണം ചതുരശ്ര മീറ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തണം
(ബി) കെട്ടിടങ്ങളുടെ നിർമ്മാണ വർഷം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം
(സി) റോഡുകളുടെ നീളം മീറ്ററിലാണോ കിലോ മീറ്ററിലാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തണം
(ഡി) റോഡിന്റെ തരം (മൺറോഡ്, കോൺക്രീറ്റ്, മെറ്റൽ, ടാർ) ഏതെന്ന് വ്യക്തമായി രേഖപ്പെടുത്തണം.

പ്രധാനപ്പെട്ട ചില ന്യൂനതകൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. എല്ലാ ഗ്രാമ പഞ്ചായത്തുകളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കൃത്യവും പൂർണ്ണവും ആണോയെന്ന് പരിശോധിച്ച് ന്യൂനതകൾ ഉണ്ടെങ്കിൽ തിരുത്തൽ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ സ്ഥലപരിശോധന നടത്തി ആസ്തികൾ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്/വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും

എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറുമായി ജന പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേർന്ന് ആസ്തികൾ സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിലവിലെ ആസ്തി രജിസ്റ്റർ സൂചന (18) സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് കാലികമാക്കുന്ന പ്രവർത്തി 31.12.2018 നകം എല്ലാ ഗ്രാമ പഞ്ചായത്തുകളും വീഴ്ച കൂടാതെ പൂർത്തീകരിക്കേണ്ടതാണ്.

4. സൂചന (4) പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ഗ്രാമ പഞ്ചായത്തുകൾക്ക് വസ്തു ആർജ്ജിക്കാവുന്നതാണ്. എന്നാൽ ആവശ്യമായ പൊതുസ്ഥലം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള പക്ഷം ആയത് പ്രയോജനപ്പെടുത്താതെ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടിയുള്ള വസ്തു ആർജ്ജിക്കുന്നതിന് പൊതു ഫണ്ട് വകയിരുത്തി പദ്ധതിയിൽ ഏറ്റെടുക്കുന്നതും പൊതു സ്ഥലം കൈയ്യൊഴിഞ്ഞ് പകരം സ്വകാര്യ സ്ഥലം ആർജ്ജിക്കുന്നതിനുള്ള അനുമതിക്കായി പ്രൊപ്പോസലുകൾ സമർപ്പിയ്ക്കുന്നതും ഗ്രാമ പഞ്ചായത്തുകൾ ഒഴിവാക്കേണ്ടതാണ്.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 169, 218 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂമിയിലെ അനധികൃത കയ്യേറ്റം, 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരം ഒഴിപ്പിക്കുന്ന പൂർണ്ണ ചുമതല ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമിയുടെ സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങളോടൊപ്പം 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരംകൂടി ഗ്രാമ പഞ്ചായത്തുകൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ആയതിലേയ്ക്ക് എസ്.ആർ.ഒ. നം. 204/2016, ജി.ഒ(പി) നം. 191/2016/ആർ.ഡി/തീയതി 01.03.2016 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടറുടെ അധികാരങ്ങൾ നല്കിയിട്ടുണ്ട്. പ്രസ്തുത അധികാരം വിനിയോഗിച്ച് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ അടിയന്തിരമായി ഒഴിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കുന്ന ഒഴിപ്പിക്കൽ നടപടികൾക്കെതിരെ എതിർകക്ഷികൾ ബഹു. കോടതികളിൽ ഹർജി ബോധിപ്പിക്കുന്ന സംഗതികളിൽ ഒഴിപ്പിക്കൽ നടപടിക്കെതിരെ ബഹു. കോടതികളുടെ സ്റ്റേ/നിരോധന ഉത്തരവുകൾ നിലവിലില്ലെങ്കിൽ ഗ്രാമ പഞ്ചായത്തുകൾ ഒഴിപ്പിക്കൽ നടപടി തുടരേണ്ടതാണ്.

6. സൂചന (5) പ്രകാരമുള്ള 1960 ലെ കേരള ഭൂമി പതിവ് നിയമവും 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളും , 1957 ലെ ഭൂസംരക്ഷണ നിയമവും 1958 ലെ ഭൂ സംരക്ഷണ ചട്ടങ്ങളും 2009 ലെ

ഭേദഗതി ചട്ടങ്ങളും പ്രകാരം വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സർക്കാർ പതിച്ചു നൽകുന്ന ഭൂമിയിലെ രാജകീയ വൃക്ഷങ്ങളും ഭൂമിയിലുള്ള ധാതുക്കളും, ചെറുധാതുക്കളും, ഖനികളും പൊതു സ്വത്തായി പൂർണ്ണമായും സർക്കാരിൽ തന്നെ നിക്ഷിപ്തമായതിനാൽ ഇവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

7. സൂചന (7) പ്രകാരമുള്ള 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമവും 1963 ലെ ചട്ടങ്ങളും പ്രകാരം പഞ്ചായത്തുകളുടെ പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുതരുമ്പോൾ ആയത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അയച്ച് നൽകി കൗണ്ടർ സൈൻ വാങ്ങിയശേഷം തുടർ നടപടികൾക്കായി പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അയച്ചു നൽകേണ്ടതാണ്. കേരള ഭൂമി വിട്ടൊഴിയൽ ആക്ട് പ്രകാരം നടപടി സ്വീകരിച്ച് ഭൂമി വെച്ചൊഴിയൽ സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി ക്രമം ഇറക്കിയതിനുശേഷം മാത്രമേ നിയമാനുസരണം പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ അധീനതയിൽ വരുന്നുള്ളൂ. വ്യക്തികളും സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തുകൾക്ക് സറണ്ടർ ചെയ്ത് നൽകുന്ന ഭൂമി സംബന്ധിച്ച് മേൽ നടപടി ക്രമം എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതും പ്രസ്തുത നടപടിക്രമം പൂർത്തിയായതിന് ശേഷം മാത്രമേ സറണ്ടർ ചെയ്ത് ലഭിക്കുന്ന ഭൂമിയിൽ പൊതുഫണ്ട് ഉപയോഗിച്ചുള്ള വികസന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ. മേൽ നടപടിക്രമം പാലിക്കാത്തതിലൂടെ സറണ്ടർ ചെയ്ത് ലഭിക്കുന്ന ഭൂമി സംബന്ധിച്ച് ഭാവിയിൽ ഉണ്ടാകുന്ന നിയമ തടസ്സങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.

8. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ കർശനമായി നിയന്ത്രിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സൂചന (8), (9), (10) പ്രകാരമുള്ള 1967 ലെ ഭൂവിനിയോഗ ഉത്തരവിലെയും 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലേയും ചട്ടങ്ങളിലേയും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്.

9. ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള വസ്തുവകകൾ അതാതു ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണെങ്കിലും അവയുടെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. അവ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കടപ്പെടുത്തുവാനോ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമില്ല. കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കുമാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തിക്കൂടാ എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശം എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

10. ഗ്രാമ പഞ്ചായത്തുകളുടെ സ്വന്തം ആസ്തിയിൽപ്പെട്ടതോ ഘടകസ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ടതോ ആയതും നിലവിൽ യാതൊരു ആവശ്യത്തിനും ഉപയോഗിക്കാതെ കിടക്കുന്നതുമായ കെട്ടിടങ്ങൾ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

11. ഗ്രാമ പഞ്ചായത്തുകളുടെയോ, ഘടക സ്ഥാപനങ്ങളുടെയോ ആസ്തിയിൽ ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ കാലപ്പഴക്കം കാരണം പൊളിച്ചുമാറ്റേണ്ടി വരുമ്പോൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

(എ) കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുമ്പായി പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ആയതിനുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും വേണം

(ബി) പൊളിച്ചു മാറ്റപ്പെടേണ്ട കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ സാങ്കേതിക പരിശോധനാ വിഭാഗം പരിശോധിച്ച് ആയതിന്റെ സുരക്ഷിതത്വം, അപകടാവസ്ഥ മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ വിലയിരുത്തിയശേഷം അതു പൊളിച്ചു മാറ്റേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയതിനുശേഷം മാത്രം നടപടി ക്രമങ്ങൾ പാലിച്ച് അനുമതി നൽകേണ്ടതാണ്.

(സി) പൊളിച്ചുമാറ്റുന്ന കെട്ടിടം ഘടക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിൽ വിവരം ഒരു മാസം മുമ്പ് ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

(ഡി) ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുമ്പ് പുരാവസ്തു വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

(ഇ) പൊളിച്ചുമാറ്റുന്നതിന് പകരമായി പണിയുന്ന/പുതുക്കി പണിയുന്ന കെട്ടിടം പഴയ കെട്ടിടത്തേക്കാൾ ചെറുതായിരിക്കുവാനോ പഴയ കെട്ടിടം നിലനിന്നിരുന്ന സ്ഥലം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുവാനോ പാടില്ല.

(എഫ്) പഴയ കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ ലഭിക്കുന്ന വരുമാനം ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും പ്രസ്തുത തുക ആ സ്ഥാപനത്തിന്റെ വികസനത്തിനായി ഉപയോഗിക്കേണ്ടതുമാണ്.

12. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ ഭാവിവികസനവും പൊതു സുരക്ഷയും മുൻനിർത്തി റോഡുകളുടെ വശങ്ങളിലുള്ള കെട്ടിട നിർമ്മാണങ്ങൾ പ്ലോട്ട് അതിർത്തിയിൽ നിന്നും നിശ്ചിത അകലം പാലിച്ചാണെന്ന് ഉറപ്പ് വരുത്തി മാത്രമേ കെട്ടിട നിർമ്മാണാനുമതിയും കെട്ടിട വിനിയോഗാനുമതിയും നൽകാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220(ബി), 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28 എന്നിവ എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

13. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 4 ചട്ടം 26 പ്രകാരം വെള്ളപ്പൊക്കത്തിന് സാധ്യതയുള്ള സ്ഥലത്തോ, വിലങ്ങനെ 45 ഡിഗ്രിയിൽ കൂടുതൽ കോണായി സ്ഥിതിചെയ്യുന്ന ചരിഞ്ഞ പ്രദേശങ്ങളിലോ, പരിസ്ഥിതി ലോല പ്രദേശങ്ങളിലോ, വെള്ളം വാർന്നു പോകാത്ത പ്രദേശങ്ങളിലോ ഏതെങ്കിലും നഗരാസൂത്രണ പദ്ധതിയിലോ നിയത പഠന റിപ്പോർട്ടുകളിലോ വെള്ളപ്പൊക്ക സാധ്യതാ പ്രദേശമായി കാണിച്ചിട്ടുള്ള സ്ഥലങ്ങളിലോ കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ നടത്തുന്നതിനുള്ള നിയന്ത്രണ നിബന്ധനകൾ വ്യക്തമാക്കിയിട്ടുള്ളത് 2018 ലെ പ്രളയ പ്രകൃതി ദുരന്ത സംഭവങ്ങളുടെ പശ്ചാത്തലത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

14. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വിവിധ വ്യക്തികളും സ്ഥാപനങ്ങളും ഡ്രൈവർമാരുടെയും കാൽനടയാത്രക്കാരുടേയും കാഴ്ച മറയ്ക്കുന്ന രീതിയിലും സുഗമമായ യാത്ര തടസ്സപ്പെടുത്തുന്ന രീതിയിലും റോഡിലേയ്ക്ക് തള്ളി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യബോർഡുകളും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ നോട്ടീസ് നൽകേണ്ടതും ആയത് അനുസരിക്കാത്തവർക്കെതിരെ ഫൈൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് ആയത് നീക്കം ചെയ്യേണ്ടതുമാണ്.

15. ബഹു. കേരള ഹൈക്കോടതി മുമ്പാകെയുള്ള 22750/2018 നമ്പർ ഹർജിയിൻമേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിരുന്ന പരസ്യ ബോർഡുകൾ/ഹോർഡിങ്ങുകൾ/ബാനറുകൾ/കൊടികൾ എന്നിവ നീക്കം ചെയ്തിട്ടുണ്ട്. ഇവ നീക്കം ചെയ്ത സ്ഥലങ്ങളിൽ അനധികൃതമായി വീണ്ടും സ്ഥാപിക്കുകയാണെങ്കിൽ പരസ്യ ബോർഡിന്റെ വിശദാംശങ്ങൾ സഹിതം ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ക്ക് റിപ്പോർട്ട് നൽകി ആവശ്യമായ തുടർനടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ അനധികൃതമായും അപകടകരമായും പരസ്യ ബോർഡുകൾ/ഹോർഡിങ്ങുകൾ/ബാനറുകൾ/ കൊടികൾ തുടങ്ങിയവ സ്ഥാപിച്ചിട്ടില്ലെന്ന്/സ്ഥാപിക്കുന്നില്ലെന്ന് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ്.

16. ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള ആസ്തികൾ സംരക്ഷിക്കേണ്ടത് സംബന്ധിച്ചും പൊതു സൗകര്യങ്ങളും സുരക്ഷയും ഏർപ്പെടുത്തേണ്ടത് സംബന്ധിച്ചും അടിയന്തിര വകുപ്പുതല മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സൂചന 23 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും സൂചന 24 പ്രകാരം സർക്കാരും നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തലത്തിലും വകുപ്പുതലത്തിലും പുറപ്പെടുവിച്ചിട്ടുള്ള സൂചന 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23

സർക്കുലറുകളിലെ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ഇത് സംബന്ധിച്ച് ഓരോ ഗ്രാമ പഞ്ചായത്തും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് 30.11.2018 നകം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ തല നടപടി റിപ്പോർട്ട് 05.12.2018 നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
5. സിസ്റ്റം മാനേജർ, പഞ്ചായത്ത് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഫയൽ/കരുതൽ/അധികം

അംഗീകാരത്തോടെ

സൂപ്രണ്ട്

സി.എസ് 07118

കേരള സർക്കാർ

സംഗ്രഹം

ദേശീയപാത നിർമ്മാണത്തിന് ആവശ്യമായി വരുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ് / തോട് പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ. (കൈ) നം. 175/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 24.11.2018

പരാമർശം:- 1) 26.08.2017 ലെ സ.ഉ. (കൈ) നമ്പർ 302/2017/റവ.

2) കണ്ണൂർ ജില്ലാ കളക്ടറുടെ 21.11.2017 ലെ സി5 - 30789/2016 നമ്പർ കത്ത്.

ഉത്തരവ്

ദേശീയപാത വികസനത്തിനാവശ്യമായ, വിവിധ സർക്കാർ വകുപ്പുകളുടെ കൈവശത്തിലുള്ള സർക്കാർ പുറമ്പോക്ക് ഭൂമി (തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴിവാക്കി), ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏതുവിധ കേടുപാടുകളും ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുന:സ്ഥാപിക്കുകയോ, പുനർനിർമ്മിച്ചു നൽകുകയോ, നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് (NHAI) കൈമാറി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് റവന്യു വകുപ്പിൽ നിന്നും പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഇപ്രകാരം കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് റവന്യു വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

3. ദേശീയപാത വികസനത്തിന് ആവശ്യമായി വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്, തോട് മുതലായവ കൂടി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടറും ആവശ്യപ്പെട്ടകയുണ്ടായി.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 169-ാം വകുപ്പ് , 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 207 -ാം വകുപ്പ് എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ റോഡ് പുറമ്പോക്ക് ഭൂമിയെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ടി ആക്ടുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ, കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 218 (1) , കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 208A എന്നീ വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ജലസ്രോതസ്സുകളുടേയും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയുടേയും ഭരണം സർക്കാരിന് ഏറ്റെടുക്കാമെങ്കിലും സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കാൻ ആക്ടിൽ വ്യവസ്ഥയില്ല.

: 2 :

5. Jagpal Singh Vs State of Punjab & Others (Civil Appeal No.1132/2011) എന്ന കേസിൽ ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്കുകൾ പതിച്ചുനൽകാൻ പാടില്ലെങ്കിലും അത് പബ്ലിക്ക് യൂട്ടിലിറ്റിയ്ക്ക് അനുവദനീയമാണെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തോട്, റോഡ് പുറമ്പോക്ക്, ദേശീയപാത വികസനം എന്ന പൊതുവായ ആവശ്യത്തിനാണ് നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് കൈമാറേണ്ടത്.

6. ദേശീയപാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്നത് 1956-ലെ നാഷണൽ ഹൈവേയ്സ് ആക്ടിലെ (Central Act 48 of 1956) വ്യവസ്ഥകൾ പ്രകാരമാണ്. കേന്ദ്ര നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം ഭൂമി പുനർനിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ല.

7. പ്രസ്തുത സാഹചര്യത്തിൽ, ഭൂമി ഏറ്റെടുക്കുന്നതിലെ നടപടിക്രമങ്ങൾ മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി, ദേശീയ പാതകളുടെ അംഗീകൃത അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്നതും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പുകൾ 169(1), 218(1), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പുകൾ 207(1), 208A എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതുമായ റോഡ് / തോട് പുറമ്പോക്ക് ഭൂമികൾ ഏറ്റെടുത്ത് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ദേശീയപാത വികസനം എന്ന പൊതു ആവശ്യത്തിലേയ്ക്കായി കൈമാറുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പുറമ്പോക്ക് ഭൂമികൾ നിയമാനുസൃതം നികത്തേണ്ടി വരുന്ന പക്ഷം ആയത് മൂലം പരിസ്ഥിതിയ്ക്ക് ആഘാതമുണ്ടാവുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ii. പ്രദേശത്തെ ജല നിർഗമന മാർഗങ്ങൾ തടസ്സപ്പെടാതിരിക്കുവാനും സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെടാതിരിക്കുവാനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

iii. സമീപത്തായി വയലുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അവിടേയ്ക്ക് കൃഷിയ്ക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള ബദൽ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

iv. തോടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ആവശ്യാനുസരണം കലുങ്കുകൾ / കൾവർട്ടുകൾ പണിയേണ്ടതാണ്.

v. ഏറ്റെടുക്കുന്ന ഭൂമി ദേശീയ പാതയുടെ വികസനത്തിനായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

vi. ഏറ്റെടുക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ, മതിലുകൾ മുതലായവ സ്ഥിതി ചെയ്യുന്ന പക്ഷം അവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏതുവിധ കേടുപാടുകളും ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുനഃസ്ഥാപിക്കുകയോ, പുനർനിർമ്മിച്ചു നൽകുകയോ, നഷ്ടപരിഹാരം നൽകുകയോ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി. കെ. ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.

റീജിയണൽ ഓഫീസർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എൽ.ബി.എ./ എ & ഇ), തിരുവനന്തപുരം.
റവന്യൂ വകുപ്പ് (REV-L2/3/2017-REV , REV-L2/224/2017-REV നമ്പർ ഫയലുകൾ പ്രകാരം).
നിയമ വകുപ്പ് (21.04.2018 ലെ 2858/ഉപദേശം ഡി 2/18/നിയമം, 25.09.2018 ലെ 15703/ഉപദേശം ഡി3 /18/നിയമം എന്നിവ പ്രകാരം).
പൊതുമരാമത്ത് വകുപ്പ്.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ഭരണഭാഷ - മാതൃഭാഷ'

PAN/24693/2018-C4(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 26.11.2018

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - അലഞ്ഞുതിരിഞ്ഞുനടക്കുന്ന കന്നുകാലികൾ മറ്റ് വളർത്തു മൃഗങ്ങൾ എന്നിവ കാരണം സാധാരണ ജനജീവിതം ദുസഹമാക്കുന്നതും വാഹന അപകടങ്ങൾ ഉണ്ടാകുന്നതും ഒഴിവാക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ
2. 1961 ലെ കേരള കാറ്റിൽ ടെസ്സ് പാസ്സ് ആക്ട്
3. 1962 ലെ കേരള കാറ്റിൽ ടെസ്സ് പാസ്സ് റൂൾസ്
4. 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമം
5. 2001 ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ്
6. 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ

****

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലും വാഹന അപകടങ്ങൾക്ക് കാരണമാകുന്ന വിധവും കന്നുകാലികൾ അലഞ്ഞു തിരിഞ്ഞു നടക്കുന്നത് ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തേയും സൈര ജീവിതത്തേയും കൃഷിയേയും ഹനിക്കുന്നതായി ഒട്ടേറെ പരാതികൾ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആയത് ഒഴിവാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്ത് കന്നുകാലികളെ വളർത്തുന്നതിനുള്ള വ്യവസ്ഥകൾ സൂചന (1) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതും കന്നുകാലി സമ്പത്ത് പരിപോഷിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരും ഗ്രാമ പഞ്ചായത്തുകളും പലവിധ പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായങ്ങളും ചെയ്തുവരുകയും ചെയ്യുന്നുണ്ട്. എന്നാൽ നിരത്തുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും സൈരവിഹാരം നടത്തുന്ന കന്നുകാലികൾ ഇന്ന് ജനങ്ങളുടെ ജീവനും സഞ്ചാരസ്വാതന്ത്ര്യത്തിനും ഭീഷണിയാകുന്നുണ്ട്. ഇത് നിയന്ത്രിക്കേണ്ടത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ 1961 ലെ കേരള കാറ്റിൽ ടെസ്സ് പാസ്സ് ആക്ട് (1961 ലെ ആക്ട് 26), 1962 ലെ കേരള കാറ്റിൽ ടെസ്സ് പാസ്സ് റൂൾസ് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ

പഞ്ചായത്ത് പ്രദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളെ നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലേയ്ക്കായി മേൽ നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ കാറ്റിൽ പൗണ്ടുകൾ സ്ഥാപിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ ഏതെങ്കിലും ഗ്രാമ പഞ്ചായത്തിൽ കാറ്റിൽ പൗണ്ട് ആവശ്യമുള്ളതായിരിക്കുകയും എന്നാൽ കാറ്റിൽ പൗണ്ടോ പൗണ്ട് കീപ്പറോ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി ഗ്രാമ പഞ്ചായത്തുകൾക്ക് പകരം സംവിധാനമെന്ന നിലയിൽ, താല്ക്കാലികമായി അലഞ്ഞു നടക്കുന്ന കന്നുകാലികളെ പിടിച്ചെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി കരാറുകാരനെ ചുമതലപ്പെടുത്താവുന്നതാണ്. അലഞ്ഞു നടക്കുന്ന കന്നുകാലികളെ പിടിച്ചെടുക്കുന്നതും സംരക്ഷിക്കുന്നതും ഉടമസ്ഥരിൽ നിന്നും ഫൈൻ ഈടാക്കുന്നതും അവയുടെ യഥാർത്ഥ ഉടമസ്ഥരെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ കന്നുകാലികളെ ലേലം ചെയ്ത് സംഖ്യ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതും സംബന്ധിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളും സൂചന (2), (3) പ്രകാരമുള്ള 1961 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് ആക്ട്, 1962 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് റൂൾസ് എന്നിവയിലെ വ്യവസ്ഥകളും നിബന്ധനകളും സൂചന (4) പ്രകാരമുള്ള 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമത്തിലെ വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച മേൽ നിയമത്തിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഗ്രാമ പഞ്ചായത്തുകൾ പത്രദൃശ്യമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തേണ്ടതുമാണ്.

2. സൂചന (6) പ്രകാരമുള്ള 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികളേയും പന്നികളേയും വളർത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള വിശദമായ നിബന്ധനകളും മാർഗ്ഗ നിർദ്ദേശങ്ങളും വ്യക്തമാക്കുന്നുണ്ട്. ടി ചട്ടങ്ങളിലെ നിബന്ധനകളും നിർദ്ദേശങ്ങളും ഗ്രാമ പഞ്ചായത്തുകൾ പാലിക്കാത്തത് കാരണം പല സ്ഥലങ്ങളിലും പേവിഷബാധയും , അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യവും വൻതോതിൽ വർദ്ധിക്കുന്നതായും ഇത് ജനങ്ങളുടെ ജീവനും സൈ്വരജീവിതത്തിനും വിഘാതമാകുന്നതായും പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഒരു മാസത്തിനുള്ളിൽ പ്രമേയം പാസ്സാക്കി പട്ടികളേയും പന്നികളേയും വളർത്തുന്നതിന് ലൈസൻസ്സും പേവിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പും നിർബന്ധമാക്കേണ്ടതും വളർത്തുനായ്ക്കളേയും പന്നികളേയും ഒരു സാഹചര്യത്തിലും പൊതുസ്ഥലങ്ങളിൽ അലഞ്ഞുതിരിയുന്നതിന് അനുവദിക്കാൻ പാടില്ലെന്ന കർശന വ്യവസ്ഥ ലൈസൻസിൽ ഉൾപ്പെടുത്തേണ്ടതും വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ ഫൈൻ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് ഇല്ലാതാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളും സൂചന (5) ചട്ടങ്ങൾ പ്രകാരമുള്ള ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കേണ്ടതും ഇത് സംബന്ധിച്ച മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

4. വഴിയോരങ്ങളിലും ഓടകളിലും മറ്റ് പൊതു/സ്വകാര്യ സ്ഥലങ്ങളിലും മാംസാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും ഉപേക്ഷിക്കപ്പെടുന്ന പ്രവണത വർദ്ധിച്ച് വരുന്നുണ്ട്. ഇത് പകർച്ച വ്യാധികൾക്കും പരിസര മലിനീകരണത്തിനും തെരുവ് നായ്ക്കളുടെ വംശവർദ്ധനവിനും കാരണമാകുന്നുണ്ട്. ഇത് കർശനമായി നിയന്ത്രിക്കുന്നതിന് വീടുകൾക്ക് ഉറവിട മാലിന്യ

സംസ്കരണ സംവിധാനങ്ങളും പക്ഷി മൃഗാദി മാംസ വില്പനയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ വിൽപ്പനശാലകളിൽ/ഫാമുകളിൽ നിന്നും ഉൽഭവിക്കുന്ന അവശിഷ്ടങ്ങളും മാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് ഗ്രാമ പഞ്ചായത്തുകൾ നിഷ്കർഷിക്കേണ്ടതും ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിച്ചിട്ടില്ലാത്ത വ്യാപാര, വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസ് നോട്ടീസ് നല്കി നിയമാനുസരണം റദ്ദ് ചെയ്യേണ്ടതും അവരെ നിയമപ്രകാരമുള്ള നിയമനടപടികൾക്ക് വിധേയരാക്കേണ്ടതുമാണ്. പൊതു നിരത്തുകളിലും തോടുകളിലും പുഴകളിലും മറ്റും മാംസാവശിഷ്ടങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നതിലൂടെ ഉണ്ടാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളെയും സാമൂഹ്യ പ്രശ്നങ്ങളെയും സംബന്ധിച്ച് ആരോഗ്യ പ്രവർത്തകരുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തുകൾ ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും ഇത്തരം വിഷയങ്ങൾ ഗ്രാമ സഭയിൽ ചർച്ചചെയ്യേണ്ടതുമാണ്.

5. പൊതു നിരത്തുകൾ, തോടുകൾ, പുഴകൾ എന്നിവിടങ്ങളിൽ മാംസാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നവരെ പൊതു ജനങ്ങളുടെ സഹകരണത്തോടെ കണ്ടുപിടിച്ച് അവർക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 219(എൻ), 219(എസ്) വകുപ്പുകൾ പ്രകാരം ഫൈൻ ചുമത്തൽ, പ്രോസിക്യൂഷൻ നടപടികൾ മുതലായവ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ പോലീസ് സഹായവും തേടാവുന്നതാണ്. മാലിന്യ മുക്ത കേരളം കെട്ടിപ്പടുക്കുന്ന പ്രവർത്തനങ്ങൾക്ക് എല്ലാ ഗ്രാമ പഞ്ചായത്തുകളും മുന്തിയ പരിഗണന നൽകേണ്ടതും നിയമാനുസരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും കർശനമായും പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
എം.പി അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല
വഹിക്കുന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)

4. ഫയൽ/കയ്യതൽ/അധികം

അംഗീകാരത്തോടെ

സുപ്രണ്ട്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - അക്രഡിറ്റേഷനുവേണ്ടിയുള്ള പരിഷ്കരിച്ച പരിശോധനാ ഫോറം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 3226/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22.12.2018

പരാമർശം : സ.ഉ.(കൈ.)നം.133/2013/ത.സ്വ.ഭ.വ. തിയതി 30.03.13

ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി ഏജൻസികൾ സമർപ്പിക്കുന്ന അപേക്ഷകളിൽമേൽ വിഷയമേഖലാവിദഗ്ദർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത പരിശോധനയ്ക്കായി അനുബന്ധമായി ചേർത്തിരിക്കുന്ന പരിഷ്കരിച്ച പരിശോധനാ ഫോറം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാട്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഉചിത മിഷൻ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

അക്രഡിറ്റേഷനു വേണ്ടിയുള്ള അപേക്ഷയുടെ പരിശോധനാ ഫോറം

1.	സംഘടനയുടെ പേര്	:		
	മേൽവിലാസം	:		
2.	മുഖ്യ കാര്യദർശിയുടെ പേരും പദവിയും	:		
3.	കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തന പരിചയം (വർഷം)	:	നടത്തിയ പ്രവൃത്തികളുടെ എണ്ണം	തുക
	ഒന്നാം വർഷം	:		
	രണ്ടാം വർഷം	:		
	മൂന്നാം വർഷം	:		
4.	രേഖകൾ/രജിസ്റ്ററുകൾ സംബന്ധിച്ച വിവരം	:		
(എ)	സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ടോ?	:		
	ഉണ്ടെങ്കിൽ ഏത് ആക്ട് പ്രകാരം?	:		
	എവിടെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്?	:		
(ബി)	രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ നമ്പർ, തീയതി	:		
(സി)	നിയമാവലി പ്രകാരം പൊതുയോഗവും ഭരണസമിതിയും കൂടാറുണ്ടോ? ആയത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ.	:		

1

(ഡി)	സംഘടനയുടെ പ്രവർത്തനം സംബന്ധിച്ച് നിയമാവലി തയ്യാറാക്കി അംഗീകാരം ലഭിച്ചതാണോ? ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം.	:	
(ഇ)	പൊതുയോഗ/ഭരണസമിതി യോഗത്തിന്റെ മിനിട്സ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നുണ്ടോ?	:	
(എഫ്)	രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കിയിട്ടുണ്ടോ?	:	
(ജി)	ആസ്തിയും രജിസ്റ്ററും പ്രോജക്ട് രജിസ്റ്ററും ഓഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് സൂക്ഷിക്കുന്നുണ്ടോ?	:	
(എച്)	സ്ഥാപനത്തിന്റെ ഘടന (എക്സിക്യൂട്ടീവ് അംഗങ്ങൾ, ഭരണസാരഥികളുടെ വിവരങ്ങൾ)	:	
(ഐ)	ആദായ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ (വകുപ്പ് 12A പ്രകാരമുള്ള രജിസ്ട്രേഷൻ, വകുപ്പ് 80G പ്രകാരം ഒഴിവാക്കപ്പെട്ടവ, filing of return etc.)	:	
(ജെ)	അംഗത്വ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ?	:	
(കെ)	പട്ടികജാതി/പട്ടികവർഗ്ഗ/സ്ത്രീ പ്രാതിനിധ്യം എത്ര?	:	
	പട്ടികജാതി	:	
	പട്ടികവർഗ്ഗം	:	
	സ്ത്രീ	:	

2

(എൽ)	കാലാകാലങ്ങളിൽ ജനാധിപത്യ പരമായ രീതിയിൽ തെരഞ്ഞെടുപ്പുകൾ നടക്കാറുണ്ടോ? ആയത് സംബന്ധിച്ച വിവരങ്ങൾ.	:	

5. ജീവനക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ:

	ജോലിചെയ്ത ആളുകൾ	എണ്ണം	പ്രതിമാസ ശമ്പളം (രൂപ)
(1)	മുഴുവൻ സമയം		
	a) സാങ്കേതികം		
	b) സാങ്കേതികേതരം		
(2)	ഭാഗികം		
	a) സാങ്കേതികം		
	b) സാങ്കേതികേതരം		

6. സംഘടനയുടെ പാടവത്തെക്കുറിച്ചുള്ള വിവരങ്ങൾ:

7.	a) സ്ഥാപനത്തിന്റെ പ്രവർത്തനം ജനകീയമാണോ?	:	
	b) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായുള്ള ബന്ധം	:	
	c) സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുമായുള്ള ബന്ധം	:	

8.	ഭൗതിക സാഹചര്യങ്ങൾ : ഭൂമി, കെട്ടിടം, ഫർണീച്ചർ fixture, വാഹനം, ഉപകരണങ്ങൾ, ലബോറട്ടറി (ലാബ്), വർക്ക്ഷോപ്പ്, ദൃശ്യ-ശ്രവ്യ മാധ്യമ സഹായം, ലൈബ്രറി മുതലായവ.			
	വിവരങ്ങൾ	ഗണപരമായ കാര്യങ്ങൾ	വില	വാങ്ങിയ വർഷം
(1)	a) ഭൂമി - വിസ്തീർണ്ണം			
	b) കെട്ടിടം - ച.മീ.			
(2)	a) വാഹനങ്ങൾ - എണ്ണം			
	b) ഉപകരണങ്ങൾ - എണ്ണം			
	c) ഫർണിച്ചറുകൾ - എണ്ണം			

9.	സംഘടനയുടെ പ്രവർത്തനം സൂതാര്യമാണോ? അല്ലയോ?	:	
	വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ടോ?	:	
	പൗരാവകാശരേഖ പ്രസിദ്ധീകരിക്കാറുണ്ടോ?	:	

10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി നടത്തിയ അവസാന 3 വർഷത്തെ പ്രവർത്തനങ്ങൾ:

പ്രോജക്ടിന്റെ പേര്	അനുവദിച്ച തീയതി	പ്രോജക്ട് പ്രദേശം (ജില്ല/ബ്ലോക്ക്/പഞ്ചായത്ത്/വില്ലേജ്)	അനുവദിച്ച തുക	സംഭാവന നൽകിയ ഏജൻസിയുടെ പേര്	റിമാർക്സ്

11.	കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ ഗുണമേന്മ, മെഷിനറി എന്നിവയുടെ പ്രവർത്തനം, സമയബന്ധിതമായ നിർവ്വഹണം എന്നിവ സംബന്ധിച്ച വിവരങ്ങൾ:		
12.	മറ്റെന്തെങ്കിലും അധിക വിവരം:		
13.	സാമ്പത്തിക വിവരം	:	
	(a) ബാങ്ക് അക്കൗണ്ട് ഭാരവാഹികളുടെ ജോയിന്റ് അക്കൗണ്ടാണോ?	:	
	(b) സംഭാവന, സഹായ വായ്പ എന്നിവ ബാങ്ക് വഴിയാണോ സ്വീകരിക്കുന്നത്?	:	
14.	അക്കൗണ്ട്	:	
	a) ക്യാഷ് ബുക്ക് : ലെഡ്ജർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ?	:	
	b) സംഘടനയുടെ അക്കൗണ്ട് മുടക്കമില്ലാതെ ഓഡിറ്റ് ചെയ്യുന്നുണ്ടോ?	:	
15.	ആദായ നികുതി റിട്ടേൺ സമർപ്പിക്കുന്നുണ്ടോ?	:	
	(a) പണമിടപാടുകൾ നടത്തുന്നത് ചെക്ക്/ഡി.ഡി. വഴിയാണോ?	:	
	(b) പണമിടപാട് സ്വീകരിക്കുന്ന നടപടികൾ	:	

	a. കഴിഞ്ഞ മൂന്ന് വർഷത്തെ ഈ സ്ഥാപനത്തിന്റെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റ്	:	
	b. പ്രവർത്തന കാലദൈർഘ്യം. എന്നു മുതലാണ് സംഘടന രജിസ്റ്റർ ചെയ്തത്.	:	
16.	പ്രവർത്തന മേഖല		

1.	പ്രവർത്തന മേഖല	മുൻപരിചയം
2.		
3.		
4.		
5.		

17.	അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളുടെ കൃത്യതയും സാധുതയും പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതു സംബന്ധിച്ചുള്ള വിവരങ്ങൾ:
18.	സംഘടന നടത്തി വരുന്ന സന്നദ്ധസേവനങ്ങൾ എന്തെല്ലാമാണ്? വിശദാംശങ്ങൾ നൽകുക. (ഫണ്ട് സ്വീകരിക്കാതെ നടത്തിവരുന്ന പ്രവർത്തനങ്ങൾ):

6

19.	പ്രവർത്തന വ്യാപ്തി • സംസ്ഥാനം • ജില്ല • ബ്ലോക്ക് • പഞ്ചായത്ത് • ഗ്രാമം
20.	**കമ്മ്യൂണിറ്റി ഓർഗനൈസേഷൻ** • സ്വയം സഹായ സംഘങ്ങൾ/യുവജന ക്ലബ്ബ്/സഹകരണ സംഘങ്ങൾ • പരിശീലന പരിപാടികൾ/ക്യാമ്പസ്, ഗ്രൂപ്പ് തല യോഗങ്ങൾ
21.	സംഘടന വാഗ്ധാനം ചെയ്യുന്ന തുടർ സേവനങ്ങളും ഗാരണ്ടിയും:
22.	മറ്റ് അധിക വിവരങ്ങൾ:
23.	<u>മാനവ വിഭവശേഷി:</u> നിലവിൽ ജോലി ചെയ്തു വരുന്ന ആർക്കിടെക്ചറൽ, ആസൂത്രണം (പ്ലാനിംഗ്), സാങ്കേതികം (ടെക്നിക്കൽ), കാര്യ നിർവ്വഹണം (അഡ്മിനിസ്ട്രേഷൻ), ധനകാര്യം (ഫൈനാൻഷ്യൽ), വിദഗ്ധർ (സ്കിൽഡ്), അവിദഗ്ധർ (അൻസ്കിൽഡ്) എന്നീ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ യോഗ്യതകളും, പ്രവർത്തന പരിചയവും, ഇപ്പോഴത്തെ പ്രവർത്തനങ്ങളും (വിദഗ്ധ അവിദഗ്ധ ജീവനക്കാരുടെ യോഗ്യതയും പ്രവർത്തന പരിചയവും സഹിതം വിശദാംശങ്ങൾ നൽകേണ്ടതും ആയതിന്റെ തെളിവിനായുള്ള രേഖകൾ സമർപ്പിക്കേണ്ടതുമാണ്). അവരുടെ ജോലിയുടെ സ്വഭാവവും പ്രവർത്തന പരിചയവും വ്യക്തമാക്കേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ഥാപനങ്ങളിൽ യോഗ്യതയുള്ള ഒരു ആർകിടെകട് എങ്കിലും ഉണ്ടായിരിക്കേണ്ടതും അവർക്ക് കൗൺസിൽ ഓഫ് ആർക്കിടെക്ചറിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ സമർപ്പിച്ചു അനുമതി വാങ്ങുന്നതിനുള്ള ലൈസൻസ് ഉള്ളവരുമായിരിക്കണം. (ആവശ്യമെങ്കിൽ അധിക വിവരം നൽകുന്നതിനായി കൂടുതൽ ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്).

24.	കടബാധ്യതകൾ: 1) നിലവിൽ സർക്കാർ/ബാങ്ക്/സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും കടബാധ്യതകൾ ഉണ്ടെങ്കിൽ അവ.
	2) നിലവിൽ കോടതികളിളിൽ ഏതെങ്കിലും കേസുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ
	3) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഏതെങ്കിലും സ്ഥാപനം പ്രവർത്തനത്തിൽ വരുത്തിയ വീഴ്ചയുടെ അടിസ്ഥാനത്തിലോ കരാറുകൾ പാലിക്കാത്തതിന്റെ അടിസ്ഥാനത്തിലോ അപേക്ഷകനെതിരെ പിഴ ശിക്ഷ നടപ്പാക്കിയിട്ടുണ്ടോ? ഉണ്ട്/ഇല്ല. ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുക.
	4) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ അപേക്ഷകനെ ഏതെങ്കിലും സർക്കാർ വകുപ്പുകളോ പൊതുമേഖലാ സ്ഥാപനങ്ങളോ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ടോ? ഉണ്ട്/ഇല്ല.

	ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുക
	6) ടി സ്ഥാപനം സർക്കാരിനുവേണ്ടി ചെയ്ത ഏതെങ്കിലും പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപങ്ങളോ, പരാതികളോ, വിജിലെൻസ് എൻകയറികളോ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നല്കുക.
25.	വിഷയ ഗ്രൂപ്പിന്റെ അഭിപ്രായ കുറിപ്പ്:

വിഷയസമിതി അംഗങ്ങളുടെ പേരും ഒപ്പും:

മാനദണ്ഡങ്ങളും അവർക്ക് നൽകുന്ന വെയിറ്റേജ് അനുസരിച്ചുള്ള മാർക്കും

ക്രമ നമ്പർ	മാനദണ്ഡം/ഘടകങ്ങൾ	മാക്സിമം മാർക്ക്	നൽകിയ മാർക്ക്	റിമാർക്സ്
1.	പ്രവർത്തനകാല ദൈർഘ്യം	5		
2.	ഏജൻസിയുടെ പ്രവർത്തനത്തിലെ ജനകീയ സ്വഭാവം	5		
3.	ഭൗതിക സൗകര്യങ്ങൾ	5		
4.	മാനേജ്മെന്റ് സംവിധാനം, വൈദഗ്ധ്യം	5		
5.	രേഖകളുടെ സൂക്ഷിപ്പ്, പരിശോധനക്ക് വിധേയമാക്കൽ	5		
6.	സമർപ്പിക്കുന്ന കൃത്യത, സാധുത	5		
7.	സാമ്പത്തിക സ്ഥിതി, ശേഷി	5		
8.	നടത്തിവരുന്ന സന്നദ്ധ സേവനങ്ങൾ (ഫണ്ട് സ്വീകരിക്കാതെ നടത്തുന്ന സന്നദ്ധ പ്രവർത്തനങ്ങൾ)	5		
9.	ഓഫീസ് സംവിധാനവും വേതനം കൈപ്പറ്റുന്ന ജീവനക്കാരും	5		
10.	നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം, വൈദഗ്ധ്യം	5		
11.	സാങ്കേതിക വിദഗ്ധർ, വേതനം കൈപ്പറ്റുന്ന സ്ഥിരം വിദഗ്ധർ, മറ്റുള്ള വിദഗ്ധർ	5		
12.	കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനങ്ങളുടെ മികവ്	5		
13.	അപേക്ഷിക്കുന്ന മേഖലയിലുള്ള മുൻകാല പ്രവർത്തനങ്ങളുടെ മികവ്	5		

14.	പ്രവർത്തനങ്ങളുടെ ഗുണമേന്മ, സ്ഥാപിച്ച പ്ലാന്റ്, മെഷിനറി എന്നിവയുടെ പ്രവർത്തനശേഷി, സമയബന്ധിതമായ നിർവ്വഹണം	5		
15.	പണമിടപാടുകളിലെ സുതാര്യത, കൃത്യത	5		
16.	നടത്തുന്ന പ്രവർത്തനങ്ങളിലെ സാമൂഹ്യനേട്ടം	5		
17.	കോസ്റ്റ് എഫിഷ്യൻസി, കുറഞ്ഞ ചെലവ്	5		
18.	വാഗ്ദാനം ചെയ്യുന്ന ഗ്യരണ്ടിയും തുടർ സേവനങ്ങളും	5		
19.	പ്രവർത്തനത്തിലെ സുതാര്യത	5		
20.	സ്ഥാപനത്തിന്റെ ബാധ്യതകൾ	5		
	ആകെ മാർക്ക്	**100**		

വിഷയസമിതി അംഗങ്ങളുടെ പേരും ഒപ്പും:

കേരള സർക്കാർ

നം.ഡി.എ 1/881/2018/ തസ്വഭേ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 26.12.2018

സർക്കുലർ

വിഷയം:- - കുഷ്ഠരോഗം തുടക്കത്തിലേ തന്നെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നതിന്റെ ഭാഗമായി നടത്തുന്ന സർവ്വേ -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.18 ൽ ചേർന്ന യോഗത്തിന്റെ 3.15 നമ്പർ തീരുമാനം

സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് കൂടുതൽ. ഈ രോഗം തുടക്കത്തിലേ തന്നെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നതിന്റെ ഭാഗമായി സർവ്വേ നടത്തുന്നുണ്ട്. ഇതിന് ആവശ്യമായ സഹായം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നൽകേണ്ടതാണ്. ഇത് ജില്ലാ ആസൂത്രണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഡി.പി.സി. ചെയർ പേഴ്സൺ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരുമായി സ്റ്റേറ്റ് ലെപ്രസി ഓഫീസർ ബന്ധപ്പെടേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് ലെപ്രസി ഓഫീസർ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്) നം.195/2018/തസ്വഭവ. **തിരുവനന്തപുരം, തീയതി: 29/12/2018**

പരാമർശം:- 1. 29/07/2009-ലെ സ.ഉ(എം.എസ്)നം.148/2009/തസ്വഭവ
2. 26/07/2010 ലെ 43145/എഫ്.എം./10/തസ്വഭവ സർക്കുലർ
3. 77737/എഫ്.എം./11/തസ്വഭവ സർക്കുലർ
4. 06/04/2013 ലെ സ.ഉ.(എം.എസ്)നം.144/13/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.3.2018-ലെ 5291/എൽ/09/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്ന ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നല്കുന്നതിനും കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽ, നടപ്പുവർഷത്തെ ബഡ്ജറ്റിൽ '2515-00-800-48' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 15 ലക്ഷം രൂപാ നിരക്കിൽ 4.5 കോടി രൂപ ചെലവഴിച്ച് 30 വാഹനങ്ങൾ (സ്കൂൾ ബസ്) വാങ്ങി നല്കുന്നതിന് അനുമതിക്കായി പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്ന ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപാ നിരക്കിൽ 30 വാഹനങ്ങൾ (സ്കൂൾ ബസ്) വാങ്ങി നല്കുന്നതിന് കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽ, നടപ്പുവർഷത്തെ ബഡ്ജറ്റിൽ '2515-00-800-48' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 4.5 കോടി രൂപ (നാലു കോടി അൻപത് ലക്ഷം രൂപാ മാത്രം) ചെലവാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) വാഹനങ്ങൾ അനുവദിച്ച് കിട്ടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടി വാഹനത്തിന്റെ മരാമത്ത് പണികളും ഇന്ധനചെലവും, ഡ്രൈവർ ഉൾപ്പെടെയുള്ള മറ്റ ചെലവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല സി.എസ്.
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
സഹകരണ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Dev-3/217/18/Fin dtd. 29/10/18 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി 22750/ 18, 25784/ 18 എന്നീ റിട്ട് പെറ്റീഷനുകളിൻമേൽ 15-01-2019 ൽ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവ് പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം. 113/ 2019/ ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 21/1/2019.

പരാമർശം: 1) 08.1.2010 ലെ 57850/ ആർസി4/ 2008/ തസ്വഭവ നമ്പർ പരിപത്രം
2) 25/ 10/ 2013 ലെ 71806/ ആർസി2/ 2013/ തസ്വഭവ നമ്പർ പരിപത്രം
3) 07.03.2018 ലെ 41/ ആർസി2/ 2018/ ത.സ്വ.ഭ.വ നമ്പർ പരിപത്രം.
4) 22750/ 18, 25784/ 18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച പൊതു ഉത്തരവുകൾ.
5) 06.10.2018 ലെ ആർസി2/ 41/ 2018/ ത.സ്വ.ഭ.വ നമ്പർ പരിപത്രം
6) 22750/ 18, 25784/ 18 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.
7) 26.10.2018 ലെ സ.ഉ(സാധാ)നം.2733/ 2018/ തസ്വഭവ
8) 22750/ 18, 25784/ 18 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി 15-01-2019 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.

ഉത്തരവ്

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ / ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ സ്ഥാപിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് നിയന്ത്രിക്കുന്നതിനായി പരസ്യ ബോർഡുകൾ / ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ സ്ഥാപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ എടുത്തുമാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയും പരാമർശം (1), (2), (3) പ്രകാരം സർക്കാർ പരിപത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

(2) പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയാൻ നിർദ്ദേശിച്ച് ബഹു. ഹൈക്കോടതി പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ട് പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ സ്ഥാപിക്കുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ സമയബന്ധിതമായി എടുത്തുമാറ്റാൻ കർശന നിർദ്ദേശം നൽകിയും കോടതിവിധി കർശനമായി പാലിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയും പരാമർശം (5) പ്രകാരവും പരിപത്രം പുറപ്പെടുവിച്ചിരുന്നു.

(3) പരാമർശം (5) ലെ പരിപത്രത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ കോടതി ഉത്തരവ് പാലിച്ചുകൊണ്ട് പഞ്ചായത്ത് മേഖലയിൽ നിന്നും 129972 എണ്ണം അനധികൃത ബോർഡുകൾ നീക്കം ചെയ്യുകയും 23302 രൂപ പിഴ ഈടാക്കുകയും നഗരസഭാ പരിധിയിൽ നിന്നും 115670 എണ്ണം അനധികൃത ബോർഡുകൾ നീക്കം ചെയ്യുകയും 736705 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

(4) ബഹു.ഹൈക്കോടതി 22750/18, 25784/18 എന്നീ റിട്ട് പെറ്റീഷനുകളിൻമേൽ പുറപ്പെടുവിച്ച പരാമർശം (8) ലെ പൊതു ഉത്തരവിൽ, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചിരുന്നെങ്കിലും അടുത്തസമയത്തായി അനധികൃതമായ പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ വീണ്ടും വളരെയധികം വർദ്ധിച്ചതായി വിലയിരുത്തുകയും അവ നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(5) പരാമർശം 8 ലെ ബഹു.ഹൈക്കോടതി ഉത്തരവിലുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പരാമർശം (5) ലെ പരിപത്രത്തിൽ പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും കൊടികളും ഏഴ ദിവസത്തിനുള്ളിൽ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി, പഞ്ചായത്ത് ഡയറക്ടറേറ്റിലും നഗരകാര്യ ഡയറക്ടറേറ്റിലും ചുമതലയേൽപ്പിച്ചിട്ടുള്ള നോഡൽ ഓഫീസർമാർ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിലെ പുരോഗതി ദിവസേന വിലയിരുത്തേണ്ടതും 10 ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിൽ ഏതെങ്കിലും

തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ചസംഭവിക്കുകയാണെങ്കിൽ ആയത് ഗൗരവമായിക്കണ്ട് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം).
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി (ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി (ആമുഖ കത്ത് സഹിതം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

: 3 :

File No.LSGD-DD3/88/2017-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- മിഷൻ അന്ത്യോദയ സർവ്വെ ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം.116/2019/ത.സ്വ.ഭ.വ
തീയതി,തിരുവനന്തപുരം, 22/01/2019

പരാമർശം:- 1 27.03.2017-ലെ സ.ഉ.(സാധാ.)നം.172/2017/ ആ.സ.വ

2 19.09.2018-ലെ സ.ഉ(സാധാ.)നം.2462/2018/ത. സ്വ. ഭ. വ

3 കേന്ദ്രഗ്രാമവികസന വകുപ്പ് സെക്രട്ടറിയുടെ 24.08.2018-ലെ ഡി.ഒ-സെക്രട്ടറി(ആർ.ഡി)2018 നമ്പർ കത്ത്

4 സാമ്പത്തിക സ്ഥിതി വിവരകണക്ക് ഡയറക്ടർ ജനറലിന്റെ 15-11-2018-ലെ പി. എൽ.8232/2018/ഡി.ഇ.എസ് നമ്പർ കത്ത്

ഉത്തരവ്

അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയുടെ അവസ്ഥ നിർണ്ണയിക്കുന്ന ഏതാനും സൂചകങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകളെ റാങ്ക് ചെയ്യുന്നതിനുള്ള (100 മാർക്കിന്) ഒരു സംവിധാനത്തിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം രൂപം നൽകിയിട്ടുണ്ട്. ഗ്രാമങ്ങളിലെ പ്രശ്നങ്ങളും വിടവുകളും (gaps) കണ്ടെത്തി കൃത്യമായ ആസൂത്രണത്തിലൂടെ പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു. കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സമന്വയം ഉറപ്പാക്കി ഇത് സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായുള്ള മിഷൻ അന്ത്യോദയ സർവ്വെയുടെ ആദ്യഘട്ടം ഇന്ത്യയിലെ 45,000 ഗ്രാമപഞ്ചായത്തുകളിൽ നടത്തി വിവരങ്ങൾ ഇതിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പോർട്ടലിലേക്ക് അപ് ലോഡ് ചെയ്തിരുന്നു. കേരളത്തിൽ 195 ഗ്രാമപഞ്ചായത്തുകളിലാണ് സർവ്വെ നടത്തിയത്.

2. 'മിഷൻ അന്ത്യോദയ സർവ്വെ' എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സർവ്വെ നടത്തി വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

3. മിഷൻ അന്ത്യോദയ സർവേയുടെ സംസ്ഥാനതല നോഡൽ ഓഫീസർമാരായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെയും ജില്ലാതല

File No.LSGD-DD3/88/2017-LSGD

നോഡൽ ഓഫീസർമാരായി ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എന്നിവരെയും നിയോഗിക്കുന്നു.

4. പ്രാദേശിക സർക്കാരുകളുടെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന്റെയും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിന്റെയും ഭാഗമായി സാമ്പത്തിക-സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കായിരിക്കും (വിവരശേഖരണ ഉദ്യോഗസ്ഥർ) സർവ്വെയുടെ വിവരശേഖരണ ചുമതല. ഇങ്ങനെ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വെ നടത്തി വിവരങ്ങൾ പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്ത് ഓഫീസ്, പ്രാഥമികാരോഗ്യ കേന്ദ്രം, അംഗൻവാടികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ച് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വേണം വിവരങ്ങൾ തയ്യാറാക്കേണ്ടത്. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് എക്സ്റ്റൻഷൻ ഓഫീസർക്ക് (പരിശോധനാ ഉദ്യോഗസ്ഥൻ)ആയിരിക്കും സർവ്വേയുടെ പരിശോധന ചുമതല. പരിശോധന ഉദ്യോഗസ്ഥൻ വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിനുശേഷം മാത്രമെ വിവരശേഖരണ ഉദ്യോഗസ്ഥൻ പോർട്ടലിൽ ഡാറ്റാ അപ് ലോഡ് ചെയ്യാൻ പാടുള്ളൂ. സർവ്വെയുടെ ഫോർമാറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

5. നിശ്ചിത ഫോറത്തിൽ തയ്യാറാക്കുന്ന വിവരങ്ങൾ അതിനായുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യേണ്ടത്. പോർട്ടലിൻറെ അഡ്മിനിസ്ട്രേറ്റർമാരായി സംസ്ഥാനം, ജില്ല എന്നീ തലങ്ങളിൽ യഥാക്രമം പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ നിയോഗിക്കുന്നു. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥനായിരിക്കും ഗ്രാമപഞ്ചായത്ത് യൂസർ, ബ്ലോക്ക് പഞ്ചായത്ത് യൂസർ ആയി ബ്ലോക്ക് പഞ്ചായത്തിലെ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് - എക്സ്റ്റൻഷൻ ഓഫീസറെ നിയോഗിക്കുന്നു. ഗ്രാമപഞ്ചായത്ത് യൂസർ അപ് ലോഡ് ചെയ്യുന്ന വിവരങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ബ്ലോക്ക് യൂസർക്ക് തിരുത്തൽ വരുത്താവുന്നതാണ്.

6. ആദ്യ ഘട്ടത്തിൽ സർവ്വേ നടത്തിയ 195 ഗ്രാമപഞ്ചായത്തുകളിൽകൂടി വീണ്ടും സർവ്വെ നടത്തി വിവരങ്ങൾ പുതുക്കി അപ് ലോഡ് ചെയ്യേണ്ടതാണ്.

7. പ്രാദേശികതല വികസനത്തിനുള്ള അടിസ്ഥാന വിവരങ്ങൾ (Basic Statistics for Local Level Development) എന്ന പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ഓൺലൈനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അന്ത്യോദയ സർവ്വെയുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങളും പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണം. അതിനാൽ സർവ്വേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ബി.എസ്.എൽ.എൽ.ഡിയുടെ വിവരാടിത്തറയിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ട ക്രമീകരണങ്ങൾ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ ഏർപ്പെടുത്തുന്നതാണ്.

8. സർവ്വേ സംബന്ധമായ പരിശീലനം സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പും കിലയും സംയുക്തമായി നൽകുന്നതാണ്. സർവ്വേയ്ക്കുവേണ്ട ചെലവുകൾ പരാമർശം മൂന്നിലെ കത്തിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭരണചെലവിൽ നിന്നും വഹിക്കേണ്ടതാണ്.

9 . സർവ്വേ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും 2019 ഫെബ്രുവരി 20-ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി

File No.LSGD-DD3/88/2017-LSGD

പകർപ്പ്:

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാപഞ്ചായത്ത് അധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ ആസൂത്രണ സമതി അധ്യക്ഷന്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ കളക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കില, തൃശ്ശൂർ

ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിൻറെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം
Signature Valid
Digitally signed by SHAJI R
Date: 2018.01.11 11:55:00 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹുമുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹുതദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ത.സ്വ.ഭ.വ. അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
ത.സ്വ.ഭ.വ. സെക്രട്ടറി (റൂറൽ) യുടെ പി.എ യ്ക്ക്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച മുൻസിപ്പാലിറ്റി/കോർപ്പറേഷൻ - ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പ്രൊജക്ട് - കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത് - ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 210/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 31.01.2019

പരാമർശം :- 1) GO(Ms)No 69/2018/Fin തീയതി 24/2/2018
2) നഗരകാര്യ ഡയറക്ടറുടെ 09/03/2018 ലെ ഡിസി2/31624/2017 നമ്പർ കത്ത്
3) നഗരകാര്യ ഡയറക്ടറുടെ 18/01/2019 ലെ ഡിസി2/10100/2017 നമ്പർ കത്ത്

ഉത്തരവ്

2016-17 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ (ഖണ്ഡിക 189) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 29 മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായമായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സ്കീം പ്രകാരം 100 കോടി രൂപ പ്രഖ്യാപിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രൊജക്ട് കിഫ്ബി മുഖേന നടപ്പാക്കുന്നതിനുള്ള അനുമതിയ്ക്കായി പ്രസ്തുത പദ്ധതിയുടെ കൺസപ്റ്റ് നോട്ട് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം (1) ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 29 മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ എന്നിവയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പ്രോജക്ട് KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിന് 100 കോടി രൂപയ്ക്ക് ഭരണാനുമതി നൽകികൊണ്ടും പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇംപാക്ട് കേരളയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ,ഇംപാക്ട് കേരള ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കിഫ്ബി,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി2/142/2018/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LSGD-EM3/4/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുതിയ പഞ്ചായത്തുകളുടെ നഗരസഭയുടെയും രൂപീകരണം, അതിർത്തി പുനർ നിർണ്ണയം, പദവി ഉയർത്തൽ എന്നിവ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.246/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/02/2019

പരാമർശം:- 1 28.03.2018 -ലെ സ.ഉ.(കൈ)നം.877/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2 25.04.2018 -ലെ സ.ഉ.(സാധാ)നം.1180/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3 17.08.2018 -ലെ സ.ഉ.(സാധാ)നം.2268/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

4 19.09.2018 -ലെ സ.ഉ.(സാധാ)നം.2459/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

5 തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.12.2018-ലെ ബി/2681/18/പി.ഡി-എൽ.എസ്.ജി.ഡി നമ്പർ കത്ത്

ഉത്തരവ്

പുതിയ പഞ്ചായത്തുകളുടെ നഗരസഭയുടെയും രൂപീകരണം, അതിർത്തി പുനർ നിർണ്ണയം, പദവി ഉയർത്തൽ എന്നിവ സംബന്ധിച്ച ശുപാർശ സമർപ്പിക്കുന്നതിനായി പരാമർശം-1 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി 09.12.2018-ൽ അവസാനിച്ചിരുന്നു. ആയതിനാൽ പ്രസ്തുത കമ്മിറ്റിയുടെ കാലാവധി രണ്ടുമാസത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണം എന്ന് പരാമർശം-5 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ശുപാർശ ചെയ്തിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, അതിർത്തി പുനർ നിർണ്ണയം, പദവി ഉയർത്തൽ എന്നിവ പരിശോധിച്ച് അതിനനുസൃതമായ ശുപാർശകൾ സമർപ്പിക്കുവാനുമായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തന കാലാവധി 31.01.2019 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ കെ ജെ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

File No.LSGD-EM3/4/2019-LSGD

നഗരകാര്യ ഡയറക്ടർ, നഗരകാര്യ ഡയറക്ടർ

ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം

ഡയറക്ടർ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്

File No.LSGD-EM3/7/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2017-18 വർഷത്തെ മികച്ച ത്രിതലപഞ്ചായത്തുകളെ തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഇ എം)വകുപ്പ്

സ.ഉ.(സാധാ) നം.329/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/02/2019

പരാമർശം:- 1 സ.ഉ. (സാധാ) നം. 2642/2018/തസ്വഭവ തീയതി 15.10.2018.

2 സ.ഉ. (സാധാ) നം. 159/2019/തസ്വഭവ തീയതി 25.01.2019.

3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി മിഷൻ ഡയറക്ടറുടെ 01.02.2019-ലെ 2981ബി/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്.

4 പഞ്ചായത്ത് ഡയറക്ടറുടെ 08.02.19-ലെ PAN/25238/2018-G2(DP) നമ്പർ കത്ത്.

5 ഗ്രാമ വികസന കമ്മിഷണറുടെ 13.02.2019-ലെ 1368/ഡി.പി5/19/ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

2017-18 വർഷം മികച്ച പ്രവർത്തനം കാഴ്ച വച്ച ത്രിതലപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ത്രിതലപഞ്ചായത്തുകളെ 2017-18 വർഷത്തെ മികച്ച ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളായി തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

ഗ്രാമപഞ്ചായത്ത് - സംസ്ഥാനതലം

ഒന്നാം സ്ഥാനം: പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)

രണ്ടാം സ്ഥാനം: മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)

മൂന്നാം സ്ഥാനം: ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)

File No.LSGD-EM3/7/2019-LSGD

സംസ്ഥാനത്തിൽ മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ച പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും രണ്ടാം സ്ഥാനം ലഭിച്ച മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന് 2 0 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും മൂന്നാം സ്ഥാനം നേടിയ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് - ജില്ലാ തലം

ജില്ല	സ്ഥാനം	ഗ്രാമപഞ്ചായത്ത്
തിരുവനന്തപുരം	1	ചെമ്മരുതി ഗ്രാമപഞ്ചായത്ത്
	2	ആര്യങ്കോട് ഗ്രാമപഞ്ചായത്ത്
കൊല്ലം	1	ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
	2	പൂതക്കുളം ഗ്രാമപഞ്ചായത്ത്
ആലപ്പുഴ	1	വീയപുരം ഗ്രാമപഞ്ചായത്ത്
	2	കുമാരപുരം ഗ്രാമപഞ്ചായത്ത്
കോട്ടയം	1	അയ്മനം ഗ്രാമപഞ്ചായത്ത്
	2	വെളിയന്നൂർ ഗ്രാമപഞ്ചായത്ത്
ഇടുക്കി	1	നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്
	2	മണക്കാട് ഗ്രാമപഞ്ചായത്ത്
എറണാകുളം	1	മണീട് ഗ്രാമപഞ്ചായത്ത്
	2	പാമ്പാക്കുട ഗ്രാമപഞ്ചായത്ത്
തൃശ്ശൂർ	1	പുന്നയൂർകുളം ഗ്രാമപഞ്ചായത്ത്
	2	രണ്ടാം സ്ഥാനത്തിന് 2 ഗ്രാമപഞ്ചായത്തുകൾ അർഹരാണ്. 1. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 2. അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത്
പാലക്കാട്	1	തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്
	2	ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
മലപ്പുറം	1	പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
	2	മാറഞ്ചേരി ഗ്രാമപഞ്ചായത്ത്
കോഴിക്കോട്	1	പനങ്ങാട് ഗ്രാമപഞ്ചായത്ത്
	2	രണ്ടാം സ്ഥാനത്തിന് 2 ഗ്രാമപഞ്ചായത്തുകൾ അർഹരാണ്. 1. കാരശ്ശേരി ഗ്രാമപഞ്ചായത്ത് 2. പെരുമണ്ണ ഗ്രാമപഞ്ചായത്ത്

File No.LSGD-EM3/7/2019-LSGD

വയനാട്	1 2	എടവക ഗ്രാമപഞ്ചായത്ത് മീനങ്ങാടി ഗ്രാമപഞ്ചായത്ത്
കണ്ണൂർ	1 2	ചെമ്പിലോട് ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനത്തിന് 2 ഗ്രാമപഞ്ചായത്തുകൾ അർഹരാണ്. 1. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് 2. മയ്യിൽ ഗ്രാമപഞ്ചായത്ത്
കാസറഗോഡ്	1	ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലയിൽ ഒരു ഗ്രാമപഞ്ചായത്തും 50% മാർക്ക് കരസ്ഥമാക്കിയിട്ടില്ല. അതിനാൽ പത്തനംതിട്ട ജില്ലയിൽ ജില്ലാ തല അവാർഡ് നൽകുന്നില്ല.

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകളെ ജില്ലാ തലത്തിലുള്ള മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള പട്ടികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ജില്ലാ തലത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-86- (05) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് - സംസ്ഥാനതലം

ഒന്നാം സ്ഥാനം : നെടുമങ്ങാട് പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

രണ്ടാം സ്ഥാനം : പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല)

മൂന്നാം സ്ഥാനം : ളാലം ബ്ലോക്ക് പഞ്ചായത്ത് (കോട്ടയം ജില്ല)

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾ ക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-86- (04) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

File No.LSGD-EM3/7/2019-LSGD

ജില്ലാ പഞ്ചായത്ത്

ഒന്നാം സ്ഥാനം : തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

രണ്ടാം സ്ഥാനം : കൊല്ലം ജില്ലാ പഞ്ചായത്ത്

മൂന്നാം സ്ഥാനം : എറണാകുളം ജില്ലാ പഞ്ചായത്ത്

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-86- (03) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

മഹാത്മാപുരസ്കാരം

2017-18 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളെ മഹാത്മാപുരസ്കാരത്തിന് തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

സംസ്ഥാനതലം

സ്ഥാനക്രമം	ഗ്രാമപഞ്ചായത്ത്	ജില്ല
ഒന്നാം സ്ഥാനം	കൊടുമൺ	പത്തനംതിട്ട
രണ്ടാം സ്ഥാനം (രണ്ടു ഗ്രാമ പഞ്ചായത്തുകൾ അർഹരാണ്)	തുറയൂർ	കോഴിക്കോട്
	ബുധന്നൂർ	ആലപ്പുഴ

ജില്ലാതലം

ജില്ല	സ്ഥാനക്രമം	ഗ്രാമപഞ്ചായത്ത്
തിരുവനന്തപുരം	1	കള്ളിക്കാട്
	2	പള്ളിക്കൽ
കൊല്ലം	1	നെടുവത്തൂർ
	2	കുമ്മിൾ
പത്തനംതിട്ട	1	കൊടുമൺ
	2	ഏറാത്ത്

File No.LSGD-EM3/7/2019-LSGD

കോട്ടയം	1	അയ്മനം
	2	ഉദയനാപുരം
ആലപ്പുഴ	1	ബുധനൂർ
	2	വീയപുരം
എറണാകുളം	1	എടവനക്കാട്
	2	മുളന്തുരുത്തി
ഇടുക്കി	1	വട്ടവട
	2	ഇടുക്കി കഞ്ഞിക്കുഴി
തൃശ്ശൂർ	1	ഏങ്ങണ്ടിയൂർ
	2	നാട്ടിക
പാലക്കാട്	1	വിളയൂർ
	2	നാഗലശ്ശേരി
മലപ്പുറം	1	ആതവനാട്
	2	കൂട്ടിലങ്ങാടി
കോഴിക്കോട്	1	തുറയൂർ
	2	ചാത്തമംഗലം
വയനാട്	1	പൊഴുതന
	2	മീനങ്ങാടി
കണ്ണൂർ	1	ആറളം
	2	രണ്ടാം സ്ഥാനത്തിന് 2 ഗ്രാമപഞ്ചായത്തുകൾ അർഹരാണ്. 1. പന്ന്യന്നൂർ 2. കോളയാട്
കാസർഗോഡ്	1	പനത്തടി
	2	മംഗൽപാടി

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ കെ ജെ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

File No.LSGD-EM3/7/2019-LSGD

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ്

മിഷൻ ഡയറക്ടർ, MGNREGS

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീമിഷൻ

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് Prefab Design Technology ഉപയോഗിച്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നിർവ്വഹണ ഏജൻസിയായി FACT-RCF Building Products Ltd (FRBL)നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നം.468/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 01/03/2019

പരാമർശം :- (1) 19/12/2018-ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
(2) ജി.ഒ.(ആർ.ടി.) 190/2019/തസ്വഭവ. തീയതി 29.01.2019.
(3) നഗരകാര്യ ഡയറക്ടറുടെ 14.02.2019 ലെ ഡി.സി.2-18784/2017 നമ്പർ കത്ത്.

ഉത്തരവ്

2018-19-ലെ ബഡ്ജറ്റിൽ പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 15 കോടി രൂപ 2217-05-051-98(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു.. പരാമർശം(1)-ലെ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് Prefab Design Technology ഉപയോഗിച്ച് മുനിസിപ്പൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ടി നഗരസഭകൾക്ക് ഓരോന്നിനും 3 കോടി രൂപ വച്ച് ആകെ 12 കോടി രൂപയുടെ ഭരണാനുമതി നല്കി പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) Prefab Design Technology ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് തയ്യാറായ പ്രസ്തുത നഗരസഭകളിലെ ചെയർപേഴ്സൺ, സെക്രട്ടറി തുടങ്ങിയവർക്ക് FACT-RCF Building Products Ltd (FRBL) അമ്പലമേട്, കൊച്ചി എന്ന സ്ഥാപനത്തിൽ വച്ച് Prefab Design Technology പരിചയപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നത് സംബന്ധിച്ചും ഒരു പരിശീലനം നഗരകാര്യ വകുപ്പ് സംഘടിപ്പിച്ചിരുന്നു. Prefab Design Technology പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഡി.പി.ആർ.തയ്യാറാക്കി നൽകുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും FACT-RCF Building Products Ltd (FRBL) സമ്മതം അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലും, prefab സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തി ചെയ്യുന്ന മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളൊന്നും സംസ്ഥാനത്ത് നിലവിലില്ലാത്ത സാഹചര്യത്തിലും ടെണ്ടർ നടപടി കൂടാതെ "Prefab സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയതായി രൂപീകരിച്ച നഗരസഭകൾക്കുള്ള കെട്ടിട നിർമ്മാണം" എന്ന പദ്ധതിക്കായി തെരഞ്ഞെടുത്ത പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് FRBL-നെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള "പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് Prefab Design Technology ഉപയോഗിച്ച് ഓഫീസ് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയുടെ (ഒരു പൈലറ്റ് പ്രോജക്ട്) നിർവ്വഹണ ഏജൻസിയായി FACT-RCF Building Products Ltd (FRBL)-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ, പിറവം/ഏറ്റുമാനൂർ/വടക്കാഞ്ചേരി /ഹരിപ്പാട് നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പിറവം/ഏറ്റുമാനൂർ/വടക്കാഞ്ചേരി /ഹരിപ്പാട് നഗരസഭ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം- ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 500/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 02/03/2019

പരാമർശം:- ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ 23/02/2017 ലെ സ.ഉ(സാധാ)നം.787/17/ഡി.എം.ഡി നമ്പർ ഉത്തരവ്.

ഉത്തരവ്

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും താഴെ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയോടെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തുന്നതിനായി ചുവടെ സൂചിപ്പിക്കുന്ന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനം	31.03.2019 വരെ ചെലവഴിക്കാവുന്ന തുക	01.04.2019 മുതൽ 31.05.2019 വരെ ചെലവഴിക്കാവുന്ന തുക
ഗ്രാമപഞ്ചായത്തുകൾ	5.50 ലക്ഷം	11.00 ലക്ഷം
മുനിസിപ്പാലിറ്റികൾ	11.00 ലക്ഷം	16.50 ലക്ഷം
കോർപ്പറേഷൻ	16.50 ലക്ഷം	22.00 ലക്ഷം

3) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം ഉണനിലവാരം ഉറപ്പു വരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തേണ്ടതും. ചെലവഴിക്കുന്ന തുകയുടെ പൂർണ്ണ മൂല്യം ഉറപ്പ് വരുത്തേണ്ടതുമാണ്. നിലവിൽ ദുരന്ത നിവാരണ വകുപ്പ് മുഖേന സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടുപയോഗിച്ച് GPS ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്താവുന്നതാണ്.

4) ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മേൽനോട്ടം നടത്തുന്നതിനുള്ള സംവിധാനവും ജി.പി.എസ് ട്രാക്കിംഗിനുള്ള സംവിധാനവും കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്. ജി.പി.എസ് ലോഗ് പരിശോധിച്ച്

ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ വരുത്തിയ ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് ഇക വിനിയോഗിക്കേണ്ടതാണ്.

5) സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്കിടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് തദ്ദേശ വകുപ്പിന്റെ ജില്ലാതല മേധാവികൾ ഉറപ്പ് വരുത്തി ഓരോ രണ്ടാഴ്ചയിലും ഉപക്രമം സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6) കുടിവെള്ള വിതരണം സംബന്ധിച്ച് ദുരന്ത നിവാരണ വകുപ്പിന്റെ നിബന്ധനകൾ തദ്ദേശ സ്വയംഭരണ വകുപ്പ് മേധാവികൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ഡോ. മിത്രു.റ്റി .ഐ.എ എസ്
അഡീഷണൽ സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ത.സ്വ.ഭ.വ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /റവന്യൂ വകുപ്പ് / ധനകാര്യ വകുപ്പ് /കൃഷി വകുപ്പ്/പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ സെക്രട്ടറി(റൂറൽ) യുടെ സി.എ യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി 22750/18, 25784/18 & 42574/2018 എന്നീ റിട്ട് ഹർജികളിൽ 26.02.2019-ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.504/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 02.03.2019.

പരാമർശം: 1) 08.1.2010 ലെ 57850/ആർസി4/2008/തസ്വഭവ നമ്പർ പരിപത്രം
2) 25.10.2013 ലെ 71806/ആർസി2/2013/തസ്വഭവ നമ്പർ പരിപത്രം
3) 07.03.2018 ലെ 41/ആർസി2/2018/തസ്വഭവ നമ്പർ പരിപത്രം.
4) 22750/18, 25784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച പൊതു ഉത്തരവുകൾ.
5) 06.10.2018 ലെ ആർസി2/41/2018/ത.സ്വ.ഭ.വ നമ്പർ പരിപത്രം
6) 22750/18, 25784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.
7) 26.10.2018 ലെ സ.ഉ(സാധാ)നം.2733/2018/തസ്വഭവ
8) 22750/18, 25784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 15.01.2019 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.
9) 21.01.2019-ലെ സ.ഉ.(സാധാ)നം.113/2019/തസ്വഭവ.
10) 22750/18, 25784/18, 42574/2018 എന്നീ റിട്ട് ഹർജികളിൽ 26.02.2019-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പൊതു ഉത്തരവ്.

ഉത്തരവ്

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ സ്ഥാപിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് നിയന്ത്രിക്കുന്നതിനായി പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ സ്ഥാപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ എടുത്തുമാറ്റാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയും പരാമർശം (1), (2), (3) പ്രകാരം സർക്കാർ പരിപത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2. പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയാൻ നിർദ്ദേശിച്ച് ബഹു. ഹൈക്കോടതി പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ട് പരസ്യ ബോർഡുകൾ/ബാനറുകൾ/

ഹോർഡിങ്ങുകൾ/കൊടികൾ സ്ഥാപിക്കുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ സമയബന്ധിതമായി എടുത്തുമാറ്റാൻ കർശന നിർദ്ദേശം നൽകിയും കോടതിവിധി കർശനമായി പാലിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയും പരാമർശം (5) പ്രകാരവും പരിപത്രം പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (8) ലെ ബഹു.ഹൈക്കോടതി ഉത്തരവിലുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പരാമർശം (5) ലെ പരിപത്രത്തിൽ പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും കൊടികളും ഏഴ ദിവസത്തിനുള്ളിൽ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/ കൊടികൾ നീക്കം ചെയ്യുന്നതിലെ പുരോഗതി വിലയിരുത്താൻ പഞ്ചായത്ത് ഡയറക്ടറേറ്റിലെയും നഗരകാര്യ ഡയറക്ടറേറ്റിലെയും നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. ബഹു. ഹൈക്കോടതി 22750, 25784, 42574/2018 എന്നീ റിട്ട് പെറ്റിഷനുകളിൽ 26.02.2019-ൽ പുറപ്പെടുവിച്ച പൊതു ഉത്തരവിൽ അനധികൃത പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്നതിന് ആവർത്തിച്ച് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ അഞ്ചോളം ഉത്തരവുകൾ/ സർക്കുലറുകൾ പുറപ്പെടുവിക്കുകയും ബഹു. ഹൈക്കോടതി നിരവധി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും അനധികൃത ബോർഡുകൾ വീണ്ടും അനിയന്ത്രിതമായി വർദ്ധിച്ചതായി വിലയിരുത്തുകയുണ്ടായി. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ്/പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിമാർ 10 ദിവസത്തിനുള്ളിൽ നീക്കം ചെയ്യാനും അപ്രകാരം നീക്കം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ജില്ലാ കളക്ടർമാർ പരിശോധിക്കുവാനും അനധികൃതമായിട്ടുള്ളവയെ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി/ഫീൽഡ് സ്റ്റാഫ് എന്നിവരെ സ്വയം ഉത്തരവാദികളാക്കാനും അവർക്കെതിരെ നടപടിയെടുക്കാനും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ, എല്ലാ ജില്ലകളിലെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടർമാരെയും അനധികൃത പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/ കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി നോഡൽ ഓഫീസർമാരായി നിയമിക്കാനും കോടതി ഉത്തരവായിട്ടുണ്ട്.

5. പരാമർശം (10) ലെ കോടതി ഉത്തരവ് പാലിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ/സർക്കുലറുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ്/പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ കോടതി ഉത്തരവിലുള്ള സമയനിബന്ധന പാലിച്ച് നീക്കം ചെയ്യേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എല്ലാ ജില്ലകളിലെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടർമാരെയും അനധികൃത ബോർഡുകൾ/ബാനറുകൾ/ ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള

നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പൊതുജനങ്ങൾക്ക് പരാതി ബോധിപ്പിക്കുന്നതിലേയ്ക്ക് നോഡൽ ഓഫീസർമാർ ഈ വിവരവും അവരുടെ ഫോൺ നമ്പരും ഇ-മെയിൽ വിലാസവും വാട്ട്സ് ആപ്പ് നമ്പരും ഈ ഉത്തരവ് തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട കോടതി ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ, പരിപത്രങ്ങൾ എന്നിവ പാലിക്കപ്പെടുന്നുയെന്നതിനായി നോഡൽ ഓഫീസർമാർ മേൽനോട്ടം വഹിക്കേണ്ടതാണ്. കോടതിവിധി പാലിച്ച് അനധികൃത ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്നതിൽ കൈവരിക്കുന്ന പുരോഗതി നോഡൽ ഓഫീസർമാർ ദിവസേന വിലയിരുത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് ഇക്കാര്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി കോടതി നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ അനധികൃത ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കേണ്ടതാണ്.

6. മേൽപ്രകാരമുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. മിത്ര ടി.
സെക്രട്ടറി-എൽ.എസ്.ജി.ആർബൻ ഇൻ ചാർജ്ജ്

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം).
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി (ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് പോലീസ് ചീഫ്, കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാകളക്ടർമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/87/2019/തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 08.03.2019

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മറ്റ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സാധനങ്ങൾ പർച്ചേയ്സ് ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടെ പേരിലുള്ള രജിസ്ട്രേഷൻ തന്നെ ഉപയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന:-1. ധനകാര്യ വകുപ്പിന്റെ 22/10/2018ലെ സ.ഉ.(അച്ചടി) നം 162/2018/ധന നമ്പർ ഉത്തരവ്

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 01/11/2017ലെ സ.ഉ.(അച്ചടി) നം 87/2017/തസ്വഭവ നമ്പർ ഉത്തരവ്

3. വനിതാ-ശിശു വികസന വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും സ്പെഷ്യൽ സെക്രട്ടറിയുടെ 01/3/19ലെ 48/S Secy/19/SJ/WCD/69 നമ്പർ കുറിപ്പ്

വനിതാ-ശിശു വികസന വകുപ്പിലെ സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാധനങ്ങൾ പർച്ചെയ്സ് ചെയ്യുമ്പോൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉപയോഗിക്കുന്നതിന് തടസ്സവാദം ഉന്നയിക്കുകയും വ്യക്തിഗത GST രജിസ്ട്രേഷൻ എടുത്തു പദ്ധതി നിർവ്വഹണം പൂർത്തിയാക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന ഭാരവാഹികൾ നിർബന്ധം പിടിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ഇത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

GST ചട്ടം 25-ാം വകുപ്പ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിയുടെ പേരിൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിനാൽ മറ്റ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാധനങ്ങൾ പർച്ചേയ്സ് ചെയ്യുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടെ GSTIN ലേക്ക് തന്നെ ഉക

ഒടുക്കാവുന്നതാണ്. ഇതിനായി ടി ഉദ്യാഗസ്ഥർ വ്യക്തിഗത GST രജിസ്ട്രേഷൻ എടുക്കേണ്ടതില്ല. മേൽ നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സ്പെഷ്യൽ സെക്രട്ടറി, വനിതാ-ശിശു വികസന വകുപ്പ് & സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-
ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഒഫീസർ

3. ജനപ്രതിനിധികൾ/ മീറ്റിങ്ങുകൾ

അനുബന്ധം -1

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ *അംഗം/കൗൺസിലർ, മേയർ/ഡെപ്യൂട്ടി മേയർ, ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴസൺ, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലുള്ള ആകസ്മിക ഒഴിവ് സംബന്ധിച്ച വിവരം

1. ജില്ലയുടെ പേര് :
2. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും :
3. *നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും :
4. അംഗം/കൗൺസിലർ/ ഔദ്യോഗിക സ്ഥാനം വഹിച്ച ആളിന്റെ പേരും ആകസ്മിക ഒഴിവ് ഉണ്ടായ തീയതിയും :
5. ഒഴിവ് ഉണ്ടാകാനുള്ള കാരണം :
6. *നിയോജകമണ്ഡലം/വാർഡ് അല്ലെങ്കിൽ മേയർ/പ്രസിഡന്റ്/ചെയർപേഴ്സൺ സ്ഥാനം സംവരണം ചെയ്യപ്പെട്ടതാണോ? സംവരണം ചെയ്യപ്പെട്ടതാണെങ്കിൽ വിശദവിവരം :
7. അംഗത്തിന്റെ കാര്യത്തിൽ ടിയാൾ ഏത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായിരുന്നു എന്ന വിവരം :
8. രാജി സംബന്ധിച്ച വിവരങ്ങൾ :
   i. രാജി രേഖാമൂലമാണോ? :
   ii. രാജി ആർക്കാണ് സമർപ്പിച്ചിരിക്കുന്നത്? :
   iii. സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിലാണോ രാജിക്കത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്? :
   iv. രാജി എന്നാണ് സമർപ്പിച്ചത്? :
   v. രജിസ്റ്റേർഡ് തപാലിലാണോ ലഭിച്ചത്? എങ്കിൽ രാജിക്കത്ത് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ? :
   vi. രാജി സ്വീകരിച്ചോ, അതോ നിരസിച്ചോ? :
   vii. രാജി കൈപ്പറ്റിയ സമയവും തീയതിയും :
   viii. ബന്ധപ്പെട്ട വ്യക്തിക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ടോ? :

2

ix. നിയമാനുസൃതം നിർണ്ണയിക്കപ്പെട്ട ഫാറത്തിലാണോ രാജി സമർപ്പിച്ചിട്ടുള്ളത്? :

x. രാജി ലഭിച്ച വിവരവും അത് പ്രാബല്യത്തിൽ വന്ന വിവരവും അതതു ദിവസ് തന്നെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചിട്ടുണ്ടോ? :

xi. രാജി സമർപ്പിച്ചതിനുള്ള കാരണം :

*മേയർ/ചെയർപേഴ്സൺ/പ്രസിഡന്റിന്റെ ഒപ്പ്

.....ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സെക്രട്ടറിയുടെ ഒപ്പ്

.....ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം:

തീയതി:

*മുകളിൽ കൊടിത്തിട്ടുള്ള വിവരങ്ങളിൽ നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും സംവരണം സംബന്ധിച്ച വിവരങ്ങൾ എന്നിവ നിയോജകമണ്ഡലത്തിന്റെ ഏറ്റവും പുതിയ അതിർത്തി നിർണ്ണയ ഉത്തരവ് പ്രകാരം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സെക്രട്ടറിയുടെ പേരും ഒപ്പും

.....

ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

ഓഫീസ് സീൽ:

*ബാധകമല്ലാത്ത് വെട്ടിക്കളയുക

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ഇടുക്കി ജില്ല-തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡിപിസി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീയും യാത്രാബത്തയും അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്

സ.ഉ.(സാധാ) നം.1953/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/07/2018

പരാമർശം:- 1 മലപ്പുറം ജില്ലാ പ്ലാനിംഗ് കമ്മിറ്റി മെമ്പറായ ശ്രീ. എ.കെ.അബ്ദുൾ റഹിമാന്റെ 20.04.2018-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 23/05/18 ലെ പ്രത്യേക വിഷയങ്ങളിലെ തിരുമാനം നമ്പർ 3.9

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 27/06/18 ലെ തിരുമാനം നമ്പർ 3.9

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡിപിസി യോഗങ്ങളിലും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുത്തതിന്റെ ടിഎയും സിറ്റിംഗ് അലവൻസും ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്നു തന്നെ (ജില്ലാ പ്ലാനിംഗ് ഓഫീസ്) നൽകണമെന്ന് പരാമർശ കത്ത് പ്രകാരം മലപ്പുറം ജില്ലാ പ്ലാനിംഗ് കമ്മിറ്റി മെമ്പറായ ശ്രീ. എ.കെ.അബ്ദുൾ റഹിമാൻ അഭ്യർത്ഥിച്ചിരുന്നു.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 2,3 ന്റെ അടിസ്ഥാനത്തിൽതദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡിപിസി യോഗങ്ങളിലും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുമ്പോൾ ഒരു യോഗത്തിൽ പങ്കെടുക്കുന്നതിന് 400 രൂപ സിറ്റിംഗ് ഫീയും യാത്രാബത്തയായി 600/- രൂപയും ചേർത്ത് ആകെ 1000 (ആയിരം) രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്കുള്ള അലവൻസ് എന്ന വിഹിതത്തിൽ നിന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുവദിക്കേണ്ടതാണ്. അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈനിധിയും അലവൻസ് നൽകേണ്ടതില്ലായെന്നും ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനിക്കും ഇതേ നിരക്കിൽ സിറ്റിംഗ് ഫീയും അലവൻസും നൽകണമെന്ന് നിർദ്ദേശിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LSGD-DB3/144/2018-LSGD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും ഡി.പി.സി. സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുന്നതിന് നൽകുന്ന സിറ്റിംഗ് ഫീയും, യാത്രാ ബത്തയും കിലയിൽ നിന്ന് നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്

സ.ഉ.(സാധാ) നം.3037/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/11/2018

പരാമർശം:- 1 18/07/2018 ലെ സ.ഉ(സാധാ)1953/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31/10/18ലെ പൊതു വിഷയങ്ങളിലെ തീരുമാനം നമ്പർ 3.9.

ഉത്തരവ്

ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുമ്പോൾ 400/- രൂപ സിറ്റിംഗ് ഫീയും, യാത്രബത്തയായി 600/- രൂപയും ചേർത്ത് ആകെ 1000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകിയും ടി ഇക ഡി.പി.സി. അംഗങ്ങൾക്കുള്ള അലവൻസ് വിഹിതത്തിൽ നിന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുവദിക്കുന്നതിന് നിർദ്ദേശിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ച ഇക ഈ വർഷത്തേയ്ക്ക് മാത്രമായി കിലയിൽ നിന്ന് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസർ, യോഗങ്ങളുടെ രേഖകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് കിലയിൽ നിന്നും ഡി.പി.സി. അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും നൽകേണ്ടതാണ്.അടുത്ത വർഷം മുതൽ ഈ ഇക ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ നിന്നും അനുവദിക്കുന്നതിനായി, പ്രത്യേകം ഇക വകയിരുത്തുന്നതിന് ആവശ്യമായ തുടർനടപടി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. 'ഡിവിഷൻ ചീഫ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

എല്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

ഡയറക്ടർ, കില, തൃശ്ശൂർ

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

(2.....

File No.LSGD-DB3/144/2018-LSGD

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ആസൂത്രണ–സാമ്പത്തികകാര്യ വകപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തർവിൻ പ്രകാരം
Signature valid
Digitally signed by SHIJU P PAUL
Date: 2018.[illegible] 10:44:11 IST
Reason: Approved
സെക്ഷൻ ഓഫീസർ

File No.LSGD-DA1/893/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതി അംഗങ്ങൾക്ക് യാത്രപ്പടി തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ(ഡി.എ.)വകുപ്പ്

സ.ഉ.(സാധാ) നം.23/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/01/2019

പരാമർശം:- 1 ശ്രീ.സി.ശാന്തകുമാരൻ നായരുടെ തിയതി വയ്ക്കാത്ത കത്ത്

2 ശ്രീ.പി.എസ്.സതീഷ് കുമാറിന്റെ 21.05.18 ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.06.17 ലെ 2.17 നമ്പർ തീരുമാനവും 30.11.18 ലെ 4.6 നമ്പർ തീരുമാനവും

ഉത്തരവ്

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതി അംഗങ്ങൾക്ക് അർഹമായ യാത്രപ്പടി (റ്റി.എ.) തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇവർക്കുള്ള തിരിച്ചറിയൽ കാർഡ് ജില്ലാ പ് ളാനിംഗ് ഓഫീസർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

File No.LSGD-DA1/893/2018-LSGD

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ